# Creative Sparks

## LITTLE KITES DIGITAL MAGAZINE

## C.M.C GIRLS H. S ELATHUR



# CREATIVE SPARKS




EDITORIAL BOARD

## STUDENT EDITOR

*HAIBA MEHAJABIN. M*

## SUB EDITOR

*SNEHA AJITH*

## EDITORS

*PUNNYA VIJAYAN*
*NANDHANA*
*FATHIMA HANNA SIDDIQUE*
*BHADRA T.P*
*SUNAINA USMANKOYA*
*ALKA SIMPLE*
*AYISHA NADIYA*
*FAHEEMA P.K*
*POOJA. M*
*NITHYA. K*

# സി .എം .സി ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് ക്ലബ് തയ്യാറാക്കിയ




## " CREATIVE SPARKS "ലേക്ക്

## സ്വാഗതം

# എഡിറ്റോറിയൽ



വിവരസാങ്കേതിക വിദ്യയുടെ അനന്ദവിഹായസ്സിലേക്ക് പറക്കാൻ കുഞ്ഞുചിറകൾക്ക് കരുത്ത് പകർന്നുകൊണ്ട്, എലത്തൂരിന്റെ വിദ്യാഭ്യാസസഭയിൽ എന്നും തങ്കനക്ഷത്രമായി പരിലസിക്കുന്ന സി. എം. സി ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ കൂട്ടായ പ്രവർത്തന ഫലമാണ് CREATIVE SPARKS എന്ന ഡിജിറ്റൽ മാഗസിൻ . സാങ്കേതികവിദ്യയുടെ വിസ്മയലോകത്തിലേക്ക്..

അനന്തമായ സാധ്യതകളുടെ  അപാരതകളിലെക്ക്....

കുരുന്നു പ്രതിഭകളെ കൈപിടിച്ച് നയിക്കുന്ന വലിയ സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്. വിജ്ഞാനത്തിന്റെ അനന്തമേഖലയിലേക്ക് യഥേഷ്ടം കടന്നു ചെല്ലാനും തന്റെ സർവസൃഷ്ടികളെ ലോകത്തിന്റെ വിവിധകോണുകളിലേക്ക് എത്തിക്കാനും ഇ-വായനയ്ക്ക് സാധ്യമാകുന്ന ഈ കാലഘട്ടത്തിൽ, CREATIVE SPARKS നിങ്ങളുടെ സമക്ഷം വിനീതമായി സമർപ്പിക്കട്ടെ.

ശാസ്ത്രത്തിന്റെയും, സാങ്കേതിക വിദ്യയുടേയും വികാസം ഒരിക്കലും അവസാനിക്കുന്നില്ല. പുതിയ നേട്ടങ്ങൾക്ക് കാതോർത്ത് സഞ്ചരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കാൻ ഇത്തരം പ്രവർത്തങ്ങൾക്ക് കഴിയും എന്ന വിശ്വാസത്തോടെ....

സ്നേഹത്തോടെ

എഡിറ്റർ

# INDEX

MESSAGE.......................................................7
LITTLE KITES TEAM.........................................11
ആമുഖം.............................................................15
LITTLE KITES REPORT 2019-2O...............................16
SCHOOL REPORT 2019-20.........................................18
സി.എം.സി സ്കൂളിലെ പ്രവർത്തനങ്ങളിലൂടെ........................20
HAND OF GOD..........................................................21
ഹൃദയവേദന.......................................................22
നമ്മുടെ മലയാളനാട്.........................................26
അവധിക്കാലം....................................................27
എനിക്കുണ്ട്.... അരികിലൊരാൾ...!..............................28
ചെന്നായയും കുറുക്കനും......................................31
അധ്വാനമാണ് സമ്പത്ത്.......................................32
ആട്ട ജീവിതം.......................................................34
കുറുക്കന്റെയും കൊക്കിന്റെയും പൊന്നോണം..................36
പ്രകൃതിതൻ വരദാനം.........................................37
NATURE'S CRY............................................38

മരംകൊത്തിക്കുട്ടാ........................................39

മഴ..........................................................40

സ്ത്രീ........................................................41

അച്ഛന്റെ ദുഃഖങ്ങൾ............................................42

സ്വപ്ന സാഫല്യം..............................................43

ഒരു ഓണക്കാലം.............................................44

THE LION AND THE FOX......................................45

ശിശിരകാലം..................................................46

നെല്ലിക്ക.......................................................47

A Child's Thought of God..............................48

POLLUTION.............................................49

LIFE IS..!.............................................50

मन .........................................................51

അമ്മ........................................................52

മറക്കാൻ പറ്റാത്ത ദിനങ്ങൾ..................................53

പ്രത്യാശയോടെ...............................................56

പ്രകൃതി ഭംഗി..................................................58

C.M.C SCHOOL STAFF.............................59

CLASS PHOTOS.........................................60
നമ്മുടെ ചാച്ചാജി.................................................70
ESSAY ABOUT LIBRARY...........................71
INDIAN EDUCATION SYSTEM..................73
CONSTITUTION OF INDIA........................76
ARABIC CALLIGRAPHY............................77
അമ്മുകുട്ടി..........................................................79
ഇരുട്ടണഞ്ഞ ജീവിതത്തിൽ പ്രകാശം കയറിയപ്പോൾ.........82
കഥകളി..............................................................85
തെരുവ് വിളക്ക് .................................................87
പൊന്നരഞ്ഞാണം...............................................89
വായനയുടെ ലോകം............................................91
സ്വപ്ന ശലഭം.......................................................93
CREATIVE CORNER................................94
ചിത്രകല അധ്യാപകന്റെ വർണ കാഴ്ചകളിലൂടെ...............96
എന്റെ പ്രിയപ്പെട്ട കാഥികൻ.....................................99
SOLITUDE...............................................101
ജീവൽസ്പന്ദനം................................................102
എന്റെ ഭാഷ എന്റെ അഭിമാനം...............................104
കാർഷിക ജൈവവൈവിധ്യവും കാലാവസ്ഥ...................

വ്യതിയാനവും..................................................106

തിരിച്ചറിവ്....................................................113

MALALA'S QUOTES.................................114

ഒരു കർഷക കുടുംബം..........................................117

സൈക്കിൾ ...................................................118

ഓർമ്മതൻ താളിലെ നിധി ...................................119

അഭിമാനപൂർവ്വം..............................................121

എന്റെ കോരപ്പുഴ.............................................122

ഒരു കൊച്ചു ഗ്രാമം...........................................123

വീണ്ടും വസന്തം ...............................................124

വെളിച്ചം തേടുന്ന ഒരാൾ.......................................125

വവ്വാലിന്റെ വിധി...............................................126

രാജകുമാരിയും കള്ളനും.......................................127

NCC (NATIONAL CADET CORPS)...........128

JRC (JUNIOR RED CROSS)......................130

SCOUTS AND GUIDES...............................132

तं नाममयहम्.....................................................133

TIME AND TIDE WAIT FOR NONE.........134

136 ............ قريته
मम सधि............137
ഉറുദു ഭാരതാംബയുടെ ആത്മാവ്............138
പുഴ എന്നോട് പറയുന്നു............144
ज़िन्दगी............145
TURN TO ALLAH............146
सूर्योदयं ............147
मूर्ख : शशक :............148
കാട്ടുതീ............149
സന്ധ്യ............150
നിഴൽ............151
സ്കൂൾ പ്രവർത്തനങ്ങൾ............152
MATHS QUIZ QUESTIONS............159
BRAIN TEASER............160
നന്ദി............162

# *MESSAGE*




അഴകുള്ള പദങ്ങളെ ചേലിൽ വിളക്കി താളത്തോടെ അടുക്കി  വെച്ച പൂമ്പാറ്റകളെ പോലെ പാറി നടക്കുന്ന പിഞ്ചുമക്കളാൽ ഇത്രെയും ചെയ്യാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം. ഒന്നിച്ച് നിന്നാൽ അജയ്യരാകുമെന്ന് കാണിച്ചു തന്ന സി .എം .സി ഗേൾസ്  ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

***GEETHA.P***
***HEAD MISTRESS***

**ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ *'CREATIVE SPARKS'* എന്ന മാഗസിൻ പ്രകാശനം ചെയ്യുന്നതിൽ സന്തോഷമുണ്ട്. കുട്ടികൾ തന്നെ സ്വന്തമായി തയ്യാറാക്കിയ ഈ മാഗസിൻ ഏവർക്കും കരുത്തും പ്രചോദനവുമായിത്തീരട്ടെ എന്നാശംസിക്കുന്നു .ഇതിന്റെ വിജയത്തിനു വേണ്ടി അരങ്ങിലും അണിയറയിലും പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.**



***LITTLE KITE MISTRESS***

***SMITHA.M***

***പഠനവും ഇതരപ്രവർത്തനങ്ങളും തമ്മിലുള്ള അനുപാതം നിലനിൽക്കുന്ന ഒരു അന്തരീക്ഷം ഉണ്ടാക്കുക എന്നതാണ് ഒരു വിദ്യാലയത്തിന്റെ ആർജ്ജവം. ഇത്രയും***

**യാഥാർഥ്യബോധത്തോടെ സ്വയമുത്തരവാദിത്ത്വങ്ങൾ തിരിച്ചറിഞ്ഞ എന്റെ വിദ്യാർത്ഥികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു .**



***LITTLE KITE MISTRESS***
***SHIRLY K.P***

***ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ ഹൈസ്കൂളുകളിലും ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നത് ഏറെ പ്രതീക്ഷ പകരുന്ന വാർത്തയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായാണ് മുഴുവനായും വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ഒരു ഡിജിറ്റൽ ഉൽപന്നം തയ്യാറാക്കുന്ന ഈ പ്രവർത്തനം .***

**ഇതോടൊപ്പം നൂതനമായ നൈപുണികളുള്ള ഒരുപറ്റം കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിൽ വളർന്നു വരുന്നു എന്ന വസ്തുതയും ആശാവഹമാണ്. പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഈ ഉത്പന്നം തയ്യാറാക്കിയിരിക്കുന്നത് എന്നത് ഒരു വലിയ പ്രതിരോധത്തിന്റെ വഴിയും തുറന്നു തരുന്നു. വരാനിരിക്കുന്ന വസന്തത്തിന്റെ തുടക്കമാവട്ടെ ഇതെന്ന് ആശംസിക്കുന്നു .**



***SCHOOL IT COORDINATOR***
***VIBHOODI KRISHNAN***

# LITTLE KITES TEAM



# Little kites editorial board



# ആമുഖം

*സാങ്കേതികതയുടെ ലോകത്തേക്ക് ഞങ്ങളെ കൈപിടിച്ചുയർത്തിയത് LITTLE KITES ഐ . സി . ടി കൂട്ടായ്മയാണ്. നാം ഇന്ന് ജീവിക്കുന്ന ലോകത്തെ ഒരു വിരൽത്തുമ്പ് കൊണ്ട് മാറ്റിമറിക്കാൻ സാധിക്കും എന്ന് മനസിലാക്കി തന്നത് ലിറ്റിൽ കൈറ്റ് ആണ്.*

*ലിറ്റിൽകൈറ്റിന്റെ അംഗങ്ങളും മറ്റ വിദ്യാർത്ഥികളും പ്രയത്നിച്ചതിന്റെ ഫലമായാണ് ഇങ്ങനെയൊരു MAGAZINE തയാറാക്കാൻ സാധിച്ചത്. 'CREATIVE SPARKS' എന്ന് പേര് നൽകിയാണ് ഈ E- MAGAZINE ഞങ്ങൾ നിങ്ങൾക് മുന്നിലേക്ക് പരിചയപ്പെടുത്തുന്നത്. ഞങ്ങളുടെ സ്കൂളിൽ നടന്ന എല്ലാ ആഘോഷങ്ങളും , നേട്ടങ്ങളും , ഞങ്ങളുടെ കലാസൃഷ്ടികളും MAGAZINE-ലൂടെ വായനക്കാരെ കൗതുകത്തിന്റെ മറ്റൊരു ലോകത്തേക്ക് കൈപിടിച്ചുയർത്തുമെന്നുകരുതുന്നു .*

കുട്ടികളുടെ സർവ്വതോന്മുഖമായ വികസനമാണ് വിദ്യാഭാസത്തിന്റെ ലക്ഷ്യം. അവരുടെ അമൂല്യമായ രചനശേഷി കൂടുതൽ മികവുറ്റതാക്കാൻ ,ചിപ്പിക്കുള്ളിൽ മറഞ്ഞിരിക്കുന്ന മുത്തുപോലെ മനസിനുള്ളിൽ മറച്ചുവെച്ച കഴിവുകളെ മറനീക്കി പുറത്തേക്ക് കൊണ്ട് വരാൻ ***'CREATIVE SPARKS'*** നിങ്ങൾക്ക് പ്രചോദനമാകട്ടെ .

# LITTLE KITES REPORT 2018-19

**The little kite team began in our school in the year 2018-19. present year is the second year of little kite, 2019-20 .We the student's were led by the kite mistresses smitha ma'am shirly ma'am along with contribution of school IT coordinator vibhoothi master.By the training given by the little kite team, student's became able to step forward in the field of animation , programing and malayalam typing .**

**At the beginning an expert class were taken by Sreejith Master and after which the school level camp was held in our school and was led by Suresh Babu Master.**

**School little kite camp was held on 23 october 2019 under the leadership of Sreejith master at G.M.H.S.S .It was really intesting camp,and helped student's to get**

**more knowledge in blender, krita,MIT app inventer and many other softwares.**

**Each and every programmes are held in our school are shooted on the school camera and report are made in each of them.**

**P.T.A meeting were held giving parents knowledge on softwares useful for the students which was led by the help of school I.T coordinator Vibhoothi master.**

*Now we are engaged to prepare our school's digital magazine.....*



# SCHOOL REPORT 2019-20

*2019 സി.എം.സി ഗേൾസ് ഹൈസ്കൂളിനെ സംബന്ധിച്ചിടത്തോളം മികവിന്റെ വർഷമായിരുന്നു. പരിസ്ഥിതി ദിനാചരണം, കലോത്സവം , ശാസ്ത്രമേള , ഫുഡ് ഫെസ്റ്റ്, തുടങ്ങി ഒട്ടനേകം പ്രവർത്തനങ്ങൾ നടത്താൻ ഞങ്ങൾക്ക് സാധിച്ചു. ജൂൺ മാസാരംഭം മുതൽ ഞങ്ങളുടെ പ്രവർത്തനം വളരെ നല്ല രീതിയിൽ തന്നെ നടന്നുവന്നു. SSLC പബ്ലിക് പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കലായിരുന്നു ഈ അധ്യയന വർഷത്തെ ആദ്യത്തെ പ്രവർത്തനം. അതോടൊപ്പം വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനവും നടന്നു. 2018 ലെ  പോലെ 2019 ലും നമുക്ക് പ്രളയത്തെ നേരിടേണ്ടി വന്നു . എങ്കിലും നാം ഒറ്റക്കെട്ടായി അതിനെ നേരിട്ടു. പ്രളയ ബാധിതർക്കുള്ള ദുരിതാശ്വാസ പ്രവർത്തനഞ്ഞങ്ങളിൽ ഞങ്ങൾ സജീവമായിരുന്നു .*

*സ്വാതന്ത്ര്യദിനാഘോഷവും ഓണാഘോഷവും മിതമായരീതിയിൽ തന്നെ നടന്നു . ഡിജിറ്റൽ പൂക്കളം ഉണ്ടാക്കുകയും SCHOOL BLOG-ൽ അപ്ലോഡ് ചെയ്യുകയും ചെയ്തു . മൂന്ന് ദിവസങ്ങളിലായി സ്കൂൾ കലോത്സവം നടന്നു . വാശിയേറിയ മത്സരങ്ങളിൽ എല്ലാ വിദ്യാർത്ഥികളും സജീവമായിരുന്നു . പിന്നീട് സബ്ജില്ല,ജില്ലാ കലോത്സവങ്ങളിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകി . പതിവ് പോലെ മൂന്നാം വർഷവും കാസർകോടിന്റെ മണ്ണിൽ നമ്മുടെ സ്കൂളിന്റെ പേര്*

*ഉറക്കെ വിളിച്ച പറഞ്ഞ് കൊണ്ട് ഓട്ടൻതുള്ളൽ HS വിഭാഗത്തിൽ വിഷ്ണുപ്രിയ ഒന്നാം സ്ഥാനം കരസ്ഥമാക്കി .*

*ഇത്തവണത്തെ ശാസ്ത്രമേള ഞങ്ങളുടെ സ്കൂളിൽ വെച്ചായിരുന്നു നടന്നത് .ബാലശാസ്ത്ര കോൺഗ്രസിന്റെ പ്രോജക്ടിന് സ്മിത ടീച്ചറുടെ ആഭിമുഖ്യത്തിൽ കണ്ടൽ കാടുകളെ പറ്റി ഒരു പഠനം നടത്തി .'പ്രതിഭയോടൊപ്പം ' എന്ന പ്രവർത്തനത്തിന്റെ ഭാഗമായി ഞങ്ങൾ ISRO retired scientist E.K Kutty സർ നെയും കാർഷിക മേഖലയിൽ മികവ് തെളിയിച്ച റഊഹ് സാറിനെയും ചിത്രകലാകാരനായ രാഘവൻ മാഷിനെയും ആദരിച്ചു.സ്കൂളിലെ എല്ലാ കുട്ടികളെയും പോലെ ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്കും പരിഗണന നൽകുവാൻ ഭിന്നശേഷി ദിനാചരണം നടത്തി . ലഹരി വിമുക്ത ദിനവുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ പുതിയ പദ്ധതിയായ 'വിമുക്തി 'യുടെ ഭാഗമായി ലഹരി വിമുക്ത പ്രതിജ്ഞ എടുക്കുകയുണ്ടായി .സ്കൂൾ പി ടി എ യുടെ ആഭിമുഖ്യത്തിൽ സ്കൂളും പരിസരവും വൃത്തിയാക്കുകയുണ്ടായി .രക്ഷിതാക്കൾക് ഐ .സി. ടി പരിശീലനം നൽകി .*

***ഈ അധ്യയന വർഷത്തിൽ ഞങ്ങളുടെ മാസ്റ്റർ പ്ലാൻ വളരെ നല്ല രീതിയിൽ നടപ്പിലാക്കാൻ ഞങ്ങൾക് സാധിച്ചു എന്നത് തീർച്ച !***

# സി.എം.സി സ്കൂളിലെ പ്രവർത്തനങ്ങളിലൂടെ...

- ലിറ്റിൽ കൈറ്റ്സ്
- എൻ .സി .സി
- ജെ .ആർ .സി
- സ്കൗട്ട് & ഗൈഡ്സ്
- തണൽ പാലിയേറ്റിവ് യൂണിറ്റ്
- നവപ്രഭ (ഹൈസ്കൂൾവിഭാഗം )
- സ്പോക്കൺ ഇംഗ്ലീഷ്
- ജൈവ പച്ചക്കറിക്കൃഷി
- ഔഷധത്തോട്ടം
- മികച്ച ലൈബ്രറി
- മികച്ച സയൻസ് ലാബ്
- തയ്യൽ പരിശീലനം
- ക്രാഫ്റ്റ് ഉൽപ്പന്നങ്ങളുടെ പ്രവർത്തനം
- വോളിബോൾ കോച്ചിങ്
- ഓർമ്മച്ചെപ്പ് 'പൂർവ വിദ്യാർത്ഥി സംഘടന

# HAND OF GOD



*I born in the hands of nature*

*I sleep in the lap of trees*

*I drink the honey of flowers*

*I play in the shallow breeze*

*I'm the queen of insects*

*My wings are like rainbows*

*At first others tease me*

*Me, an 'ugly worm'*

*And now they put jealous*

*Thank god....*

*For the wonderful creation*

*And make my life beautiful.....*

*SUNAINA USMAN KOYA*

*9th D*

# ഹൃദയവേദന

ഒരു കൊച്ചുഗ്രാമം, അതിസുന്ദരമായി പച്ചപ്പുതച്ച്നിൽക്കുന്ന കുന്നുകൾ, വിളഞ്ഞ് നിൽക്കുന്ന നെൽപാടം, തോട്ടുകൾ എന്നിങ്ങനെ എല്ലാം കൊണ്ടും വളരെ മനോഹരമായ ഗ്രാമം.



ആ ഗ്രാമത്തിൽ ഒരു കൊച്ചു വീട്ടിലാണ് സുമേഷും തന്റെ ഭാര്യ രേഷ്മയും മക്കൾ കൃഷ്ണയും , തുളസിയും .തുളസിക്ക് വെറും 5 വയസ്സ് പ്രായമാണ്. കൃഷ്ണക്ക് 9 വയസ്സും . ഈരണ്ട് കുട്ടികൾ ഗ്രാമത്തിലെ പള്ളിക്കൂടത്തിൽ പഠിക്കുന്നവരായിരുന്നു. സുമേഷ് ഒരു വില്ലേജ് ഓഫീസർ, രേഷ്മ ഒരു അധ്യാപിക. ഈ കുടുംബം വളരെ സന്തോഷത്തോടെ ഗ്രാമത്തിന്റെ മനോഹാരിതയിൽ വസിക്കുന്ന കാലം. പ്രകൃതിയെ സ്നേഹിച്ചും , തൊട്ട്തലോടിയും സന്തോഷം പങ്കുവെച്ച് ജീവിക്കുന്ന സമയം.

ഒരുദിവസം ഗ്രാമത്തിലേക്ക് ഒരു പോസ്റ്റ്മാൻ വന്നു.

സുമേഷിന്റെ വീടിന്റെ മുമ്പിൽ എത്തി. പോസ്റ്റ്മാൻ തന്റെ സൈക്കിൾ നിർത്തി സുമേഷിന്റെ വീട്ടിന്റെ വാതിലിൽ. ഒരു കൊട്ടുകൊട്ടി. അന്ന് ഒരു ഞായറാഴ്ച ദിവസമായിരുന്നു. സുമേഷ് വന്ന് വാതിൽ തുറന്നു. പിന്നാലെ കുട്ടികളും . പോസ്റ്റ്മാൻ ചോദിച്ചു. നിങ്ങൾസുമേഷല്ലേ . സുമേഷ് :''അതേ'' എന്ന് പറഞ്ഞു.''താങ്കൾക്ക് ഒരു കത്തുണ്ട് ആണോ' എങ്കിൽ കത്ത് ഇങ്ങ് തന്നോളൂ''. പോസ്റ്റ്മാൻ കത്ത് കൊടുത്തു . ഇവിടെ ഒന്ന് ഒപ്പിട്ടോളൂ . സുമേഷ് ഒപ്പിട്ട് കത്ത് വാങ്ങി അകത്തേക്ക് പോയി . കത്ത് പൊട്ടിച്ചു വായിച്ചു . കത്തിലെ വിഷയം സുമേഷിനു സന്തോഷം നൽകി . പക്ഷേ തനിക്ക് വിഷമവും ഉണ്ടായിരുന്നു. കത്തിലെ വിഷയം ഇതായിരുന്നു .'മി . സുമേഷ് താങ്കൾക്ക് എറണാകുളം നഗരത്തിലേക്കുള്ള വില്ലേജ് ഓഫീസിലേക്ക് സ്ഥലമാറ്റം ലഭിച്ചിരിക്കുന്നു . 2 ദിവസത്തിനുള്ളിൽ വന്ന് ജോയന്റ് ചെയ്യണം കൂടാതെ താങ്കളുടെപഴയജോലിയിൽ നിന്നും ഉയർന്ന സ്ഥാനത്തേക്ക് മാറ്റിയിരിക്കുന്നു .' എന്നായിരുന്നു. അതിൽ തനിക്ക് സന്തോഷമായി. പക്ഷേ തന്റെ സങ്കടം ഭാര്യയെയും, മക്കളെയും വിട്ടുപോകുന്നതായിരുന്നു. സങ്കടത്തോടെ സുമേഷ് യാത്രയായി. എറണാകുളം

നഗരത്തിൽ ഒരു വീട് വാടകയ്ക്ക് വാങ്ങി. സുമേഷ് അവിടെ താമസം തുടങ്ങി. ജോലിക്ക് പോയി തുടങ്ങി. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ രേഷ്മയുടെ ഫോൺകോൾ ''സുമേഷേട്ടാ എനിക്കും സ്ഥലമാറ്റം കിട്ടി. എറണാകുളത്തേക്കാണ്.''

'ആണോ പക്ഷേ മക്കൾക്കോ ? അവർക്ക് ഞാൻ ഇവിടെ നിന്നു ടി. സി വാങ്ങിയിട്ടുണ്ട്;

എങ്കിൽ ശരി , നീ എന്നാണ് വരുന്നത്? ഞാൻ നാളെ തന്നെ വരും. ശരി ഞാൻ നിങ്ങളെ കൂട്ടാൻ വരാം .

അങ്ങനെ രേഷ്മയും മക്കളും എറണാകുളത്തേക്ക്....

സുമേഷ് വന്ന് അവരെ കൂട്ടി. അവർ വീട്ടിലെത്തി. പിറ്റേന്ന് രാവിലെ തന്നെ സുമേഷും, രേഷ്മയും ചെന്ന് കുട്ടികൾക്ക് മറ്റൊരു സ്കൂളിൽ പോകാൻ വേണ്ടി ഒരു ഓട്ടോയും തയ്യാറാക്കി. വളരെ തിരക്കേറിയ റോഡ് വാഹനങ്ങളും , കുഴിയും മറ്റും . നേരം പുലർന്നു . മക്കൾ സ്കൂളിൽ പോകാൻ തയ്യാറെടുക്കുന്നു. സുമേഷും, രേഷ്മയും ഓഫീസിൽ പോകാനും. മക്കളുടെ ഓട്ടോ വന്നു . വളരെയധികം കുട്ടികളെ കണ്ട് സുമേഷ് അന്ധംവിട്ടു. അങ്ങനെ ഒരുപാട് ദിവസം കടന്നു പോയി. ഒരു ഫോൺ വന്നു. ''സ്കൂളിൽ പോകുന്ന വഴിയിൽ റോഡിൽ ഒരു അപകടം ഉണ്ടായി . നിങ്ങളുടെ മക്കൾ സഞ്ചരിച്ച ഓട്ടോ മറിഞ്ഞു. മക്കൾക്ക് ഗുരുതരമായ പരുക്കേറ്റതിനാൽ ആശുപത്രിയിൽ എത്തിച്ചിട്ടുണ്ട്.''

സുമേഷിനാകെ സങ്കടമായി, സുമേഷ് രേഷ്മയെ വിളിച്ചു പറഞ്ഞു. രേഷ്മയും, സുമേഷും ആശുപത്രിയിൽ എത്തി. തങ്ങളുടെ മക്കൾ ഐ. സി. യു. വിലായിരുന്നു. അവർക്കാകെ സങ്കടമായി. ഡോക്ടർ പുറത്തു വന്നു. ഡോക്ടറുടെ മുഖത്ത് ഒരു നിരാശയുണ്ടായിരുന്നു. സുമേഷും, രേഷ്മയും ഡോക്ടറുടെ അടുത്ത് ചെന്നു. എന്നിട്ട് ചോദിച്ചു. ''ഞങ്ങളുടെ മക്കൾക്ക് എങ്ങനെയുണ്ട്?

ഡോക്ടർ പറഞ്ഞു കൃഷ്ണയും, തുളസിയുമല്ലേ നിങ്ങളുടെ മക്കൾ പറയുന്നത് കൊണ്ട് ഒന്നും വിചാരിക്കരുത്; ഞങ്ങൾ, പരമാവധി ശ്രമിച്ചു പക്ഷേ രക്ഷിക്കാനായില്ല. തലക്കേറ്റമുറിവ് വളരെ ഗുരുതരമായതുകൊണ്ടായിരുന്നു.

അയാളുടെ ഹൃദയത്തിൽ ഒരു വലിയ മുറിവായിരുന്നു ഇതേറ്റിരുന്നത്. ആയതിനാൽ അയാളുടെ ഹൃദയത്തിനേറ്റ മുറിവിൽ നിന്ന് അപ്പോൾ രക്തം കിനിയുന്നുണ്ടായിരുന്നു , തന്റെ കണ്ണീർ രക്തം. കൂടാതെ രേഷ്മയടെയും. ഇരുവരും തളർന്ന് ഒന്നുമല്ലാതെയായി. മക്കളുടെ ദഹനം കഴിഞ്ഞു. ഒരുപാട് വേദന അവർ സഹിച്ചിരുന്നു. തങ്ങൾക്ക് ആകേയുള്ള രണ്ട് മക്കളെയും ദൈവം കൊണ്ടുപോയി . അവരുടെ വീട് ദുഃഖത്തിലായി. മക്കൾ ഇല്ലാത്തതുകൊണ്ട് നിശബ്ദമായി തീർന്നു. അങ്ങനെ കുറച്ച് നാൾ കടന്നുപോയി. അവരുടെ വീടിന്റെ മുമ്പിൽ രണ്ടുപേരുടെയും ഫോട്ടോ ഭിത്തിയിൽ മാലയിട്ട് തൂക്കിയിരിക്കുന്നു. ഇപ്പോഴും മക്കളെ നഷ്ട്ടപ്പെട്ട വേദനയിൽ സുമേഷും, രേഷ്മയും ജീവിക്കുന്നു. അവരുടെ ജീവിതത്തിൽ ഇതായിരുന്നു അവരുടെ മനസ്സിനേറ്റ വലിയ മുറിവ്.

അൽക്ക സിംമ്പിൾ

**IX - D**

# നമ്മുടെ മലയാളനാട്



വിജയിക്കട്ടെ വിജയിക്കട്ടെ
നമ്മുടെ സ്വന്തം കേരള നാട്
വിജയിക്കട്ടെ വിജയിക്കട്ടെ
നമ്മുടെ സുന്ദര കേരള നാട്
മലകൾ പുഴകൾ
കാടുമടങ്ങിയ നമ്മുടെ സുന്ദര
കേരള നാട്
അഴകിന്റെയും ശക്തിയുടെയും ഗുണങ്ങൾ ഇണങ്ങി ചേർന്നൊരു നാട്
വിജയിക്കട്ടെ വിജയിക്കട്ടെ നമ്മുടെ സ്വന്തം കേരളനാട്
ഒത്തൊരുമിച്ചും സന്തോഷിച്ചും ഒറ്റകെട്ടായി കഴിയും നാട്
നമ്മുടെ നാട് കേരള നാട് സന്തോഷത്തിന്റെ സുന്ദര നാട്
വിജയിക്കട്ടെ വിജയിക്കട്ടെ നമ്മുടെ സുന്ദര കേരള നാട്
പരസ്പര സ്നേഹം ഉള്ളൊരു നാട് നമ്മുടെ നാടിതു കേരള നാട് !

AINA BRINDA BAIJU

IX -D

# അവധിക്കാലം



*എന്നിലേക്ക് തുള്ളിയായ്*
*പെയ്തു തോരുന്നുണ്ട്*
*നിന്നെക്കുറിച്ചുള്ള സ്മൃതികൾ*

*ആർദ്രമായൊരീഇളംക്കാറ്റിൽ*
*ഓടിക്കളിക്കുന്നുണ്ട് നമ്മുടെ ബാല്യം*
*പറന്നുപോവുന്നുണ്ടൊരു പട്ടം*
*മനസ്സിന്റെ ആകാശത്തിലൂടെ*
*അവധിക്കാലങ്ങൾ*
*നമ്മുക്കാഘോഷമായിരുന്നു.*

*പുതിയ തലമുറയ്ക്കായ്*
*മക്കൾക്കായ്.... കൈപ്പിടിച്ചിറങ്ങും*
*നമ്മുക്കീ.... അവധിക്കാലമെങ്കിലും.*

*NANDHANA. M*
*9th C*

# എനിക്കുണ്ട്....

# അരികിലൊരാൾ...!

അയാളുടെ ഹൃദയത്തിനേറ്റ മുറിവിൽ നിന്നും അപ്പോൾ രക്തം കിനിയുന്നുണ്ടായിരുന്നു. അയാളുടെ ഭാര്യ സ്വന്തം ഭർത്താവിന്റെ ദുഃഖത്തിൽ പങ്കുചേരാൻ തയാറല്ലായിരുന്നു. സ്വന്തം വീടുപോലുമില്ലാത്ത ഒരു ഭർത്താവിനെ അവൾക്ക് വേണ്ടായിരുന്നു. ഒരിക്കൽ പത്രത്തിലും മറ്റു സാമൂഹ്യമാധ്യമങ്ങളിലും തിളങ്ങി നിന്നിരുന്ന ഗണേഷൻ എന്ന ഒരു വ്യാപാരിയായിരുന്നു അദ്ദേഹം. അയാളുടെ ഇപ്പോഴത്തെ അവസ്ഥ വളരെ ദയനീയം. തന്റെ പേരിലുണ്ടായിരുന്ന 25 വൻകിട കെട്ടിടങ്ങളും സർക്കാർ അനതികൃതമെന്ന് പറഞ്ഞ് ഒഴിവാക്കുകയുണ്ടായി. വളരെ വൈകാതെ തന്നെ അയാൾ ദാരിദ്ര്യത്തിന്റെ മാറിലേക്ക് പതിയെ പതിയെ വീണുകൊണ്ടിരുന്നു. വൈകാതെ അയാൾക്ക് സ്വന്തം വീടുപോലും നഷ്ടമായി. " തനിക്ക് സമ്പാദ്യമുണ്ടായപ്പോൾ പരിചരിക്കാനും കൂടെ നടക്കാനും ആഘോഷങ്ങൾക്ക് പങ്കുചേരാനും ആളുകളുണ്ട്. ഇപ്പോൾ ഞാൻ എന്റെ സേവകനായിരുന്ന ശിവന്റെ പഴയ കീറിയ വിയർപ്പുമണമുള്ള മുണ്ടും പഴയ തേഞ്ഞ ഷർട്ടും ചെരുപ്പും." എന്ന് പറഞ്ഞ് ഗണേഷൻ ദുഃഖിച്ചിരിക്കുമ്പോൾ താനെന്നും വഴക്ക്പറഞ്ഞും ഭക്ഷണം കൊടുക്കാതെയും തന്റെ രണ്ടാംഭാര്യയുടെ മക്കളെ നല്ല പണക്കാരായി വളർത്തിയിട്ടും അപ്പോഴൊന്നും ഒരു കുറ്റവും പറയാതെ തന്നെ സ്നേഹിച്ചിരുന്ന ആദ്യഭാര്യയുടെ ഏക മകൾ ഗായത്രി തനിക്ക് വേണ്ടി പുത്തൻ മുണ്ടും

ഷർട്ടും ചെരുപ്പും വാങ്ങി കൊണ്ടുവരുന്നത് കണ്ട് അയാൾ അമ്പരന്നുപോയി. അയാൾ ഇടറിയ ശബ്ദത്തോടെകൂടി ചോദിച്ചു; നീയോ, നിനക്കെന്താ ഇവിടെ കാര്യം. ഞാനീ നിലയിലെത്തിയത് കണ്ട് ആഹ്ലാദിക്കാനാണോ? അല്ല അച്ഛാ .... എന്റെ അനുജന്മാരും അനുജത്തിയും തിരിഞ്ഞുനോക്കാതിരുന്നാൽ അച്ഛന് വേറെയാരാ ഉള്ളത്? എന്റെ പണക്കുടുക്കയിലുണ്ടായിരുന്ന ചില്ലറകൾ കൂട്ടിവെച്ചപ്പോൾ മൊത്തം ആയിരത്തോളം രൂപയുണ്ടായിരുന്നു. അതുകൊണ്ട് വാങ്ങിയതാ.... എന്ന് പറഞ്ഞപ്പോൾ ലജ്ജയോടെ അയാൾ ഗായത്രിയുടെ മുഖത്തേക്ക് നോക്കി. എന്നിട്ടും ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ അവളും പെരുമാറി. അച്ഛാ.... എന്നെ എന്തിനാ ഇങ്ങനെ നോക്കണെ? ഞാനച്ഛന്റെ ഗായത്രിതന്നെയാ എന്നാലും എന്നോട് ക്ഷമിക്കെന്റെ മോളെ.... ഞാനന്ന് നിന്റെ സ്നേഹമറിഞ്ഞില്ല. ഞാൻ കരുതിയത്....

അപ്പോൾ തന്നെ ഗായത്രി അച്ഛന്റെ വായിന്മേൽ കൈവച്ച് പറഞ്ഞു : വേണ്ട ഇനിയൊന്നും പറയണ്ട. അച്ഛനീ വസ്ത്രമൊന്ന് ഇട്ടുനോക്ക്, ഞാനൊന്ന് കാണട്ടെ . ഞാൻ വാങ്ങിത്തന്നതാണെന്ന് പറഞ്ഞ് എനിക്ക് ഒരിക്കലെങ്കിലും അഹങ്കരിക്കാലോ എന്ന് വച്ചിട്ടാ.... ശരി ഞാൻ ഇടാം. നീ കുറച്ച് നേരം കാത്തുനിൽക്ക് ഞാനാ ഓലപ്പുരയിൽ പോയി മാറിയിട്ട് വരാം... അയാൾ പറഞ്ഞു. ദുഖഃത്തോടെയാണേലും അവൾ സമ്മതിച്ചു.

വസ്ത്രം മാറിവന്നതിനുശേഷം അയാളെ കണ്ടപ്പോൾ അവൾ പറഞ്ഞു: എന്റെ അച്ഛാ അത്ര വലിയ പണമൊന്നുമില്ല ഇതിന്. അച്ഛൻ എനിക്ക് അന്ന് തന്ന നൂറ് രൂപ എന്റെകയിലിന്നുമുണ്ട്. അതുകൊണ്ട് സാധനങ്ങൾ വാങ്ങി എന്തെങ്കിലുമൊക്കെയുണ്ടാകാം. ഹോട്ടലിൽ പോകാൻ മടിയുണ്ടായിട്ടല്ല. അവിടത്തെ ഭക്ഷണം നമുക്ക് വിശ്യസിച്ച് കഴിക്കാൻ പറ്റൂലെന്നാ എല്ലാരും പറയണെ. എന്തായാലും എനിക്ക് നന്നായി വിശക്കുന്നുണ്ട്. നീ വാങ്ങി വന്ന് ഉണ്ടാക്കി തരുമോ...? എനിക്കതൊന്നും അറിയില്ലല്ലോ? അയാൾ പറഞ്ഞു.

ഭക്ഷണം തയാറാക്കുന്നതിനിടയ്ക്ക് അവൾ വെറുതെ തമാശകളൊക്കെ പറഞ്ഞു കൊണ്ടിരുന്നു. അതിനിടയ്ക്ക് അയാൾ ചോദിച്ച സൗരവും, സ്മിതിയും, സൂരജുമെല്ലാം എവിടെയാണോ എന്തോ? ഒന്ന് കണ്ടിരുന്നേൽ. ഗായത്രി മനസ്സിൽ ദുഃഖം ഒളിപ്പിച്ചുവെച്ച് അയാളോട് പറഞ്ഞു: അവരൊക്കെ നന്നായി ജീവിക്കുന്നുണ്ട്. അഛന്റെ ഒരു ഫ്ലാറ്റുമുറി അവർ വിലക്കുവാങ്ങി. എവിടയാ അവരിപ്പൊ. എന്നോടു അവിടുത്തെ പരിസരത്ത് പോലും എത്തെരുതെന്നാ പറഞ്ഞിരിക്കണെ.

കുറച്ച് ദിവസങ്ങൾക്ക് ശേഷം അവൾ ഗണേഷനേയും കൂട്ടി നഗരത്തിലേക്ക് പോയി . കാൽനടയായിരുന്നു. അവളുടെ കൈയിൽ ആകെ 1000 രൂപയേ ഉള്ളൂ . അത് പുലർച്ചെ 3 മണിമുതൽ 10 മണിവരെ വിറകുകൊത്തിയതിന്റെ കൂലി കിട്ടിയതാ.... അവൾ അതിനെക്കൊണ്ട് ഒരു ലോട്ടറി വാങ്ങി. അച്ഛനതിൽ താല്പര്യമില്ലായിരുന്നു. എന്നാലും വാങ്ങി. അന്ന് തന്നെ നറുക്കും എടുത്തു. അവൾക്കാ കിട്ടിയത്: 65 കോടി. വർഷങ്ങൾക്ക് ശേഷം അവളുടെ വിവാഹം കഴിഞ്ഞു. പിന്നെ അവരവിടെ ആരുടെയും ശല്യമില്ലാതെ സമാധാനമായി ജീവിച്ചുപോകുന്നു.

FATHIMA THAIBA
9th D

# ചെന്നായയും കുറുക്കനും

ഒരിക്കൽ ഒരിടത്ത് ഒരു ചെന്നായ കാട്ടിലൂടെ നടന്നു വരികയായിരുന്നു. അപ്പോൾ അവൻ ഒരു കുറുക്കൻ നടന്നു വരുന്നത് കണ്ടു. അവൻ ചോദിച്ചു: അല്ല സുഹൃത്തെ ,നീ എവിടെ പോവുകയാണ്? അപ്പോൾ കുറുക്കൻ പറഞ്ഞു: എനിക്ക് വിശന്നിട്ട് വയ്യ ! ഞാൻ എന്തെങ്കിലും തിന്നാൻ കിട്ടുമോ എന്ന് നോക്കി നടക്കുകയാണ്. കൂട്ടുകാരാ നീ വരുന്നോ?. അപ്പോൾ ചെന്നായ പറഞ്ഞു: ഞാൻ വരുന്നില്ല നീ തന്നെ പോയാമതി. അങ്ങനെ കുറുക്കൻ കുറേ ദൂരം നടന്നപ്പോൾ ഒരു വീട് കണ്ടു. അവൻ പതുങ്ങി പതുങ്ങി ആ കോഴികളുടെ അരികിലെത്തി കോഴികളുടെ ശബ്ദംകേട്ട് മുത്തശ്ശിവീട്ടിൽ നിന്ന് പുറത്തേക്ക് ഓടി വന്നു . അപ്പോഴേക്കും കുറുക്കൻ ഓടി രക്ഷപ്പെട്ടു.

*ANANYA MANOJ*

*9th D*

# അധ്വാനമാണ് സമ്പത്ത്

ഒരു ഗ്രാമത്തിൽ രണ്ടു കൃഷിക്കാരുണ്ടായിരുന്നു. രാജുവും, സോമുവും. ഇരുവരും ചങ്ങാതിമാരാണ്. സോമുവിന് ഒരുപാട് സ്ഥലമുണ്ട്. അവൻ തന്റെ കൃഷിയുടെ ലാഭത്തിനായി കീടനാശിനി തളിച്ച പച്ചക്കറിയായിരുന്നു കൃഷി ചെയ്തിരുന്നത്. എന്നാൽ രാജു വളരെ പാവപ്പെട്ട വീട്ടിലെ ഒരംഗമാണ്. അവൻ ഉള്ള സ്ഥലത്ത് മാന്യമായി നല്ലനാടൻ വളങ്ങൾ ചേർത്ത് കൃഷി ചെയ്യുന്നു. അങ്ങനെ ഒരിക്കൽ സോമു കീടനാശിനി തളിക്കുന്നതു കണ്ട് രാജു അവനോട് പറഞ്ഞു. ഇങ്ങനെ കീടനാശിനി തളിക്കുന്നത് ശരിയല്ല.അത് നമുക്ക് ദോശമാണ്. അപ്പോൾ സോമു പറഞ്ഞു ; നീ ഒന്ന് പോടാ. ഇങ്ങനെ കീടനാശിനി ചേർക്കാതെ പച്ചക്കറികൾ ഒന്നും വളരില്ല. കർഷകരായ നമുക്ക് ജീവിക്കാൻ കഴിയില്ല. ഇതു കേട്ട രാജു ഒരു നിമിഷം മനസ്സിൽ പറഞ്ഞു. ഇങ്ങനെ എന്റെ വാക്കിനെ ഇവൻ പുച്ഛിച്ച തള്ളുകയാണെങ്കിൽ ഇവൻ അനുഭവത്തിലൂടെ പഠിക്കട്ടെ. അങ്ങനെ ഇരിക്കെ കീടനാശിനി ജലത്തിൽ കലർന്ന് ഒരുപാടുപേർ രോഗബാധിതരായി. ആളുകൾ സോമുവിന് എതിരെ വന്നു. അങ്ങനെ സോമുവിന്റെ കച്ചവടം പൊളിഞ്ഞു. അവൻ പാപ്പരായി മാറി. അങ്ങനെ ഒരു നേരത്തെ ഭക്ഷണത്തിനായി അവൻ ഭിക്ഷാടനത്തിറങ്ങി. ആ സമയത്തും രാജുവിന്റെ കച്ചവടം വർദ്ധിച്ച് അവൻ പാവപ്പെട്ട ജനങ്ങൾ ക്ക് പണം ധാനം ചെയ്തു. അങ്ങനെയിരിക്കെ സോമു ഭിക്ഷാടനത്തിനിടയിൽ രാജുവിനെ കണ്ടുമുട്ടി. സോമുവിന്റെ കഷ്ടപ്പാട് കണ്ട രാജു അവനോട് പറഞ്ഞു. അന്ന് ഞാൻ പറഞ്ഞ കാര്യങ്ങൾ നീ ഓർ ക്കുന്നുവോ കീടനാശിനി ഉപയോഗം നിന്നെ നാശത്തിലേക്ക് നയിക്കുമെന്ന് ഇപ്പോൾ ഞാൻ പറഞ്ഞത് എത്രമാത്രം ശരിയായെന്ന്

നിനക്ക് മനസ്സിലായോ. സോമു പറഞ്ഞു. ഉവ്വ്,എനിക്ക് മനസ്സിലായി. എന്റെ അത്യാഗ്രഹം എന്നെ കുഴപ്പത്തിൽ ചെന്നെത്തിച്ചു. ഇനി ഇതുപോലുള്ള പ്രവർത്തി എന്റെ ഭാഗത്തു നിന്നുണ്ടാവുകയില്ല. ഇതുപോലെ കീടനാശിനി ഉപയോഗിച്ച് കൃഷി ചെയ്യുന്നവരോട് ഇതിലൂടെ ഉണ്ടാകുന്ന കുഴപ്പങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുക്കുക തന്നെ ചെയ്യും. ഇതിലൂടെ "അധ്വാനം സമ്പത്തെന്ന" കാര്യം എനിക്കു മനസ്സിലായി.

ഹന്ന സിദ്ദീക്

9th B

# ആടു ജീവിതം

നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകളാണ് എന്ന വിശ്വാത്തെ ഇല്ലാതാക്കുന്ന നോവലാണ് ആടു ജീവിതം. ശ്രീ.ബെന്യാമിൻ രചിച്ച ഈ നോവലിൽ,മനുഷ്യനായി ജനിച്ച് ആടിനെ പോലെ ജീവിക്കേണ്ടി വന്ന നജീബാണ് കേന്ദ്രകഥാപാത്രം.

ഗൾഫിൽ ജോലി പ്രതീക്ഷിച്ച്

പോയനജീബിന്,മരുഭൂമിയിൽ ആടുകളെ മേയ്ക്കുന്ന ജോലിയാണ് ലഭിച്ചത്. ആടുകളുടെ ഇടയിൽ,അവ കഴിക്കുന്ന ഭക്ഷണം കഴിച്ച്,അവയെ പരിപാലിച്ച്,യജമാനന്റെ മർദനമേറ്റ്...... വളരെ ദുസ്സഹമായ ജീവിതമാണ് നജീബ് നയിച്ചത്. യജമാനൻ,തന്നെ ഉപദ്രവിച്ചതിനേക്കാൾ ആടുകളെ ഉപദ്രവിക്കുന്നതാണ് അവന് അസഹ്യമായി തോന്നിയത്. ജീവിതത്തിൽ എരിയുന്ന അനുഭവങ്ങൾ സമ്മാനിച്ച ആ മരുഭൂമിയിൽ നിന്ന് തന്നെ രക്ഷിക്കാൻ സഹായിച്ച അദൃശ്യ ശക്തി, അത് അള്ളാഹു ആയിരുന്നോ എന്ന് നജീബ് ഒരു വേള ചിന്തിക്കുന്നു. നമ്മളാരും അറിയാതെ പോകുന്ന പ്രവാസി ജീവിതത്തിലെ സത്യങ്ങൾ ആടു ജീവിതത്തിലൂടെ വായിച്ചറിഞ്ഞപ്പോൾ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ആടുജീവിതം ഗൾഫ് ജീവിതത്തിനൊപ്പം മനുഷ്യന്റെ ഏകാന്ത ജീവിതത്തെയും അവതരിപ്പിക്കുന്നു. ഹൃദ്യമായ ആവിഷ്കാരവും ലളിതമായ ഭാഷയും ഈ പുസ്തകത്തെ വായനക്കാരിലേക്ക് അടുപ്പിക്കുന്നു.

ഒരാളുടെ അനുഭവം കേട്ടെഴുതുമ്പോൾ ഇത്രമാത്രം ഹൃദയസ്പർശി ആകുമോ എന്ന് ആടുജീവിതം വായിച്ചപ്പോൾ ഞാൻ ഓർത്തു. കാരണം

മരുഭൂമിയിൽ,സ്വന്തം പഴയ കാലവും സ്വന്തം കുടുംബവുമൊക്കെ മറന്ന് സ്വന്തം നിഴലിന്റെ തണലിൽ മാത്രം ജീവൻ സംരക്ഷിക്കേണ്ടി വന്ന പച്ച മനുഷ്യനെ കാണാൻ കഴിഞ്ഞു. നജീബിന് മരുഭൂമിയിൽ അനുഭവിക്കേണ്ടി വന്ന ക്രൂരതയേക്കാളും എന്നെ വേദനിപ്പിച്ചത് അവന്റെ യജമാനൻ നബീൽ എന്ന ആടിനോട് ചെയ്ത ക്രൂരതയാണ്. നജീബിന്റെ മനസ്സിന്റെ വേദനയും സങ്കടവും എന്റെ മനസ്സിലും കുരമ്പ് തുളച്ച് കയറി ഞാൻ വായിച്ചതിൽ വെച്ച് എനിക്ക് ഒരുപാട് ഇഷ്ടപ്പെട്ട എന്നെ ഏറെ സ്വാധീനിച്ച പുസ്തകമാണ് ആടുജീവിതം.

ആധുനിക കാലഘട്ടത്തിൽ,എല്ലാവരും ഗൾഫ് രാജ്യങ്ങളിലേക്ക് താമസം മാറ്റിക്കൊണ്ടിരിക്കുന്ന ആളുകൾക്കിടയിൽ ഉണർവ്വ് സൃഷ്ടിക്കാൻ ഈ കൃതിക്ക് കഴിയും.

*NIMA V.P*
*10th C*

# കുറുക്കന്റെയും കൊക്കിന്റെയും പൊന്നോണം...

ഒരിക്കൽ ഒരു കാട്ടിൽ ഓണാഘോഷം നടക്കുകയായിരുന്നു. ആ സമയം സിംഹരാജാവ് പറഞ്ഞു. പൂക്കളമിടുന്നതും മറ്റു കളികൾ നടക്കുന്നതും ഒരു സ്ഥലത്താണ്. അതിന് മുൻപ് പൂക്കളുടെ ആവശ്യത്തിന് രണ്ടു പേരെ ഞാൻ തിരഞ്ഞെടുക്കാൻ പോവുകയാണ്. എല്ലാവരും അതറിയാൻ പ്രതീക്ഷയോടെ കാത്തുനിൽക്കുകയായിരുന്നു. രാജാവ് അത് പറഞ്ഞു, കുറുക്കനെയും കൊക്കിനെയുമായിരുന്നു തിരഞ്ഞെടുത്തത്. കുറുക്കനും കൊക്കിനും വലിയ സന്തോഷമായി. അവർ രണ്ടു പേരും കുറേ പൂക്കൾ പറിക്കാൻ പോയി. മറ്റുള്ളവർ ഒരു വലിയ പൂക്കളം വരച്ചു . ഇവർ പൂ പറിക്കാൻ പോയപ്പോൾ അവിടെ നിന്ന് പൂക്കൾക്ക് വേണ്ടി അടി പിടി കൂടി. തിരിച്ചു വരുമ്പോൾ രണ്ടു പേരുടെ കയ്യിലും പൂക്കളില്ല. പരിപാടി നടക്കുന്ന സ്ഥലത്ത് ഇവരെത്തി. ഇവരോട് രാജാവ് എല്ലാം ചോദിച്ച് അവർക്ക് ശിക്ഷ നൽകി. ഇങ്ങനെയാണ് കുറുക്കന്റെയും കൊക്കിന്റെയും ഓണവിശേഷം കടന്നു പോയത്.

BHADRA
9th D

# പ്രകൃതിതൻ വരദാനം



മരങ്ങളെ സൃഷ്ടിക്കുന്ന ദൈവങ്ങളേ...
അവർതൻ കഷ്ടപ്പാടുകൾ നീ അറിയുന്നുണ്ടോ?
എൻ ജീവസാക്ഷിയാണ് സസ്യം
വെട്ടി മുറിക്കുന്ന സസ്യങ്ങൾ
കാണുന്നു ഈ പ്രപഞ്ചത്തിൽ മുഴുവനും
പച്ചിലക്കുമ്പിളിൽ പൂമൊട്ടു വിരിയുന്ന
സത്യമാണല്ലോ ഈ പ്രപഞ്ചം
നമ്മൾതൻ വരദാനമായി കരുതുന്ന
സസ്യങ്ങൾ ദുരിതമനുഭവിക്കുന്നു
ഭൂമിതൻ സൗഭാഗ്യമല്ലെയോ സസ്യങ്ങൾ
ഭൂമിതൻ വരദാനമല്ലയോ സസ്യങ്ങൾ

NIMA V.P
10th C

# Nature's Cry

oh! Nature is crying i am dying…….
oh nature is shouting……
please help me help me…..
man are killing me……i am
dead and dead man be scraTched
me and killing me! help me nature
yelled. Where is my greenary ?
Where is my boons?
nature yelled
Where IS my bird ? Where is my tree ?
please heAR my sadness
please , please…. my voice is fading
please help me please….

MUSHRIFA
$9^{TH}$ C

# മരംകൊത്തിക്കുട്ടാ...

മരംകൊത്തിക്കുട്ടാ നീ
മിടുക്കനാണല്ലോ ?
നിനക്കിട്ടാലിണങ്ങുന്നൊ-
രുടുപ്പുമാണല്ലോ....
തലയ്ക്കുമേൽചേലുള്ള
തൊപ്പിയുണ്ടല്ലോ....
താളത്തിൽകൊത്തുവാൻ
വിരുതുമുണ്ടല്ലോ....
ചിലനേരം ഒറ്റയ്ക്ക്
പലവഴി പറക്കും
ചിലനേരംചങ്ങാതി നീ
കലപിലകൂട്ടും
നീ ഇരിക്കുന്നമരം
ക്കൊത്തിമുറിക്കണതെന്താ?..

SREELAKSHMI
9TH C

# *മഴ...*



*തവളകൾ കരയുന്നേ*
*മഴ ചറപറ പെയ്യുന്നേ*
*മണ്ണിന്റെ മണമെങ്ങും പരക്കുന്നേ*
*മാനത്ത് മഴവില്ല് തെളിയുന്നേ*
*മയിലുകൾ നൃത്തമാടുന്നു*
*ഇനിയെന്നുമാഘോഷക്കാലം*
*തവളകൾ കരയുന്നേ*
*മഴ ചറപറ പെയ്യുന്നേ*
*മണ്ണിന്റെ മണമെങ്ങും പരക്കുന്നേ*
*മാനത്ത് മഴവില്ല് തെളിയുന്നേ.*

*നാഫിഹ*
*9th C*

# സ്ത്രീ



ഞാനിതാ... പാതിമുറ്റത്ത് പൊഴിഞ്ഞു
കിടക്കുന്ന പൂവിതൾ പോലെയായ്
തീർന്നുവല്ലോ... ഞാനിതാ...
കാറ്റിൻ ദിശയിൽപറക്കുന്ന ഉവാല
പോലെയായ് തീർന്നുവല്ലോ
രാജ്യം ഭരിക്കുന്ന രാജാവിനെ
പോലെ മുള്ളുകൾ എന്നെനോക്കി
കണ്ണുരുട്ടുന്നു സ്ത്രീയെന്ന വാക്കിനെ
കുത്തിനോവിക്കുന്ന ഉപൊടി
യാത്തൊരു മുള്ളുകളേ... കാലിടറാതെ
തളരാതെ ഞാനിതാ ഹൃദയത്തിൻ
മുറിവും അടക്കിപ്പിചിച്ചുകൊണ്ട്.

AMEENA NAZRIN
8th C

# അച്ഛന്റെ ദുഃഖങ്ങൾ

ഒരു സാധാരണ മനുഷ്യന്റെ ജീവിത ഘട്ടങ്ങളുടെ കഥ പറയുന്ന ഒരു കൃതിയാണ് നെയ്പ്പായസം. ഇതിലെ പ്രധാന കഥാപാത്രം അച്ഛനാണ്. ആ അച്ഛന് ഭാര്യയോടും കുടിക്കളോടുമുള്ള സ്നേഹം ഈ കഥയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കഥാപാത്രത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ കഥയിൽ പറയുന്നു.

അച്ഛൻ കുട്ടികളിൽ നിന്ന് എല്ലാം മറച്ചു വെയ്ക്കാൻ ശ്രമിക്കുകയാണ്. ഭാര്യ മരിച്ചതിൽ അതിയായ വ്യസനം അദ്ദേഹത്തിനുണ്ട്. മൂന്ന് കുട്ടികളും ഭാര്യയും ഭർത്താവുമൊന്നിച്ചു ജീവിക്കുമ്പോഴാണ് മരണം എന്ന ദുരന്തം . കുട്ടികൾക്ക് അമ്മയില്ലാതാകുന്നത് വായനക്കാരുടെ മനസ്സിൽ തട്ടുന്നു. ഈ കഥയിലെ 'അച്ഛൻ ' എന്ന കഥാപാത്രം ലോകത്തിലെ എല്ലാ ചുമതലകളും ഏറ്റടുത്തെ അച്ചന്മാരെ പ്രധിനിധീകരിക്കുന്നു .ആ അച്ഛന് അധിക കാലം വിഷമം കുട്ടികളിൽ നിന്ന് മറക്കാനാവില്ല. കുട്ടികൾ വളരുമ്പോൾ സത്യം അവർ മനസ്സിലാക്കും. ആ അച്ഛനിപ്പോൾ നിസ്സഹായനാണ്. അവരുടെ മനോവ്യസനം ഓർക്കുമ്പോൾ ആരുടേയും കണ്ണ് നിറഞ്ഞു പോകും എന്നുള്ള കാര്യത്തിൽ സംശയമില്ല.

DEVANANDA SJ
IX -D

# സ്വപ്ന സാഫല്യം

*അഹ്ലാധമായ ചിന്തയിലാണ്ടുകിടക്കുകയായിരുന്നു. ഞാൻ . പെട്ടന്ന് മിനുമോൾ എന്റെ അടുത്ത് വന്നു. അവൾ എന്നോട് ചോദിക്കുന്നുണ്ടായിരുന്നു. ഞാൻ അവളുടെ മുഖത്ത് എനിക്ക് ഒന്നും മനസ്സിലായില്ല എന്ന ഭാവത്തിൽ ഒന്ന് നോക്കി. അപ്പോൾ അവളെന്നോട് ചോദ്യം ആവർത്തിച്ചു. അച്ഛനിതെന്താ ആലേചിക്കന്നേ? നമുക്ക് ടൂർ പോകാനുള്ള പ്ലാനാണേ? തന്മയ ക്ലാസ്സിൽ നിന്ന് ടൂർ പോകുന്നുണ്ട് എന്ന് കേട്ടപ്പോൾ മുതൽ മീനു എന്ത് പറഞ്ഞാലും ടൂർ,ടൂർ എന്ന് പറഞ്ഞുകൊണ്ടേയിരുന്നു. എന്നാൽ ഞാൻ അതൊന്നുമല്ല ചിന്തിച്ചത് .എങ്ങനെയെങ്കിലും ഒരു പുരയിടം വേണം,എന്റെ രണ്ട് പെൺമക്കൾ വളർന്ന് വരുകയാണ്. എന്നും ഈ ഫ്ലാറ്റിൽ ജീവിക്കാനകില്ല. ഇത്തരം ചിന്തകൾ എന്നെ വിടാതെ പിൻതുടരാൻ തുടങ്ങിയിട്ട് കാലം ഏറെയായി . എങ്കിലും ഒന്നും ഇതുവരെ നടന്നില്ല.പെട്ടെന്നാണ് സുമിത്ര,എന്നെ വിളിക്കുന്നത് ചന്ദ്രേട്ടാ വരുന്നില്ലേ പ്രാതലിന്.*

*FATHIMA NIDA*
*IX -D*

# THE LION AND THE FOX....

*Once there lived a lion and a fox. They were good friends. One day the lion told the fox. "I do not fell well. I well get well if I eat the heart of a donkey." The fox started searching for a donkey and found one. The fox invited the donkey to the forest. The poor donkey agreed to go with him. The fox took him to the lion. The donkey got afraid when he saw the huge lion and run away.*

*The fox ran after the donkey. He told it "The lion is very kind. He will not harm you." The donkey believed it. He went back to the lion jumped on it and killed it.*

*Then the lion went to the river to drink some water. By the time the lion got back, the clever fox ate the heart of the donkey, thus he fooled the lion.*

*THE END*

*ZEBA JAFAR*
*8th D*

# ഒരു ഓണക്കാലം...



പൂക്കൾ പൂക്കുന്ന
കുട്ടികൾ പൂ ഇറുത്തു-
തിമിർക്കുന്ന കാലം
കുട്ടികൾ പുതുവസ്ത്രം
ധരിച്ചുല്ലസിക്കുന്ന കാലം

പൂക്കൾനുള്ളിയെടുക്കുകയും
പൂക്കളം തീർത്ത് രസിക്കുകയും
സദ്യതന് സ്വാദിൽ ആനന്ദിക്കുകയും
ഈ യൊരു നാളിൽ തന്നെ ആണ്.

*NITHYA*
*9th C*

# ശിശിരകാലം...

*ശിശിരകാലത്തിന്റ്റെ  മാറ്റുകൂട്ടും -*
*മഞ്ഞിന്റെമധുരമാം സ്പർശം.*
*ഇലകൾ പൊഴിഞ്ഞു മറയുന്നു-*
*എൻ മനസ്സിൽ പുതുമയായ്-*
*വീണ്ടും തളിർത്തിടുന്നു.*
*ഇളം തെന്നലായ് വീശുന്ന*
*മന്ദമാരുതൻ ശിശിരകാലത്തിന്റെ മാറ്റു കൂട്ടി.*
*പ്രഭാതത്തിൽ തൊട്ടുതലോടും*
*ഇന്നു നീ എങ്ങുപോയ് നീ മറഞ്ഞു!*
*ഇന്നു ഞാൻ തേടുന്നതാരെയൊ-*
*ശിശിരമേ നിന്നെ ത്തന്നെ.*
*എവിടെ മറഞ്ഞു  നീ ശിശിരമേ-*
*ശിശിരകാലത്തിന്റെ മാറ്റ് കൂട്ടും-*
*മഞ്ഞിന്റെ മധുരമായ സ്പർശനം.*



*AINA BRINDA BAIJU*
*9th D*

# *നെല്ലിക്ക...*

*പൂമരക്കാട്ടിലെ ഒരു മൂലയിൽ ഒരു പാവം നെല്ലിക്ക മരം ഉണ്ടായിരുന്നു. മറ്റു മരങ്ങൾ അതിനെ എപ്പോഴും കളിയാക്കു മായിരുന്നു. എടാ...*

*നെല്ലി... നിന്നെ എന്തിനു കൊള്ളും നിന്റെ തടി വിറകിനു പോലും വേണ്ട കായികൾക്കാവട്ടെ. പുളിയും ചവർപ്പും നീ വൃക്ഷ കുലത്തിന് അപമാനമാണ്. പാവം നെല്ലി അതെല്ലാം കേട്ട് തലകുനിച്ചു നിന്നും. അങ്ങനെ ആയിരിക്കെ കൊടും വരൾച്ച വന്നു. കാടും നാടും ഉണങ്ങി കരിഞ്ഞു മൃഗങ്ങൾ പട്ടിണി പൂണ്ട് നെട്ടോട്ടമായി കുറ്റിച്ചെടികളും പുല്ലും തീരെ ഇല്ലാതായി അങ്ങനെ*
*ഇരിക്കെ ഒരു പുള്ളിമാനും തള്ളമാനും ഭക്ഷണം തേടി വലഞ്ഞു ഒടുവിൽ അവർ ഒരു പ്ലാവിനെസമീപിച്ചു.*
*" പ്ലാവുരമേ.... ഞങ്ങൾക്കു വിശന്നിട്ടു*
*വയ്യ...*

*ഒരു ചക്ക പഴം തരുമോ.... ഹും ചക്കപ്പഴം കടന്നു പോകുന്നുണ്ടോ..? ഇല്ലെങ്കിൽ നിങ്ങളെ ചമ്മന്തിയാക്കും ഞാൻ...*
*മാവിനോടും ആഞ്ഞിലിയോടും എല്ലാം ചോദിച്ചിട്ടും മാനുകൾക്ക് ഒന്നും കിട്ടിയില്ല.ഒടുവിൽ മാൻ കുട്ടി നെല്ലി മരത്തെ ദയനീയ മായി നോക്കി. അനുഭാവപൂർവ്വം നെല്ലി മരം കൊമ്പുതാഴ്ത്തി നെല്ലിക്കകൾ നൽകി. അവർ സന്തോഷത്തോടെ നെല്ലിക്കകൾ തിന്നു വിശപ്പുമാറ്റി. ഹായ് എന്തു രുചി... തേൻ വരിക്കയും തേൻ മാമ്പഴവും ഉണ്ടായിട്ടെന്താ... ആർക്കും ഉപകാരമില്ലാത്ത അവയെക്കാൾ എത്ര നല്ല താണി കുരുന്നു നെല്ലിക്കകൾ. മാനുകളുടെ വാക്കുകൾ കേട്ട് വൻ മരങ്ങൾ നാണിച്ചു തലതാഴ്ത്തി നിന്നു.*

*THRISHA*
*9th C*

# A Child's Thought of God.....

They Say that God lives very high
But if you look above the pines
you cannot see our God; and why?
And if you dig down the mines
you never see him in the gold;
through from him all that's glory shines

God is so good ,the wears a fold
of heaven and earth across his face.
Like secrets kept for love unfold
But still i feel that his embrace
slides down by thrills through all things made,
through sight and sound of every place.
As if my tender mother laid
on my shut eyes her kisses
half-walking me at high, the side
when guessed you through the dark; dear God?

PUNNYA
9th c

# POLLUTION



*POLLUTION ,*
*ACTION OF US,*
*THE HUMANS*
*INTERFERENCE AGAINST ENVIRONMENT*
*MAJOR THREAT BY MAN.*
*AGAINST IT THE NATURE CRIES,*
*WON'T THE MAN WILL ALWAYS SMILE,*
*THE NATURE CAN EVEN*
*MAKE THE PERSON CRY .......*

*DINOJ*
*ENGLISH TEACHER*

# LIFE IS..!



Life is a flower to make a garden
Life is a beauty to admire
Life is a drama to act to act
Life is a work to did
Life is an exam to win
Life is a teacher to teach
Life is a challenge to face
Life is a person to make friends
Life is a revenge to gain success
Life is a sun to raise
Life is a nothing but something.

HAIBA MEHAJABIN.M
9TH D

# അമ്മ



അമ്മയല്ലോ എന്നുമെൻ ദൈവം
അമ്മയെയാണെനിക്കേറെയിഷ്ടം
അമ്മയല്ലോ എൻ ജന്മ സാഫല്യം
എന്നും ഞാൻ പൂജിക്കും ദൈവമെന്നമ്മ
ദൈവത്തിൻ തിരുനാമമെന്നമ്മ
സ്നേഹത്തിന് പ്രതീകമെന്നമ്മ
താലോലത്തിന് ശോഭയെന്നമ്മ
താലോലം പാടാനും
ഉറക്കാനും എൻ അമ്മതൻ
സ്നേഹം കൂടെ
തുമ്പപോൽ തന്നെയെൻ
അമ്മതൻ നൈർമല്യം
അമ്മയല്ലോ എന്നുമെൻ ദൈവം
അമ്മയെയാണെനിക്കേറെയിഷ്ടം

ALKA SIMPLE
9th D

# मन

जानती हूँ मैं
मन माने क्या है ?
उसकी गहराई कितनी
यह मुझे नहीं मालूम |

मन में खुबसुरती है तो
सब कहीं खुशहाली |
तनाव आते है तो त्सुनामी
समस्याएँ उभरकर आती है
तो बच्चों की मुस्कान देखो
फूलों की लालिमा देखो
माँ के आँसु देखो

देश की गरिमा
हम पर निर्भर है
शान्त करो मन को
ठीक होंगे सब |

पुण्या विजयन

# മറക്കാൻ പറ്റാത്ത ദിനങ്ങൾ...

നേരം ഇരുട്ടി തുടങ്ങി. ജോസഫ് സാവധാനം ഉമ്മറത്തു നിന്നും അകത്തേക്ക് പോയി.അയാൾ പതിയെ ഗ്യാസ് ഓൺ ചെയ്ത് കുറച്ച് വെള്ളം വെച്ചു. വെള്ളം തിളച്ചുമറിഞ്ഞു.ജോസഫ് അതറിഞ്ഞില്ല, പെട്ടന്ന് ത്രേസി വന്ന് ചായ തിളക്കുന്നു എന്ന് പറഞ്ഞപോലൊരു തോന്നൽ,ചായയിൽ പഞ്ചസാരയിട്ട് ജോസഫ് ഉമ്മറത്ത് വന്നിരുന്നു.

പലപ്പോഴും തോന്നിപ്പോകും താൻ ഈ ഭൂമിയിൽ എന്തിനാണ് ഒറ്റയ്ക്ക് ജീവിക്കുന്നത്. ത്രേസി ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ കഥ പറഞ്ഞിരിക്കാം.പക്ഷേ അന്ന് ആ അപകടത്തിൽ ത്രേസി എന്നെ തനിച്ചാക്കി ഒടുവിൽ അവൾ മകളേയും കൊണ്ടുപോയി. മകൻ ഒരുവനെ ആന്റണി എന്തിന് പറയണം ,അവനെ ഒന്ന് തിരിഞ്ഞ് നോക്കുക പോലും ചെയ്യാതെ .....അവൻ ലഹരിയ്ക്ക് പിറകെ പോയി. പെട്ടന്ന് ഒരു ഫോൺ കോൾ,ജോസഫ് ചാടിയെഴുന്നേറ്റു. 'ഹലോ',അതേ ജോസഫ് ആണ്. 'ഹലോ'ജോസഫ് നാളെ ഉറപ്പായും നിങ്ങൾ വരില്ലെ.....
രാവിലത്തെ ട്രെയിനിന് പോകണം, നിങ്ങൾക്ക് കഴിയും മറ്റൊന്നും ചിന്തിക്കണ്ട,നിങ്ങളെ എനിക്കറിയില്ലേ, നാളെ കാണാം തയ്യാറായി വരണം. ജോസഫ് ഫോൺ കട്ട് ചെയ്തു. മനസ്സിന്റെ വല്ലാത്ത സങ്കടം. താനെങ്ങനെ നാളെ പാടും. ജോസഫ് വ്യാകുലനായി. ഒരോന്ന് ചിന്തിച്ച് ജോസഫ് മയങ്ങി.

നേരം വെളുത്തു. ജോസഫ് രാവിലെ തന്നെ എഴുന്നേറ്റു. ഒരുങ്ങി ഓഫീസിലെത്തി. ജോൺ പോകാം. ജോസഫും ജോണും ട്രെയിൻ കയറി. ജോസഫ് പുറത്തേക്ക് നോക്കിയിരിക്കെ ഒരമ്മയും മകളും ആട്ടിൻ കുട്ടികളെ മേയ്ക്കുന്നതു കണ്ടു. അയാൾ അതും നോക്കി കുറേ നേരം ഇരുന്നു. ആയാൾ പതിയെ ഉറക്കത്തിലേക്ക് വഴുതി വീണു. പുറത്തെ കലഹം കേട്ട് ജോസഫ് ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു. ജോണിനോട് കാര്യം തിരക്കി. അവിടെ രണ്ടു മൂന്ന് കുട്ടികൾ ലഹരി വലിച്ച് അടിയുണ്ടാക്കുന്നു.

പിന്നെ ആളുകൾ മിണ്ടാതിരിക്കുമോ? പോലീസ് വന്നിട്ടുണ്ട്. ജോൺ പറഞ്ഞു. ജോസഫ് സാവധാനം എഴുന്നേറ്റ് നോക്കി . പെട്ടെന്ന് ജോസഫ് വെട്ടേറ്റപ്പോലെ തരിച്ചു നിന്നു പോയി. എന്താ ?എന്തു പറ്റി ജോൺ വേവലാതിയോടെ ചോദിച്ചു. ജോസഫിന്റെ കണ്ണിൽ നിന്നും കണ്ണുനീർ വാർന്നോലിച്ചു. ജോൺ വ്യാകുലനായി. ലഹരിക്കടിമയായവരിൽ തലവനായി താൻ ലാളിച്ചു വളർത്തി തന്നെ ഉപേക്ഷിച്ചു പോയ തന്റെ പ്രിയപുത്രനും...ജോസഫിനെ എങ്ങനെ സമാധാനിപ്പിക്കണം എന്ന് ജോണിനറിയില്ല. ജോസഫ് പുറത്തേക്ക് നോക്കി. അവിടെയതാ ഒരച്ഛൻ മകനെ തോളിലേറ്റി കഥയും പറഞ്ഞ് നടന്നു വരുന്നു.ജോസഫ് കണ്ണുകൾ തുടച്ചു. അന്നത്തെ ദിവസംതന്നെ പോയി എന്ന് ജോസഫിന് തോന്ന് ജോൺ ജോസഫിനോട് തിരിച്ചു പോകാം ഇന്ന് പരിപാടി വേണ്ട എന്ന് പറഞ്ഞു.

ജോസഫ് വിതുമ്പികൊണ്ട് പറഞ്ഞു ആന്റണി കണ്ട ഭാവം പോലും നടിച്ചില്ല. ജോണിന്റെ കണ്ണുകൾ നിറഞ്ഞു. ജോസഫ് സാവധാനം കണ്ണുകളടച്ചു. ഈ ഓരോ നിമിഷവും ആയാളുടെ ഹ്യദയത്തെ മുറിപ്പെടുത്തിക്കൊണ്ടിരുന്നു.

ജോണി തന്റെ മകനെ ഓർത്തു സങ്കടപ്പെട്ടു . ലോകത്തെ എല്ലാകുട്ടികളെയും വഴിതെറ്റിക്കുന്നത് തന്റെ മകൻ ആന്റണിയാണ് എന്ന് ഓർത്തപ്പോൾ അദ്ദേഹത്തിന് ദൈവത്തിന് മുന്നിൽ ചെന്ന് മാപ്പ്ചോദിക്കണം എന്ന് തോന്നി. അയാൾ സാവധാനം എഴുന്നേറ്റു പുറത്തേക്കിറങ്ങി. സ്റ്റോപ്പിൽ ബെഞ്ചിൽ ഇരുന്നു. മര്യാദക്ക് ഇരിക്കാൻ കഴിഞ്ഞില്ല .കാരണം തന്റെ മകന്റെ അവസ്ഥ തന്നെ...തന്റെ കുടുംബത്തെ കണ്ണടച്ചിരുന്ന് ഓർത്തു. തന്റെ ത്രേസിയേയും, മകളെയും ആന്റണിയെയും കഴിഞ്ഞകാല ഓർമകൾ ....... അയാൾ മരണത്തിലേക്ക് കാലുകൾ നീട്ടികൊടുത്തു.അപ്പോഴും അയാളുടെ ഹ്യദയത്തിനേറ്റ മുറിവിൽ നിന്നും രക്തം കിനിയുന്നുണ്ടായിരുന്നു.......

# പ്രത്യാശയോടെ.....

*ജീവിതഭാരങ്ങൾ ഏറ്റെടുത്തു വളർത്തിയ അമ്മയ്ക്കും, തന്റെ രണ്ട് പെൺമക്കൾക്കും വേണ്ടി മാത്രം ജീവിച്ചയാളായിരുന്നു രാമു. തന്റെ രണ്ട് പെൺമക്കളെ സുരക്ഷിത ജീവിതത്തിലേക്ക് പറത്തിവിടാനായി രാമു ഒഴുക്കിയ വിയർപ്പ് എണ്ണമറ്റതാണ്. ഒരു മുക്കുവനായ അദ്ദേഹത്തിന് തന്റെ തുച്ഛമായ വരുമാനം കൊണ്ട് ആ കുടുബത്തിനെ പോറ്റാൻ സാധിച്ചിരുന്നില്ല. എങ്കിലും രാമു ആ കുടുബത്തിന്റെ വിളക്ക് അണയാതെ സൂക്ഷിച്ചിരുന്നു.മൂത്തമകളുടെ പഠനചിലവിന് ആവശ്യമായ തുക അദ്ദേഹം കടം വാങ്ങിയിരുന്നു. ആ കടം തീർക്കാനായി രാമു ഒരുപാട് കഷ്ടപെട്ടു. കടം തീർക്കാൻ കഷ്ട്ടപ്പെടുന്ന ആ പാവം മുക്കുവന്റെ അവസ്ഥ വളരെ ദയനീയമായിരുന്നു.*

*വൈകാതെ തന്നെ അവരുടെ ജീവിതം ദുരിത പൂർണ്ണമായി മാറി. തന്റെ മക്കളുടെ വിദ്യാഭ്യാസം അദ്ദേഹത്തിന് താങ്ങാനാവുന്നതായിരുന്നില്ല. ഒരുപാട് ജീവിതക്ലേശങ്ങൾ നിറഞ്ഞ അവരുടെ ജീവിതം ദാരിദ്ര്യത്തിന്റെ വക്കിലെത്തി.*

*ഒരുപാട് സങ്കടങ്ങൾക്കിടയിലും അദ്ദേഹം തന്റെ പ്രതീക്ഷ കൈവിട്ടിരുന്നില്ല. കടലമ്മയെ ആത്മാർത്ഥമായി വിശ്വസിച്ച് കൊണ്ടാണ് ഒരോ ദിവസവും പിന്നിടുന്നത്. പക്ഷേ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാവുകയാണുണ്ടായത്. ഒരു നേരത്തേ ഭക്ഷണം പോലും ലഭിക്കാതെ വന്നു. രോഗിയായ അമ്മയ്ക്ക് ഭക്ഷണം പോലും നൽകാനാവാതെ നിസ്സഹായനായി നിൽക്കേണ്ടി വന്ന രാമുവിന് താൻ മുക്കുവൻ എന്നതിലുപരി മറ്റു ജോലി ചെയ്യണം എന്ന മക്കളുടെയും അമ്മയുടെയും നിർബന്ധം കാരണം അദ്ദേഹം ജോലി തേടി അന്യസംസ്ഥാനത്ത് പോകാൻ തയ്യാറായി.*

*അങ്ങനെ അദ്ദേഹം മറ്റു ജോലി തേടി യാത്രയായി.നിലച്ചുപോയ തന്റെ മക്കളുടെ വിദ്യാഭ്യാസം പുനരാരംഭിക്കുന്നതിനും, രോഗിയായ തന്റെ അമ്മയെ രോഗവിമുക്തമാക്കാനും, കുടുംബാന്തരീക്ഷം പഴയ സ്ഥിതിയിലാവാനും വേണ്ടി അദ്ദേഹം കുറെ പരിശ്രമിച്ചു. അങ്ങനെ അദ്ദേഹം ഒരു ടൂപ്പുകാരനായി ജോലിയാരഭിച്ചു. ജോലി അദ്ദേഹം ഒരു മൂന്നു മാസത്തോളം ചെയ്തു. എന്നിട്ടു തന്റെ വരുമാനം തന്റെ കൂട്ടുക്കാരന്റെ കൈയ്യിൽ എൽപ്പിച്ചുകൊണ്ട് തന്റെ കുടുബത്തിന് വേണ്ടി ചെലവാക്കാനുള്ളതാണ് എന്ന് ആവശ്യപ്പെട്ടു. പക്ഷെ കൂട്ടുകാരൻ ആദ്യ ചില മാസത്തെ വരുമാനം ആ കുടുബത്തിന് നല്കിയെങ്കിലും പിന്നീട് സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ചു.*

അതോടെ ആ കുടുംബം പഴയ രീതിയിൽ തന്നെയായി . അച്ഛന് ജോലിയില്ല എന്ന തെറ്റിധാരണ ആ കൂട്ടുക്കാരൻ രാമുവിന്റെ മക്കളിലുണ്ടാക്കി. ഭക്ഷണം പോലും ലഭിക്കാതെ മരണപ്പെട്ട തന്റെ അമ്മയെ കുറിച്ചുള്ള വേദന നിറഞ്ഞ വാർത്തയാണ് അദ്ദേഹം പിന്നീട് അറിഞ്ഞത്. അയാളുടെ ഹൃദയത്തിനേറ്റ മുറിവിൽ നിന്നും രക്തം കിനിയുന്നുണ്ടായിരുന്നു. തന്റെ സുഹൃത്തിനെ അമിതമായി വിശ്യസിച്ചതിൽ അയാൾക്ക് നഷ്ട്ടപ്പെട്ടത് ഒരു ജീവനല്ല പകരം ഒരായുസ്സാണ്.

നാട്ടിലേക്ക് തിരിച്ചു അവിടെയെത്തിയ രാമുവിന് തന്റെ അമ്മയും മക്കളും കഴിഞ്ഞ ദയനീയവസ്ഥ മനസ്സിലായി. മാതൃസ്നേഹം നിറഞ്ഞ തന്റെ അമ്മ പോയ വേദനയിലുപരി അമ്മയില്ലാത്ത തന്റെ മക്കളുടെ ഏക ആശ്രയമായിരുന്ന അമ്മമ്മ, പക്ഷെ ഇന്നെല്ലാം നഷ്ട്ടപ്പെട്ടുപോയ രാമു ഇപ്പോൾ ദയനീയവസ്ഥയിലാണ്. ആരെയും പഴിപറയാതെയും ആരോടും പ്രതികരിക്കാതെയുമുള്ള അദ്ദേഹത്തിന്റെ ജീവിതം ഒരൊ നിമിഷം തോറും ദയനീയമാകുമ്പോൾ അദ്ദേഹത്തിന്റെ നന്മയും ആത്മവിശ്യസവും അദ്ദേഹത്തിന്റെ കുടുബത്തിന് പ്രത്യാശയുടെ പുതിയ നാമ്പാണ്. സ്വന്തം ജീവിതം തന്റെ മക്കളെ ഉന്നതരാക്കാൻ വേണ്ടി വീണ്ടും അയാൾ മാറ്റിവയ്ക്കുന്നു.

തേജലക്ഷ്മി വി.എം

$8^{th}$ D

# പ്രകൃതി ഭംഗി



മാനം കറുത്തപ്പോൾ
മഴയൊന്നു പെയ്യ്തപ്പോൾ
പൂവും ചെടിയും കുളിരണിഞ്ഞു

മഴയൊന്നു നിന്നപ്പോൾ
കുളിർകാറ്റ് വന്നപ്പോൾ
പൂവിന്റെ ഗന്ധം പരന്നൊഴുകി

പൂമണം പരന്നപ്പോൾ
തുമ്പികൾ വന്നപ്പോൾ
ചെണ്ടുകൾ എന്തിനോ കൊതിച്ചു നിന്നു.

അൽക്ക സിംമ്പൾ
$9^{th}$ D

# C.M.C SCHOOL STAFF



# CLASS PHOTOS



5^TH A



5^TH B



$5^{TH}$ C



$6^{TH}$ A



$6^{TH}$ B



$6^{TH}$ C



$7^{TH}$ A



$7^{TH}$ B



# $7^{TH}$ C



# $8^{TH}$ A



$8^{TH}$ B



$8^{TH}$ C



8TH D



9TH A



# $9^{TH}$ B



# $9^{TH}$ C



# $9^{TH}$ D



# 1O-A



10-B



1O C

# നമ്മുടെ ചാച്ചാജി

സ്വതന്ത്ര്യ ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽനെഹ്റുവിന്റെ ജന്മദിനമാണ് ഇന്ത്യയിൽ ശിശുദിനമായി ആഘോഷിക്കുന്നത്. 1889 നവംബർ പതിനാലിന് ഉത്തർപ്രദേശിലെ അലഹബാദിലാണ് നെഹ്റു ജനിച്ചത്. പ്രശസ്തനായ അഭിഭാഷകനും രാഷ്ട്രീയ നേതാവുമായ പണ്ഡിറ്റ് മോത്തിലാൽ നെഹ്റുവിന്റെ ഏകപുത്രനാണ്. അദ്ദേഹം വീട്ടിൽ വെച്ച് ശൈശവ



വിദ്യാഭ്യാസം കഴിഞ്ഞശേഷം പതിനഞ്ചാം വയസ്സിൽ ഇംഗ്ലണ്ടിലെ ഹാരോ പബ്ലിക് സ്കൂളിൽ ചേർന്നു. കംബ്രിഡ്ജ് സർവകലാശാലയിൽ നിന്ന് ബാരിസ്റ്റർ ബിരുദവും നേടി അലഹബാദ് ഹൈകോടതിയിൽ അഭിഭാഷകനായി ജീവിതമാരംഭിച്ചു. കുട്ടികൾ അദ്ദേഹത്തെ ചാച്ചാ എന്നായിരുന്നു വിളിച്ചിരുന്നത്. ഒരച്ഛൻ മകൾക്കയച്ച കത്തുകൾ എന്ന നെഹ്റുവിന്റെ കത്തുകൾ പ്രസിദ്ധമാണ്. 1916 ൽ കമലാ കൗളിനെ ജവാഹർലാൽ വിവാഹം ചെയ്തു. ഏറ്റവും പ്രശസ്തനായ ഒരെഴുത്തുകാരനായി ലോകചരിത്രാവലോകനം, ആത്മകഥാ, ഇന്ത്യയെ കണ്ടത്തെൽ എന്നീ കൃതികൾ രചിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു

# *ESSAY ABOUT LIBRARY*

*Libraries are an essential part of the community. However not all societies have libraries.*



*Libraries required centralized populations ,economic development and political stability for there survival. Libraries exist in places where peace exist. They cannot exist in places with full of conflicts. Libraries have different mission and serve different*
*communities differently. People and organisations establish libraries with different mission historical over view shows*
*that libraries have always had missions.*
*The earliest mission of libraries was to maintain an archive for records. There is not information that shows when the first library was established. In the past temples ,municipals and governments had libraries. Therefore, Julius Caesar started building a public library,but died before he completed it.Asinius pollio completed the library. This established was followed by more public libraries .*
*Other missions of libraries that existed in the past*
*included maintaining scholarly mission ,religious mission,for*
*CMC girls high school CREATIVE SPARKS Sinstance,monastic libraries of middles ages,educational mission,for instance university, humanistic mission and*
*promoting national pride (Rubin 39)*

*In the modern world, libraries have certain missions that they serve. The establishment of the printing press made more books available to many people. This encouraged the establishment of more libraries. In the United States of America, libraries came up with new missions. First,libraries emerged with the mission of self improvement .Advances in mechanical technology in the eighteenth century led to industrial revolution that improved the economy and community health. This meant that a certain class of citizens had more leisure time, for self improvement. This favoured the emergence of new libraries. The social library emerged with an aim of helping individuals improve through the search of truth. Therefore, they provided literature and books that provided information, which could help people to gain knowledge and improve there character.Library management system RAVITEJA JAKKA. Wilmington university IST-7000 Data*

*management Olufemi.Abstract The project Library management system focuses on developing a database for a library. The project is to maintain the student history and the availability of books, magazines and journals and also the name and student id for which the specific book.*

# *INDIAN EDUCATION SYSTEM...*

India has the greatest foundation of knowledge and lots of contribution in the various fields of education;
from "0" to "Trigonometric Evaluation" was showcased to the world. In India itself the 1st university in the world was established i.e., Nalanda University (5 th Century). People from various countries used to come to Nalanda University at

that era, but now in the present situation, people from India use to go for higher education in the foreign countries. India was flourishing in the 5 th century but now it is lagging behind .
A best fact is, if we talk about our education system, engineering colleges has been springing up like wild mushroom in the last few years. About 1.5 million engineer candidates pass out but only 7% of them get a job and other just suffers the taste of

unemployment. The gradual increasing of population is also one of the causes.

So what's going wrong with our education system?? The bitter truth is education system in India is crippled. Sugata Mitra said, “The Indian education system, like the Indian bureaucratic system, is Victorian and still in the 19 th century. Our schools are designed to produce clerks for an empire that does not exist anymore.” India education system does have a big problem of bad quality teachers. In rural primary schools, we hardly see any talented staff, and even in the Universities. Major factors causing this are as follows, teaching is not considered as an appreciated job, teachers don’t get corporate equivalent salaries. That is why teaching is not a glamorous job in India. Existing teaching staff needs to mprove their skills. The education system needs to bring the processes which will improve the existing teacher’s quality periodically. And the most important thing to point that most of the institution prefer paper qualification or marks basis which negotiate the pupils qualified by quality. The focus of our education system is on theoretical knowledge rather than practical knowledge. In India, many students are confused about career choice. This happens because we don’t get proper guidance and we can’t analyze our own skills and interests. There should be some activities through which students will get a chance to decide

THEIR CAREER TO DECIDE THEIR CAREERS AT CORRECT PHASE OF LIFE.

EDUCATION SHOULD NOT BE ONLY ABOUT DEGREE AND CERTIFICATES; IT SHOULD BE A PLATFORM OF LEARNING, PASSION TO DEVELOP OURSELVES AND WELL BEING TO SOCIETY. IT IS THE MOST POWERFUL WEAPON WHICH WE CAN USE TO CHANGE THE WORLD.

THANK YOU....

HAIBA MEHAJABIN.M

9TH D




# CONSTITUTION OF INDIA

## PREAMBLE

WE THE PEOPLE OF INDIA. HAVING SOLEMNY RESOLVED TO CONSTITUTE INDIA INTO SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC AND TO SECURE TO ALL ITS CITIZENS

***JUSTICE***

*SOCIAL, ECONOMICS AND POLITICAL:*

***LIBERTY***

*OF THOUGHT, EXPRESSION, BRIEF, FAITH AND WORKSHIP*

***EQUALITY***

*OF STATUS AND OF OPPORTUNITY: AND TO PROMOTE AMONG THEM ALL*

***FRATERNITY***

*ASSURING THE DIGNITY OF THE INDIVIDUAL AND THE UNITY AND INTERGRITY OF THE NATION.*

*IN OUR CONSTITUENT ASSEMBLY*

*THIS TWENTY-SIXTH DAY OF NOVEMBER, 1949, DO*

*HERE BY ADOPT,ENACT AND GIVE TO OURSELVES THUS CONSTUTIONS.*

# *ARABIC CALLIGRAPHY...*

***Arabic calligraphy is the artistic practice of handwritting and calligraphy based on the arabic alphabet. It is known in arabic as (arabic: حت ),khatt derived from the word 'line','design',or'constitution'. Kufic is the oldest form of the arabic script.***

***Although most islamic calligraphyis in arabic and most arabic calligraphy is islamic, the two are not identical. Coptic christian mnuscripts in arabic, likewise,there is islamic calliagraphy in persian.***




***The 'Artsy Wish' by Haiba Mehajabin . She was Arabic calligrapher. The Arabic calligrahy based on arabic language.***















*HAIBA MEHAJABIN. M*
*9TH D*

# അമ്മുക്കുട്ടി

അമ്മുവിനെ കാണാൻ നല്ല ഭംഗിയായിരുന്നു. തുടുത്ത കവിൾ, മേനിയിൽ സ്വർണ്ണവളകൾ കൊണ്ടും, മാലകൾ കൊണ്ടും പൊതിഞ്ഞിരിക്കുന്നു. അമ്മയേയും അച്ഛനേയും അവൾക്ക് ജീവനായിരുന്നു. കൈനിറയെ മിഠായിയുമായി എത്തുന്ന അച്ഛനേയും കാത്തവളിരിക്കും. അമ്മയാണെങ്കിൽ അവളുടെ കുസൃതിതരങ്ങൾകൊണ്ട്പൊറുതിമുട്ടി. അവളുടെ കുസൃതിത്തരങ്ങൾ സഹിക്കാൻ പറ്റാതാവുമ്പോൾ അമ്മ അവളെ തല്ലും. അമ്മ അവളെ തല്ലുന്നത് മുത്തശ്ശി കണ്ടാൽ ഓടിചെന്ന് അവളെ കെട്ടിപിടിച്ച് ഉമ്മ വയ്ക്കുമായിരുന്നു. മുത്തശ്ശിയെ അവൾക്ക് ഒരുപാടിഷ്ടമായിരുന്നു.കാരണം മുത്തശ്ശി അവൾക്ക് ഒട്ടേറെ കഥകൾ പറഞ്ഞുകൊടുക്കുമായിരുന്നു. ചൂടുള്ള തട്ടുകടകളിലെ പലഹാരങ്ങളുമായി മുത്തശ്ശൻ അരികിലെത്തുമായിരുന്നു. അവൾ എല്ലാ ദിവസവും നഴ്സറിയിൽ പോകാറുണ്ടായിരുന്നു. അങ്ങനെ ഓണമടുത്തു അവളുടെ വല്ല്യച്ഛനും, വല്ല്യമ്മയും, ചേട്ടനും, ചേച്ചിയും അവൾക്ക് ഓണാശംസകൾ നേരാനെത്തി. കാരണം ഇവരെല്ലാവരും തറവാട്ടുവീട്ടിലാണ് താമസം. പുതിയ ഓണക്കോടിയുമുടുത്ത് എല്ലാവരും അമ്പലത്തിലേക്കിറങ്ങി. അമ്പലത്തിലെത്തിയപ്പോൾ അമ്മു കണ്ടത് ഭിക്ഷയ്ക്കായിരിക്കുന്ന ചിലരെയാണ്. അമ്മയും അച്ഛനുമെല്ലാവരും ദൈവത്തിനെതൊഴുത് നട ഇറങ്ങുകയായിരുന്നു. അമ്മു ഇവർ പോകുന്നത് കണ്ടിരുന്നില്ല. തിരക്കിനിടയിൽ അവളപ്പോഴും ദൈവത്തിനെപ്രാർത്ഥിക്കുകയായിരുന്നു. എല്ലാവരും ഓട്ടോയിൽ കയറി തിരിച്ചിറങ്ങുമ്പോഴാണ് ശ്രദ്ധിച്ചത് അമ്മു ഒട്ടോയിലില്ലായെന്ന് ഇതറിഞ്ഞതും അമ്മുവിന്റെ അച്ഛൻ വെപ്രാളത്തോടെ

അമ്പലത്തിലേക്കോടി. അവിടെ അമ്മു ഉണ്ടായിരുന്നില്ല. അപ്പോഴാണ് അമ്മു പ്രാർത്ഥിച്ചതിന ശേഷം തിരിഞ്ഞുനോക്കിയപ്പോൾ അമ്മയേയും

അച്ഛനേയും ആരെയും കാണുന്നില്ല. അവിടെ ഭിക്ഷയാചിച്ചിരുന്ന ഒരു വൃദ്ധൻ ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അയാൾ അമ്മുവിനോട് പറഞ്ഞു. മോളെ ഞാൻ നിന്നെ നിന്റെ അമ്മയുടെയും അച്ഛന്റെയും അരികിലെത്തിക്കാമെന്ന് പറഞ്ഞുകൊണ്ട് അവളെ അവിടെനിന്ന എടുത്തുകൊണ്ട് പോയി. അവളെയുമെടുത്തു അയാൾ ഒരു കുടിലിലേക്ക് കൊണ്ടു പോയി. അവിടെവെച്ച് അയാളോട് അമ്മു ചോദിച്ചു. എന്റെ അച്ഛനെവിടെ എന്റെ അമ്മയെവിടെ, പറ. അയാൾ പറഞ്ഞു. ദാ ഇപ്പവരും നിന്റെ അച്ഛനും അമ്മയും. അയാൾ പറഞ്ഞതെല്ലാം അവൾ മുഴുവനായും വിശ്വസിച്ചു. തന്റെ അച്ഛനുമമ്മയും ,അപ്പോഴേക്കും സന്ധ്യയായിരുന്നു. ഭിക്ഷ യാചിച്ച കുറെ കുട്ടികൾ കൈയ്യിൽ ഒരു പാത്രവും അതിൽ കുറച്ച ചില്ലറയുമായി അവിടെയെത്തി. ഇതുകണ്ട അമ്മു അവരെ ഭയത്തോടെ ആയിരുന്നു നോക്കിയിരുന്നത്. അവളെ ആ വൃദ്ധൻ മയക്കികിടത്തിയിട്ട് അവളുടെ കൈയിലും കാതിലുമുള്ള സ്വർണങ്ങൾ ഊരിയെടുത്തു. അങ്ങനെകുറച്ചു. ദിവസത്തിനുശേഷം, അവൾ അമ്മയെയും, അച്ഛനെയും ചോദിക്കുമ്പോൾ അയാൾ അവളെ പൊതിരെ തല്ലുമായിരുന്നു. പിന്നീട് അവളുടെ വസ്ത്രവും, മുടിയും, ശരീരവുമെല്ലാം വളരെ വ്യത്യസ്തമായിരുന്നു.

കീറിപഴകിയ വസ്ത്രം എണ്ണതേക്കാത്ത പാറിയമുടി, കുറുത്ത് കുളിക്കാത്ത ശരീരം. അങ്ങനെ അവൾ വളരെ വലിയ കുട്ടിയായി മാറി. അവളെ അന്വേഷിച്ച് അവളുടെ അച്ഛനും അമ്മയും എല്ലായിടത്തും തിരക്കി. പക്ഷെ എവിടേയും കണ്ടില്ല. അങ്ങനെ ഒരു ദിവസം അവൾ ഭിക്ഷയ്ക്കായ് മറ്റു കുട്ടികളുടെ കൂടെ ഇരിക്കുമ്പോൾ അവളോർക്കുകയായിരുന്നു. എന്നപ്പോലെ തന്നെയായിരുന്നു ഇവരും. ഇവരെ ഇയാൾ തട്ടികൊണ്ടുപോയതാണെന്ന് അവൾക്ക് മനസ്സിലായി. ഭിക്ഷയാചിച്ച

*പൈസ കുറഞ്ഞു പോയാൽ അവരെ അന്ന് പട്ടിണിക്കിടുകയും ചൂട്ടുപഴിപ്പിച്ച വടികൊണ്ട് തല്ലുകയും ചെയ്യും. അവളങ്ങനെ ആലോചിച്ചിരിക്കുമ്പോഴാണ് കണ്ടത്. തന്റെ അച്ഛനും അമ്മയും അതുവഴി വന്നത്. ഇതുകണ്ട അവൾ അവരുടെ അരികിലേക്ക് ഓടി. അവർക്ക് അവളെ തീരേ മനസിലായില്ല. അവൾ കരഞ്ഞുകൊണ്ട് ഞാനാണ് 'അച്ഛാ അമ്മേ' എന്ന് പറഞ്ഞു. ഒരു നിമിഷം അമ്മുവിനെവാരിയെടുത്തു തങ്ങളുടെ പൊന്നുമോൾ വലുതായിരിക്കുന്നു. തനിക്ക് തിരിച്ചുകിട്ടിയിരുക്കുന്ന തന്റെ പൊന്നുമോളെ.....അച്ഛൻ ആ പോലീസിലറിയിച്ചു. ഭിക്ഷാടനം നടത്തുന്ന സംഘത്തെ പിടിച്ചു കൊടുത്തു.*

***AJANYA***
***10-C***

# ഇരുട്ടണഞ്ഞ ജീവിതത്തിൽ പ്രകാശം കയറിയപ്പോൾ.....

മുംബൈയിൽ നഗരത്തിലെ വളരെ സമ്പന്നനായ ഒരു വ്യക്തിയുടെ മക്കളായിരുന്നു വിനോദും അപ്പുണ്ണിയും. അപ്പുണ്ണിയുടെ ചേട്ടനായിരുന്നു വിനോദ്. അപ്പുണ്ണിക്ക് എട്ട് വയസ്സ് പ്രായം, തന്റെ പേര് വളരെ പഴകിയതാണെന്ന്പറഞ്ഞ് തന്റെ ചേട്ടൻ അപ്പുണ്ണിയെ മറ്റുള്ളവരുടെ മുന്നിൽ വച്ച് കളിയാക്കുമായിരുന്നു. മാത്രമല്ല, തന്റെ അനുജനെ ഒന്ന് വാരിപ്പുണരുകയോ, തൊട്ട് തലോടുകയോ, സ്നേഹക്കികുകയോ ഉണ്ടായിരുന്നില്ല. എന്നും വഴക്ക് പറയുകയും, തല്ലുകയും ചെയ്യുമായിരുന്നു. എന്നാൽ അപ്പുണ്ണിക്ക് തന്റെ സഹോദരനോടുള്ള സ്നേഹത്തിൽ ഒരു അംശം പോലും കുറവുണ്ടായിരുന്നില്ല. എന്നെങ്കിലും തന്റെ സ്നേഹം തിരിച്ചറിയാതിരിക്കില്ല എന്ന് കരുതി താൻ സ്വയം ആശ്വസിക്കുമായിരുന്നു. തന്റെ മാതാപിതാക്കൾ അരുടെ രണ്ട് മക്കളിലും നല്ലത് അപ്പുണ്ണിയാണെന്ന് എപ്പോഴും പറയുമായിരുന്നു. മൂത്തമകൻ പതിനഞ്ചു വയസ്സു വരെ തന്റെ പിതാവിന്റെ കൂടെ വിദേശത്തായിരുന്നതിനാൽ നല്ല നിലക്ക് അവനെ വളർത്താൻ കഴിയാത്തതിനാൽ തന്റെ അമ്മ എന്നും വേദനിക്കുന്നുണ്ടായിരുന്നു. പുറത്ത്പോകുമ്പോൾ വിനോദിനെ മാതാപിതാക്കൾ കൂടെ കൂട്ടാറില്ല. ലഹരിയ്ക്കും മറ്റും അടിമയായ മകനെ പുറത്തുകൊണ്ട്പോകാൻ അവരുടെ അച്ഛന് വളരെ കുറച്ചിലായിരുന്നു. കുഞ്ഞായിരിക്കുമ്പോൾ തന്നെ വളരെ ദയയുള്ള മനസ്സായിരുന്നു വിനോദിന് .അവൻ ഇത്തരത്തിൽ എങ്ങനെ മാറി എന്ന് തന്റെ മാതാപിതാക്കളുടെ മനസ്സിൽ എന്നും ഉയരുന്ന ചോദ്യമായിരുന്നു. എന്നും പണവുമായി കൂട്ടുകാരോടൊപ്പം പുറത്ത് പോയി

ധൂർത്തടിക്കുമായിരുന്നു. വിനോദിന്റെ മുറിയിൽ കയറിയാൽ മദ്യവും ലഹരിപദാർത്ഥങ്ങളുമായിരുന്നു.

പതിവുപോലെ പോലെ ധൂർത്തടിക്കാനായി പുറത്ത് പോയപ്പോൾ മദ്യം കഴിച്ച് ബാറിൽ നിന്നിറങ്ങിയ വിനോദ് ആ കാഴ്ച കണ്ടു. പിച്ചതെണ്ടാനിരിക്കുന്ന ഒരു വൃദ്ധനും കൂടെ, അന്ധയായ ഒരു കൊച്ചു പെൺകുട്ടിയും. അന്ധയായ ആ കുട്ടിക്ക് ഒന്നും സ്വയം ചെയ്യാൻ കഴിയില്ല, എല്ലാം ആ വൃദ്ധനെ ആശ്രയിച്ചാണ്. അവരെ കണ്ടപ്പോൾ ഭക്ഷണം കഴിച്ചിട്ട് നാളുകളായി എന്ന് ആ കൊച്ചു പെൺകുട്ടിയുടെ മുഖത്ത് എഴുതിവെച്ചിരുന്നു. വിനോദ് ഒരു നൂറു രൂപ എടുത്തുനീട്ടി. തന്റെയും ആ കൊച്ചു പെൺകുട്ടിയുടേയും വിശപ്പകറ്റാൻ ഒരു അവസരമൊത്തു എന്ന ആഹ്ലാദത്തിൽ അയാൾ ഓടിവന്നു. പക്ഷേ, ആ വൃദ്ധൻ റോഡിലൂടെ ചീറിപായുന്ന വാഹനങ്ങൾക്ക് ഇരയായി ആളുകൾ ചുറ്റിലുംകൂടി. പക്ഷെ, ഒന്നും അറിയാതെ ആ പെൺകുട്ടി അവിടെ അമ്പരന്നു നിന്നു. ആളുകൾ ആ പെൺകുട്ടിയെ ശ്രദ്ധിച്ചില്ല. തെരുവിൽ അനാഥയായി നിൽക്കുന്ന ആ പെൺകുട്ടിയുടെ നിസ്സഹായവസ്ഥ കണ്ടപ്പോൾ വിനോദിന് തന്റെ മനസ്സിൽ ആ പെൺകുട്ടിയെ സഹായിക്കണമെന്ന ആഗ്രഹം ഉയർന്നു വന്നു. പക്ഷെ, സമനിലതെറ്റിയ തനിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. റോഡ്സൈഡിൽ അവൻ വീണു പോയി. അടുത്ത ദിവസം കണ്ണ് തുറന്ന വിനോദ് ഒരാൾക്കൂട്ടം കണ്ടു. പക്ഷേ, അതെന്താണെന്ന വാർത്ത അറിഞ്ഞപ്പോൾ തന്റെ ഹൃദയത്തിൽ നിന്ന് രക്തം വാർന്നൊഴുകുന്നതു പോലെ അവന് തോന്നി. വിശപ്പും ദാഹവും സഹിക്കാൻ വയ്യാതെ അസഹ്യയായി ആ പെൺകുട്ടി മരിച്ചു.

സ്വബോദത്തോടെയാണ് പ്രവർത്തിച്ചതെങ്കിൽ ആ കൊച്ചു പെൺകുട്ടിയുടെ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു എന്ന കുറ്റബോധത്താൽ ആ തെരുവിൽ ഒരു ഭ്രാന്തനെ പോലെ അവൻ അലഞ്ഞു. താൻ ധൂർത്തടിച്ചു നടന്ന സമയം ഇത് പോലെ എത്ര ജീവൻ

ഇല്ലാതായേക്കാം,ധൂർത്തടിച്ച പണം എത്ര പേർക്ക് ഉപയോഗപ്രദമായേനെ.അങ്ങനെ ഒരുപാട് ചോദ്യങ്ങൾ താൻ തന്നോട് തന്നെ ചോദിച്ചു. അതിനുള്ള ഉത്തരം സ്വയം കണ്ടെത്തി. ലഹരിയിൽ നിന്നും വിമുക്തനായി മനസ്സിൽ നന്നാവണം എന്ന പ്രതിജ്ഞ ചെയ്യ്തു, സന്തോഷമുള്ള ഒരു ജീവിതത്തിലേക്ക് ആ ചെറുപ്പക്കാരൻ കാലെടുത്തു വെച്ചു. ഒരുപാട് കാലം അന്ധനെ പോലെയുള്ള ജീവിതത്തിൽ പ്രകാശം അരിച്ചു കയറി ,സന്തുഷ്ടരായി. അവൻ തന്റെ കുടുംബത്തിൽ ആ കൊച്ചനുജന്റെ കൂടെ കഴിഞ്ഞു.

***FAHEEMA***
***9-C***

# കഥകളി



***കേരളത്തിൽ രൂപം കൊണ്ട ഒരു നവീന നൃത്തരൂപമാണ് കഥകളി. അഭിനയ നൃത്തരൂപത്തിൽ അവതരിപ്പിക്കുന്ന കഥ എന്ന അർത്ഥത്തിലാണ് കഥകളി എന്ന് പേരുണ്ടായത്.***

***കഥകളിയുടെ ഉപജ്ഞാതാവ് ദക്ഷിണ കേരളത്തിലെ കൊട്ടാരക്കരതമ്പുരാൻ ആണെന്നു വിശ്വസിക്കപ്പെടുന്നു. അദ്ദേഹം ശ്രീരാമനെ ആസ്പദമാക്കി ഒരു കൃതി രചിക്കുകയും അത് നൃത്ത നാടകമായി അവതരിപ്പിക്കാൻ തയ്യാറാവുകയും ചെയ്തു. രാമനാട്ടം എന്നറിയപ്പെട്ടതിന്റെ പരിഷ്കൃതരൂപമാണ് കഥകളിയായത്.***

***മൂന്നുതരം കഥാപാത്രമാണ് കഥകളിയിലുള്ളത് സത്വഗുണ പ്രധാനികളും തമോഗുണ പ്രധാനികളും, രജോഗുണ പ്രധാനികളും ഈ വ്യത്യസ്ത കഥാപത്രങ്ങളെ വിഭിന്ന വേഷങ്ങളിൽ അവതരിപ്പിക്കുന്ന പച്ച, കത്തി, കരി, താടി, എന്നീ വേഷങ്ങൾ***

പ്രത്യേക സ്വഭാവങ്ങളോട് കൂടിയ കഥാപാത്രങ്ങളെയാണ് സൂചിപ്പിക്കുന്നത്. സ്ത്രീ കഥാപാത്രങ്ങൾ മിനുക്ക് വേഷത്തിൽ പ്രത്യക്ഷപ്പെടുന്നു. മുഖത്തെ ചിത്രാലങ്കാരമാണ് മുഖ്യമായും കഥാപാത്രങ്ങളുടെ വർഗ്ഗം നിർണ്ണയിക്കുന്നത്. ധീരോദാത്തകഥാപാത്രങ്ങൾ പച്ച വേഷത്തിലും, ദുഷ്ടകഥാപാത്രങ്ങൾ കത്തി, താടി വേഷങ്ങളിലും, രാക്ഷസന്മാർ, കാട്ടാളന്മാർ എന്നിവർ കരി വേഷത്തിലും പ്രത്യക്ഷപ്പെടുന്നു. കത്തി വേഷം രണ്ട് തരമുണ്ട്. നെടു കത്തിയും, കുറു കത്തിയും. താടി വേഷം മൂന്ന് തരമുണ്ട് വെള്ളത്താടി, ചുവന്ന താടി, കറുത്ത താടി എന്നിവ. സ്ത്രീ കഥാപാത്രങ്ങൾക്കു പുറമേ ബ്രാഹ്മണരും മഹർഷിമാർ എന്നിവരും മിനുക്കുവേഷക്കാരാണ്.

കഥകളി, സാഹിത്യം ആട്ടകഥ എന്നറിയപ്പെടുന്നു. ഉണ്ണായിവാര്യർ, ഇരയിമ്മൻതമ്പി, കോട്ടയം തമ്പുരാൻ, കൊട്ടാരക്കര തമ്പുരാൻ തുടങ്ങിയ പ്രഗത്ഭ സാഹിത്യകാരന്മാർ ആട്ടകഥകൾ രചിച്ചിട്ടുണ്ട്. കഥപരമായ അന്യൂനതയും സാങ്കേതികതയും പുലർത്തുന്ന കഥകളിക്ക് ഭാരതത്തിനകത്തും പുറത്തും ധാരാളം ആസ്വാദകരുണ്ട്.

***Amrutha.P.C***
***IX-C***

# തെരുവ് വിളക്ക്

പഴകി ദ്രവിച്ച തന്റെ പഴയ മുണ്ട് അരയിൽ ചുറ്റി അയാൾ പുറത്തിറങ്ങി. രാത്രിയുടെ കട്ടും കറുപ്പിലും താൻ ഇറങ്ങിപ്പോന്ന വൃദ്ധസദനം തെളിഞ്ഞു തന്നെ അയാൾക്ക് കാണാമായിരുന്നു. അവസാനയാത്രയും പറഞ്ഞാണ് അയാൾ പടിയിറങ്ങിയത്.

ഒരുപാട് നടന്ന് എത്തിച്ചേർന്നത് റേയിൽവേ സ്റ്റേഷനിലായിരുന്നു. കനലെരിയുന്ന മനസ്സോടെ തുരുമ്പിച്ച ഇരുമ്പുബെഞ്ചിൽ ഇരുന്നു. മിനിറ്റുകൾ മണിക്കൂറുകളായി മാറിക്കൊണ്ടിരുന്നു.

ട്രെയിൻ ചെറിയ ഇരമ്പലോടെ പിന്നീട് വന്നു നിന്നു. അയാൾ മാറോടമർത്തിപ്പിടിച്ച തുണിസഞ്ചിയുമായിറങ്ങി ട്രെയിനിന്റെ ജനലഴികൾ പിടിച്ച് വണ്ടിയിലേക്ക് കയറി. പൊടിപുരണ്ട മൂലയിൽ വെമ്പലോടെ അയാൾ ഇരുന്നു.

ട്രെയിൻ നീങ്ങിക്കഴിഞ്ഞപ്പോൾ മധ്യ വയസ്കനായ ഒരാൾ അയാളുടെ എതിർ വശത്തെ സീറ്റിൽ വന്ന് ഇരുന്നു.

മധ്യ വയസ്കനെ കണ്ടപ്പോൾ അയാളുടെ മനസ്സിൽ നേരിയ ഒരു തേങ്ങൽ കടന്നുപോയി. മാറാല പിടിച്ചു കിടന്നിരുന്ന മുഖത്തിന്റെ ചിത്രം മനസ്സിൽ നിന്നും പൊടിതട്ടിയെടുത്തു. തോലുരിഞ്ഞ ചുണ്ടുകൾ ചേർത്തുവെച്ച് അയാൾ ചോദിച്ചു: " മോന്റെ പേര് ' സലീം ' ന്നാണോ " ? ആ ശബ്ദവും ചോദ്യവും കേട്ട് അയാൾ ഞെട്ടിത്തിരിഞ്ഞു നോക്കി. ഒരുപാട് കേട്ട് പരിചയമുള്ള സ്വരം, ആ മുഖം കണ്ടപ്പോൾ അയാളുടെ ഹൃദയം തകർന്നു പോയി. വർഷങ്ങൾക്ക് മുൻപ് തന്നെ പഠിപ്പിച്ച തന്റെ പ്രിയപ്പെട്ട അധ്യാപകൻ, താൻ ഏറ്റവുമധികം

സ്നേഹിച്ചിരുന്ന ആൾ, ഉപ്പയില്ലാത്ത തന്റെ സങ്കടങ്ങൾക്ക് ശമനമായി വന്ന ഗുരുനാഥൻ. പ്രിയ ഗുരുനാഥരെ, അങ്ങെവിടെയായിരുന്നു?

ആകെ മാറിപ്പോയിരിക്കുന്നല്ലോ? അയാൾ മനസ്സിലുയർന്ന വട്ടമിട്ട ചോദ്യചിഹ്നത്തെ അട്ടക്കി വെച്ച നരച്ച തലമുടിയിലൂടെ അയാൾ വിരലോടിച്ചു.

"മാഷെ എവിടയായിരുന്നു ഇത്രേം കാലം? ആകെ അവശനായിരിക്കുന്നല്ലോ?"

"എല്ലാം എന്റെ ഏക മകനിൽ നിന്ന് കിട്ടിയതാ"

അയാൾക്കെല്ലാം മനസ്സിലായി.

"മാഷേ, ഞാനിന്ന് നാട്ടിലേക്കാ... എന്റെ കൂടെ പോരുമോ?" മാഷ് തലയാട്ടി. മാറ്റങ്ങളുടെ മാറ്റു പുടവയണിഞ്ഞ ആ നാട്ടിലൂടെ തന്റെ വിശ്വസ്തനായ പൂർവ്വ വിദ്യാർഥിയുടെ തോളിൽ കൈവെച്ചുകൊണ്ട് നടന്നു. അയാൾ ഒരാശുപത്രിയിലേക്കാണ് മാഷിനെ കൊണ്ടുപോയത്. ആശുപത്രിയുടെ വാർഡിലെത്തിയപ്പോൾ അയാൾ തന്റെ ചൂണ്ടു വിരൽ അസ്ത്രം പോലെ നീട്ടി.

"ദാ ആ കട്ടിലിൽ കാൻസർ പിടിപെട്ട് കിടക്കുന്നത് നിങ്ങളുടെ ഏക മകനാണ്." പെട്ടന്ന് ഒരു വിങ്ങൽ, ആ വാർദ്ധക്യ ചിഹ്നങ്ങൾ വീണ നെഞ്ചിലെ ആ വിങ്ങൽ രണ്ടായി മുറിഞ്ഞു. വിറയ്ക്കുന്ന ചുവടുകൾ വെച്ച് അയാൾ മുന്നോട്ട് നീങ്ങി. "മോനെ"..... അടഞ്ഞ കണ്ണുകൾ തുറക്കപ്പെട്ടു. മുന്നിൽ നിൽക്കുന്നത് താൻ അവശിഷ്ടമെന്നോണം വലിച്ചെറിഞ്ഞ ഉപ്പയാണെന്ന് തിരിച്ചറിഞ്ഞ അയാൾ പെട്ടന്ന് ശബ്ദിച്ചു. "എല്ലാവരും എന്നെ ഉപേക്ഷിച്ച് പോയി ഉപ്പാ..." "നിനക്ക് ഞാനുണ്ട് മോനെ." അയാൾ പൊട്ടികരഞ്ഞുകൊണ്ട് വലിച്ച മുറുക്കിയ സ്വരത്തെ മയപ്പെടുത്തി. തന്നെ സ്വാന്തനിപ്പിക്കാൻ ഏകനായ് വന്ന പിതാവിന് നേരിന്റെ നാമം വീണ ഒരു തുള്ളി സ്നേഹം നൽകാനാകാതെ അയാൾ തന്റെ ഉണങ്ങിയ ശരീരത്തെ തടവി നോക്കി....

എല്ലാം നഷ്ടപ്പെട്ടവനെപ്പോലെ......

സ്നേഹ അജിത്ത്. എം

# പൊന്നരഞ്ഞാണം

*മഴ ശക്തിയായി തിമിർത്തു പെയ്യുകയാണ്. തന്റെ മുറിയിൽ ജനലഴിയിലൂടെ അയാൾ പുറത്തേക്ക് നോക്കുകയായിരുന്നു. കാറ്റിൽ ചാഞ്ചാട്ടമാടുന്ന മരങ്ങളോടൊപ്പം അയാളുടെ മനസ്സും ആടിയുലയുകയായാരുന്നു. അവ തന്നോട് സംസാരിക്കുന്നതായാണ് അയാൾക്ക് തോന്നിയത്. ഏകാന്തമായ ജീവിതത്തിൽ അയാൾ തികച്ചും തനിച്ചാണ്. സ്വപ്നങ്ങളെ തച്ചുടച്ചു കൊണ്ട് പെട്ടന്നൊരു വിളി.*

*“ കേശവേട്ടാ ഊണ് കഴിക്കാൻ വരണില്ല്യേ? അവരെല്ലാം കാത്തിരിക്ക്വാ”.*

*“ ദാ വരുന്നൂ”, എന്ന ഒരൊറ്റ മറുപടി കൊണ്ട് അദ്ദേഹം വാക്കു നിർത്തി.*

*“ ഇനിയിപ്പോൾ നല്ല കഥയാണ് രാമുവും ഗൗരിയമ്മയും ചേർന്ന് ഇന്നെന്നെ നിർത്തിപ്പൊരിക്കും എന്നത്തേതും പോലെ അവരുടെ മുന്നിൽ വയറുവേദന അഭിനയിക്കാൻ വയ്യ. അവരൊറ്റനോട്ടത്തിൽ സത്യം കണ്ടുപിടിക്കും.പ്രത്യേകിച്ച് രാമൻ.” പിന്നെ ഒന്നും ആലോചിച്ചില്ല നേരെ തീൻ മേശയ്ക്കടുത്തെത്തി. അവിടെ ജഡ്ജിയും വക്കീലുമാരും എല്ലാം റെഡിയാണ് ഇനി പ്രതിയായ എന്നെ കൂടികിട്ടിയാൽ കലാശക്കൊട്ടിന് തുടക്കം കുറിക്കും.*

*പ്രതീക്ഷിച്ചതു പോലെ ആരും എന്നോട് ഒന്നും ചോദിച്ചില്ല. ഒരു ദിവസം മുഴുവനും മുറിയിൽ അടച്ചിരുന്നതിന് കാരണം ആര് ചോദിക്കണം കാരണം എന്നെപ്പോലെ തകർന്നിരിക്കുന്ന അച്ഛനമ്മമാരായിരുന്നു അവരെല്ലാം.*

*മക്കളെക്കുറിച്ച് ഓർമ്മവരുമ്പോഴെല്ലാം അവർ അങ്ങനെയാണ്. ഒരു മുറിയിൽ ഒറ്റയ്ക്ക് അടച്ചിരിക്കും.എന്നിട്ട് ഭൂതകാലത്തേക്കൊരു സഞ്ചാരം, ആദ്യം തന്റെ മക്കളുടെ ചിത്രം മനസ്സിലേക്കോടിവരും. അത് എത്ര മായ്ക്കാൻ ശ്രമിച്ചാലും അങ്ങനെയാണ്, അത് ആലോചിക്കുന്നത് കൊണ്ട് ഒരു ഗുണവുമില്ലാത്തതിനാൽ*

പിന്നെ ഞങ്ങൾ അച്ഛനമ്മമാരെ ഓർത്തുപോകും. കൂടപ്പിറപ്പുളും നിഷ്കളങ്കരായ കൊച്ചുമക്കളും മനസ്സിലെ സ്ഥിരം വിരുന്നുകാരാണ്.

എല്ലാവരും ദുഃഖങ്ങൾ മാറ്റിവെച്ച് ഈ വൃദ്ധസദനത്തിലെ അംഗങ്ങൾ ഒത്ത് കൂടുമ്പോൾ വല്ലാത്ത ഒരു രസമാണ്. ഞങ്ങൾ എല്ലാവരും ഉള്ള് തുറക്കും. മനസ്സിൽ ഒന്നും തന്നെ അവശേഷിക്കുകയില്ല. ആ നിമിഷം ജീവിതത്തിൽ ഒരിക്കലും കഴിഞ്ഞ് പോകരുതെന്ന് കരുതും.

രാത്രികൾ മാഞ്ഞ് ഒരു പുതിയ പ്രഭാതം പിറക്കുകയാണ്. സൗന്ദര്യമാർന്ന ആ പ്രഭാതം സന്തോഷിച്ച് കൊണ്ട് നണയുകയായിരുന്നു. അവിടെയുള്ള എല്ലാവരും, പെട്ടന്നാണ് കെട്ടിടം നടത്തിപ്പുക്കാരന്റെ വിളി.

" കേശവാ ദാ ഒരു ഫോൺ മകനാണ് വന്ന് സംസാരിക്ക്."

മകനെന്ന് കേട്ടപ്പോൾ പൂ നിലാവുതിർന്നു. മകന്റെ കുട്ടിക്കാലം മുതൽക്കെ ആ അച്ഛൻ സൂക്ഷിച്ചിരുന്ന പൊന്നരഞ്ഞാണം മുറുകെ പിടിച്ച് കൊണ്ട് മകന്റെ ഫോണിനായി ആ അച്ഛൻ ആർത്തിയോടെ ഓടി. ഫോണെടുത്തതും കേശവന്റെ മുഖം ചുളിയാൻ തുടങ്ങി. കണ്ണീരിനെ അയാൾ കെട്ടിനിർത്തുകയാണ് ഒരിക്കലും അതിനെ ഒഴുക്കിവിട്ടിരുന്നില്ല.

" താൻ ലാളിച്ച വളർത്തിയ തന്റെ മകൻ നാളെ വരുകയാണ്. എന്നെ കൂട്ടിക്കൊണ്ട് പോകാൻ, എങ്ങോട്ടാണെന്നോ? ഇതിലും ചെറിയ എവിടെങ്ങാണ്ടോയുള്ള ഒരു വൃദ്ധസദനത്തിലേക്ക്...ഇവിടുത്തെ ചെലവ് അവന് കൂടുതലാണത്രെ". എല്ലാവരും വെറും കാഴ്ചക്കാരായിരുന്നു. അയാൾ തന്റെ മുറിയിലേക്ക് കയറിപ്പോയി . ആ മുറിയിലേക്ക് കയറിപ്പോയി . ആ മുറിയിലെ അവസാനത്തെ ദിനമാണ്, ഓരോ വസ്തുക്കളും അയാളോട് സംസാരിക്കുന്നതായി തോന്നി. തന്റെ കൈയ്യിലെ പൊന്നരഞ്ഞാണം ഒരുപാട് മങ്ങിയിരിക്കുന്നു. അയാളുടെ ജീവിതവും.

മനസ്സിലെ വീർപ്പുമുട്ടലും ദുഃഖങ്ങളുമെല്ലാം ഇറക്കിവച്ച് അയാൾ നിദ്രയിലേക്കാണ്ടു. അത് അയാളുടെ അവസാനത്തെ നിദ്രയായിരുന്നു. തന്റെ മകന്റെ വരവ് വരെ ആ അച്ഛൻ കാത്തിരുന്നില്ല. ആരെയും ഉപദ്രവിക്കാതെ ഒരു പരാതിയുമില്ലാതെ അയാൾ നിദ്രയിലാണ്ടിരിക്കുന്നു.

# *വായനയുടെ ലോകം*



*അറിവിന്റെ അക്ഷയഖനികളാണ് പുസ്തകങ്ങൾ. നമുക്ക് ലഭിക്കുന്ന അറിവിന്റെ ഉറവിടങ്ങളാണ് പുസ്തകങ്ങൾ. നമ്മുക്ക് ലഭിക്കുന്ന അറിവ് പുസ്തകങ്ങളിൽ നിന്നാണ്. അറിവ് സമ്പാദിക്കാനുള്ള എളുപ്പമാർഗം  പുസ്തക പാരായണമാണ്. പുസ്തകങ്ങൾ തിരഞ്ഞെടുക്കുമ്പോൾ വളരെ ഏറെ ശ്രദ്ധിക്കണം, അറിവ് നൽകുന്നതോതൊപ്പം നമ്മെ വഴിതെറ്റിക്കാനും പുസ്തകങ്ങൾക്ക് കഴിയും. നല്ല പുസ്തകം ഉത്തമ സുഹൃത്താണ്. നമ്മെ നല്ല വഴിയിലൂടെ നയിക്കാൻ മാത്രമല്ല, അറിവ് പകർന്ന് തരാനും ഈ ഉത്തമ സുഹൃത്തിന് കഴിയും.*

*അറിവ് സംഭരിച്ച് വയ്ക്കാൻ കഴിയുന്നു എന്നതാണ് പുസ്തകങ്ങളുടെ പ്രത്യേകത. അച്ചടിവിദ്യ കണ്ടുപിടിക്കുന്നതിന് മുൻമ്പ് താളിയോലകളിലും ചെമ്പുതകിടിലും  രേഖപ്പെടുത്തിയാണ് അറിവുകൾ സൂക്ഷിച്ചിരുന്നത് ഗ്രന്ഥശാലകളുടെ വരവോടെ സാധാരണക്കാരനും പുസ്തക പാരായണത്തിന് അവസരമുണ്ടായി. നാടൻ വിജ്ഞാനം മുതൽ*

വിവരസാങ്കേതിക വിദ്യായുഗത്തിലെ പുതിയ പ്രതിഭാസങ്ങൾ വരെ പുസ്തകങ്ങളിലൂടെ അറിയാൻ കഴിയും. വായിക്കുന്ന പുസ്തകങ്ങളിൽ ആവശ്യമുള്ളവ സ്വീകരിക്കുന്നവനാകണം വായനക്കാരൻ. വായനക്കാർക്ക് ധാരാളം കാര്യങ്ങൾ പുസ്തകങ്ങളിലൂടെ മനസ്സിലാകും.

പാരായണം നടത്തുമ്പോൾ മനസ്സിനെ ഏകാഗ്രമാക്കി വിവേചനബുദ്ധിയോടെ കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയണം. എന്നാൽ മാത്രമേ വായനകൊണ്ട് പ്രയോജനമുണ്ടാകൂ. അലസമായവായന ഗുണത്തേക്കാൾ ഏറെ ദോഷമാണ് ചെയ്യുന്നത്. വായനയിലൂടെ ലഭിക്കുന്ന അറിവ് പൂർണ്ണായി ഉൾക്കൊള്ളണം, അപൂർണ്ണമായ അറിവ് അജ്ഞതയേക്കാൾ ദോഷമാണ്. " വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും, വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും" എന്ന കുഞ്ഞുണ്ണി മാഷിന്റെ അഭിപ്രായം പുസ്തക പാരായണത്തിന്റെ മഹത്വം വ്യക്തമാക്കുന്നു. അറിവ് നേടുന്നതിനൊടൊപ്പം മാനസിക വളർച്ച നേടുന്നതിനും വായന ഉപകരിക്കും . ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന അറിവ് പരിമിതമാണ്.

വിജ്ഞാനത്തിനൊപ്പം വിനോദവും പുസ്തക പാരായണത്തിലൂടെ ലഭിക്കും. വിവര സാങ്കേതിക വിദ്യയിലൂടെ വികാസത്തോടെ വിജ്ഞാനം വിരൽ തുമ്പിൽ ലഭിക്കുമ്പോഴും വിജ്ഞാനവും വായനയും അവിടെയും അനിവാര്യമാണ്. പുസ്തകങ്ങളുടെ ലഭ്യതയിൽ ഭാരതത്തിന് എട്ടാം സ്ഥാനമുണ്ട്. ഇംഗ്ലീഷ് പുസ്തകങ്ങളുടെ കാര്യത്തിൽ മൂന്നാം സ്ഥാനവും, ക്രിസ്ത്യൻ മിഷണറിമാരാണ് മലയാള പുസ്തകം ആദ്യമായി അച്ചടിച്ചത്. വായനയിലൂടെ ഏവരും ചേക്കേറുക.

സ്നേഹ അജിത്ത്. എം.

IX-C

# സ്വപ്നശലഭം



ഇന്ന് ഞാനൊരു പുഴുവാണ്
എന്നു ഞാനൊരു ശലഭമാവും?
ഇലകൾക്കടിയിലെ പുഴുക്കൂട്ടിൽ ഞാൻ-
സ്യപ്നങ്ങൾ നെയ്തു കിടന്നു.
വെറുപ്പോടെ നോക്കും മുഖങ്ങളിൽ

നാളെ ആശ്ചര്യത്തിൽ പൂക്കൾ വിടരും
ഒരു വർണ്ണശലഭമായി ഞാൻ
ആ പൂക്കൾ തൻ തേൻ നുകരും.......

രാവും പകലും മാറി വന്നു
നാളുകളേറെ കഴിഞ്ഞു......
ഒരു ദിനം ഞാനൊരു വർണ്ണശലഭമായ്
തീർന്നുവല്ലോ.....
എന്റെ സ്വപ്നങ്ങൾ സഫലമാവാൻ
വർണ്ണ ചിറകുകൾ വീശി ഞാൻ
മലർവാടിയിൽ പാറിപ്പറന്നു....

POOJA.M
9TH D

# CREATIVE CORNER...

















# ചിത്രകല അധ്യാപകന്റെ വർണ

# കാഴ്ചകളിലൂടെ........











# എന്റെ പ്രിയപ്പെട്ട കാഥികൻ



സാഹിത്യത്തിലെ വർണവ്യവസ്ഥകൾ തിരുത്തിക്കുറിച്ചുകൊണ്ട് അര നൂറ്റാണ്ട് മുമ്പ് ഒരു മനുഷ്യൻ മലയാളത്തിന്റെ മുന്നിലേക്ക് കടന്ന് വന്നു: വൈക്കം മുഹമ്മദ് ബഷീർ....

വ്യാകരണത്തിന്റെ വേലികെട്ടിനു പുറത്തു ആഖ്യയും ആഖ്യാതവും തിരിച്ചറിയാതെ നടന്ന അദ്ദേഹത്തിന്റെ പിന്നാലെ വാക്കുകൾ കരഞ്ഞു വിളിച്ചു .ബഷീർ എന്ന മാന്ത്രികൻ സൃഷ്ടിച്ച രചനകൾ അന്നും ഇന്നും എന്നും ആസ്വാദക മനസിന് കുളിർമ പകരുന്നവയാണ് .അദ്ദേഹം മൗനം കൊണ്ട് വാക്കുകൾ സൃഷ്ടിച്ചു ;വാക്കുകളാൽ മൗനവും

.തന്റേതു മാത്രമായ ഭാഷാശൈലിയും പ്രയോഗങ്ങളും കൊണ്ട് അദ്ദേഹം വായനക്കാരുടെ മനസ്സിൽ ഇടം നേടി .

മറ്റുസാഹിത്യകാരന്മാരെ അപേക്ഷിച്ച് ബഷീർ എന്ന മഹാൻ വേറിട്ട് നിൽക്കുന്നതും ഈ സവിശേഷത കൊണ്ടാണ് എന്നത് തീർച്ച .

1943-ൽ മലയാളമനസിന് പ്രേമലേഖനവുമായി അദ്ദേഹം കടന്നു വന്നു.ആദ്യ രചനയിലൂടെ തന്നെ അദ്ദേഹം ഏവരുടെയും മനസ്സിൽ ഇടം നേടി . ചെവിയോർക്കുക!അന്തിമ കാഹളം എന്ന സന്ദേശവുമായി ഒരു ചെറിയ ഇടവേളയ്ക്ക് ശേഷം വീണ്ടും അദ്ദേഹം നമ്മുടെ ഇടയിലേക്ക് വന്നു .പിന്നീടങ്ങോട്ട് ഒട്ടനവധി സംഭാവനകൾ നൽകികൊണ്ട് വൈക്കം മുഹമ്മദ് ബഷീർ എന്ന പുണ്യാത്മാവ് വായനക്കാരുടെ ഉള്ളിൽ സ്ഥിരപ്രതിഷ്ഠ നേടി .
ബാല്യകാലസഖി ,കഥാബീജം ,അനർഘനിമിഷം ,ശബ്ദങ്ങൾ , വിഡ്ഢികളുടെ സ്വർഗം ,ന്റുപ്പൂപ്പാർക്കൊരാനേണ്ടാർന്ന് , മുച്ചീട്ടുകളിക്കാരന്റെ മകൾ ,പാവപ്പെട്ടവരുടെ വേശ്യ ആനവാരിയും പൊൻകുരിശും , വിശ്വവിഖ്യാതമായ മൂക്ക് ,പാത്തുമ്മായുടെ ആട് ,മതിലുകൾ , മാന്ത്രിക പൂച്ച ,ചിരിക്കുന്ന മരപ്പാവ തുടങ്ങി ഒട്ടനവധി കൃതികൾ അദ്ദേഹം സാഹിത്യലോകത്തിന് സംഭാവന ചെയ്തു .

മറ്റു സാഹിത്യകാരിൽ നിന്നും അദ്ദേഹം വിഭിന്നനാണ് .ഭാഷ പാണ്ഡിത്യമോ വ്യാകരണ ജ്ഞാനമോ ഇല്ലാത്ത ഏതൊരാൾക്കും അദ്ദേഹത്തിന്റെ രചനകൾ ആസ്വദിക്കാം .അത്രമേൽ മധുരവും ലളിതവുമാണദ്ദേഹന്റെ പ്രയോഗങ്ങൾ.അദ്ദേഹം ഉപയോഗിക്കുന്ന പ്രയോഗങ്ങൾ ഒരു നിഘണ്ടുവിലും രേഖപ്പെടുത്തിയിട്ടുണ്ടാവില്ല .നാട്ടിൻപുറങ്ങളിലും മറ്റും കേട്ടുവരുന്ന നാടൻ ശൈലിയിലൂടെ അദ്ദേഹം നമ്മുക്ക് ആശയങ്ങളുടെയും സന്ദേശങ്ങളുടെയും ഒരു കൊട്ടാരം തന്നെ പണിതുയർത്തി .
ഒരു വിദ്യാർത്ഥി എന്ന നിലയിൽ ഞാൻ പറയുന്നു 'എന്നെ ഇത്രമേൽ സ്വാധീനിച്ച മറ്റൊരു സാഹിത്യകാരൻ ഇന്ന് ജീവിച്ചിരിപ്പില്ല എന്ന്.ഇനി ഉണ്ടാവുകയുമില്ല .

മലയാള സാഹിത്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയ ബേപ്പൂർ സുൽത്താന് എന്റെ പ്രണാമം....

***-AINA BRINDA BAIJU***
***9th D***

# SOLITUDE

I'M ALONE IN A BROWN TOWN

WHEN THE DAWN COMES

HEAR THE HORN OF SCHOOL VAN

CHILD COMES IN MILD DOMES

THEY CALL ME BROWNY WHO'S ALONE

I STEPPED TO FIND MY MOM

TO REMOVE THE NAME 'ALONE'

I CLIMB THE HILLS

AND CROSS THE MILLS

A BRIGHT LIGHT RUSHED

THROUGH THE BRANCH

AND THE LIGHT SHOWS MY MOM

NAMED 'NATURE'

I FELL TO THE EARTH FOREVER

TO LIVE TOGETHER WITH MY MOM

-SUNAINA USMAN KOYA

# ജീവൽസ്പന്ദം

കുങ്കുമപൊട്ടണിഞ്ഞ വാനത്തിൽ പതുക്കെ കണ്മഷി എഴുതി തുടങ്ങി. "ഹോ നേരം ഇരുട്ടി തുടങ്ങിയല്ലോ? കടയിൽ സാധനം വാങ്ങാൻ പോയ അമ്മയെ കാണുന്നില്ലാലോ ,എന്നാലോചിച്ച് സപ്തയ്ക്ക് പേടി തോന്നി."എന്തായാലും വേണ്ടിയില്ല ഒന്ന് പോയി നോക്കാം".സപ്ത പുറത്തേയ്ക്ക് അമ്മയെ അന്വേഷിച്ച് പോയി.കുറച്ച ദൂരം നടന്നപ്പോഴാണ് അവിടെ ഒരാൾക്കൂട്ടം;ആൾക്കൂട്ടത്തിന്റെ ഇടയിലൂടെ രക്തത്തിൽ കുളിച്ച കിടക്കുന്ന ഒരു മൃതദേഹവും കാണുന്നുണ്ട്.സപ്ത ആ ആൾക്കൂട്ടത്തെ തള്ളിമാറ്റി നോക്കി,അവൾ ആകെ ഞെട്ടിത്തരിച്ചു.ആ രക്തത്തിൽ കുളിച്ചു കിടക്കുന്ന മൃതദേഹം അവളുടെ അമ്മയുടേതായിരുന്നു. അവൾ ആ അമ്മയുടെ ശരീരത്തിൽ വീണു പൊട്ടിക്കരയാൻ തുടങ്ങി. ആ കണ്ണിൽ നിന്നും വീണ അശ്രുതബിന്ദുക്കൾ അവളുടെ അമ്മയുടെ ചുണ്ടിനെ ചുംബിച്ചു. അങ്ങനെ അമ്മയുടെ ശവസംസ്കാരം കഴിഞ്ഞു. ദുഃഖത്തിൽ കലങ്ങിയ നാളുകൾ കൊഴിഞ്ഞു പോയി.

അവൾ സ്കൂളിൽ പോയി തുടങ്ങി. വിദ്യാഭ്യാസത്തിനാവശ്യമുള്ള പണമില്ലാത്തത് കൊണ്ട് അവൾ അവിടെ ഒരു ഭാരമായി തുടങ്ങി. അധികം വൈകാതെ അവളെ പുറത്താക്കി. അവളുടെ അമ്മയുടെ ഒരാശയായിരുന്നു അവളെ ഡോക്ടറാക്കണമെന്ന്. ഇതിനായി അവൾ തീരുമാനിച്ചു സ്വന്തമായി പണിചെയ്ത് പഠിക്കാമെന്ന്.

ഒടുവിവ്വിൽ അവൾ ഒരു വീട്ടിൽ പണിക്കായി നിന്ന് തുടങ്ങി, അവിടെയുള്ള സ്ത്രീയാവട്ടെ ഒരു ക്രൂര സ്വഭാവമുള്ള സ്ത്രീ, കഠിനമനസ്സിനുടമ. സപ്ത എത്ര പണി ചെയ്തുകൊടുത്താലും ആ സ്ത്രീ വേദനിപ്പിക്കുകയും, വഴക്കുപറയുകയുമായിരുന്നു ചെയ്തത് . സപ്ത ഒരു വിധം ഒരു പരിധി വരെ സഹിച്ചു നിന്നു . പരിധിവിട്ടപ്പോൾ അവൾ അവിടെ നിന്നു അർധരാത്രിയായപ്പോൾ ഇറങ്ങിയോടി . ഓട്ടുമ്പോൾ എതിരെ വന്നൊരു കാർ അവളെ ഇടിച്ചു .അവളുടെ കൈമുട്ടും,കാൽമുട്ടും, നെറ്റിയുംപൊട്ടി ചോരവാർന്നു. ആ കാറിൽ ഉണ്ടായിരുന്നത് ഒരു നല്ലവനായ ഡോക്ടറായിരുന്നു . ആ ഡോക്ടർ കാറിൽ നിന്നിറങ്ങി വന്നു. അവളെ വാരിയെടുത്തു വീട്ടിലേക്ക് കൊണ്ട് പോയി. അവൾക്ക് വേണ്ട ചികിത്സ

കൊടുത്തു. ബോധം വന്ന അവൾ ആദ്യം ഒന്ന് ഞെട്ടി. കാരണം കണ്ണ്തുറന്ന് നോക്കുമ്പോൾ  അവൾ ഉള്ളത് ഒരു വലിയ വീട്ടിലായിരുന്നു. ആ നല്ലവനായ ഡോക്ടർ അവളോട് അർദ്ധരാത്രിയിൽ വീട്ടിൽ നിന്ന് ഇറങ്ങിയോടിയതിന്റെ കാരണം തിരക്കി. അവൾ നടന്ന സംഭവങ്ങളെല്ലാം പറഞ്ഞു . ഇത് കേട്ട ഡോക്ടറുടെ കണ്ണ് നിറഞ്ഞു .എന്നിട്ട് ഡോക്ടർ പറഞ്ഞു " നിന്റെ അമ്മയുടെ ആഗ്രഹം ഞാൻ നടത്തി തരാം , എനിക്ക് മകളൊന്നുമില്ല ഞാൻ നിന്നെ പഠിപ്പിക്കാം . നീ ഇനി മുതൽ എന്റെ മകളാണ്. ഇത് കേട്ട് സപ്തക്ക് സന്തോഷമായി. അവളുടെ പഠനം ആരംഭിച്ചു ; പഠിക്കാൻ മിടുക്കി ആയതിനാൽ അവൾ പഠിച്ചു  മുന്നേറി. ഒരുപാട് വർഷങ്ങൾ കടന്ന് പോയി . സപ്ത ഡോക്ടറായി. അവളെ പഠിക്കാൻ വേണ്ടി ഏറ്റെടുത്ത ഡോക്ടർ അവളുടെ അച്ഛൻ എന്ന പേരിൽ അവർ വിളിച്ചു. തന്റെ അമ്മയുടെ ഓർമക്കായി അമ്മയുടെ പേരിൽ ഒരു ഹോസ്പിറ്റൽ തുടങ്ങി .വയസ്സായി വരുന്ന അച്ഛനു വേണ്ട പരിചരണവും നൽകി , പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സയും കൊടുത്തു , "ഡോക്ടർ സപ്ത "അവളുടെ അമ്മയുടെ സ്വപ്നം നിറവേറ്റി .

*ALKA SIMPLE*
*IX-D*

# എന്റെ ഭാഷ എന്റെ അഭിമാനം



ഒരു ജനതയുടെ പ്രതീകമാണ് ഭാഷ.സാംസ്കാരികമായ കൊടുക്കൽ വാങ്ങലുകൾ നടക്കുന്നത് ഭാഷയിലൂടെയാണ്. അതുകൊണ്ടുതന്നെ ഭാഷാപഠനമെന്നാൽ സംസ്കാരപഠനമാണ്.സ്വത്വനിർമ്മിതിയുമായി അത് ആഴത്തിൽ ബന്ധപെട്ടിരിക്കുന്നു.ഓരോ മനുഷ്യനും തന്നെ ആവിഷ്കരിക്കുന്നത് സ്വന്തം ഭാഷയിലൂടെയാണ്. മാതൃഭാഷയുടെ നഷ്ടം ഒരു ജനതയെ സാംസ്കാരികമായ അപചയത്തിലേക് നയിക്കുന്നു. ചരിത്രപരമായി തന്നെ എല്ലാ അധിനിവേശശക്തികളും ആദ്യം കീഴടക്കിയത് ഭാഷയെയാണ്.

സ്വന്തം ഭാഷയിൽ നിന്ന് കൊണ്ട് മറ്റു ഭാഷകളിലേക്ക് നോക്കാനും പഠിക്കാനുമുള്ള വിശാല ബോധം മനുഷ്യർക്കുണ്ടാവണം . ഒരു വ്യക്തിയുടെ ഹൃദയ വികാരങ്ങൾ അതേ പടി മറ്റൊരാളുടെ മുമ്പിലവതരിപ്പിക്കാൻ മാതൃഭാഷയാണ് ഏറ്റവും നല്ല മാധ്യമം . മാതൃഭാഷ എന്നാൽ മാതാവിന്റെ ഭാഷ എന്നാണർത്ഥം . ഗർഭാശയത്തിൽ തുടിച്ചു തുടങ്ങുമ്പോൾ മുതൽ വ്യക്തിയിൽ ഭാഷയും സ്പന്ദിച്ചു തുടങ്ങുന്നു .

എന്നാൽ നമ്മുടെ മാതൃഭാഷയായ മലയാളത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും മാതൃഭാഷ ഇത്രയേറെ അവഗണിക്കപ്പെടുന്നില്ല . നമ്മൾ 'അണ്ണാച്ചി ' എന്നു വിളിക്കുന്ന തമിഴ്നാട്ടുകാരനും കന്നടക്കാരനുമെല്ലാം.നമ്മുടെ ഭാഷയെ നാം തന്നെ പലതരത്തിൽ അപമാനിക്കുന്നു . ശ്രേഷ്ഠഭാഷാപദവി ലഭിച്ചു മലയാളം പഠിക്കാൻ സ്കൂളിൽ കുട്ടികൾ കുറഞ്ഞു കുറഞ്ഞു വരുന്നു .നമ്മൾ മലയാളത്തിൽ സംസാരിക്കുമ്പോൾ വളരെയധികം ഇംഗ്ലീഷ് പദങ്ങൾ കൂട്ടി കലർത്തുന്നു . ഇംഗ്ലീഷിന്റെ ഉച്ചാരണരീതിയിലാണ് പലരും മലയാള

പദങ്ങൾ ഉച്ചരിക്കുന്നത് തന്നെ . മറ്റു ചിലർ മലയാളം പഠിക്കുന്നതും മലയാളത്തിൽ സംസാരിക്കുന്നതും അപമാനമാണെന്ന് കരുതുന്നു . സ്വന്തം മക്കൾക്ക് മലയാളം സംസാരിക്കാനറിയില്ലെന്നു പറയുന്നതിൽ മലയാളി അഭിമാനിക്കുന്നു . പെറ്റമ്മയ്ക്കു തുല്യയായ മാതൃഭാഷയെ നിത്യജീവിതത്തിൽ നിന്ന് അകറ്റിനിർത്തുന്നു .മലയാളഭാഷയിലുണ്ടായിട്ടുള്ള പ്രമുഖ കൃതികളൊന്നും തന്നെ വായിക്കാതെ ഇംഗ്ലീഷ് വായിക്കുന്നതിൽ അഭിമാനിക്കുന്നു .

മലയാളഭാഷയിലുണ്ടായിട്ടുള്ള പ്രമുഖ കൃതികളൊന്നും തന്നെ വായിക്കാതെ ഇംഗ്ലീഷ് വായിക്കുന്നതിൽ അഭിമാനിക്കുന്നു. മലയാളം പഠിക്കാതെ വിദ്യാഭ്യാസം പൂർത്തിയാക്കാനുള്ള സൗകര്യം കേരളത്തിലുണ്ട്. മലയാളം മീഡിയം സ്കൂളുകളിൽ പോലും മലയാള ഭാഷയ്ക്ക് വേണ്ടത്ര പ്രധാന്യം ലഭിക്കുന്നില്ല ശ്രേഷ്ഠഭാഷാപദവി കിട്ടിയതുകൊണ്ടോ ഭരണ ഭാഷയാക്കിയത് കൊണ്ടോ മാത്രം നമ്മുടെ മലയാളം രക്ഷപെടാൻ പോകുന്നില്ല . അതിന് മലയാളിതന്നെ മനസ്സ്‌വെക്കണം. ഭാഷയെ സ്നേഹിക്കണം. മലയാള കൃതികൾ വായിക്കുകയും പഠിക്കുകയും ചെയ്യണം. കടംകഥകളും പഴമൊഴികളും നാട്ടറിവുകളും എന്തെന്ന് മനസ്സിലാക്കണം . മാതൃഭാഷയുടെ ശക്തിയും സൗന്ദര്യവും ഓജസ്സും തിരിച്ചറിയണം .നമ്മുടെ ഭാഷ നമ്മുടെ സംസ്കാരമാണ്.

- GEETHA
malayalam teacher

# കാർഷിക ജൈവവൈവിധ്യവും കാലാവസ്ഥ വ്യതിയാനവും...

ഈ ഭൂമിയിൽ പ്രകൃതി സമ്മാനിച്ച എല്ലാ വസ്തുക്കളും തമ്മിൽ ഒരു ബന്ധമുണ്ട്, ജൈവവൈവിധ്യം.ഭക്ഷ്യശൃംഖലയുണ്ടങ്കിൽ മാത്രമേ ജൈവവൈവിധ്യം നിലനിൽക്കുകയുള്ളൂ അതിനാൽ പുല്ല് ജൈവവൈവിധ്യത്തിലെ ഒരു പ്രധാന ഘടകമാണ്, കാരണം പുല്ലിൽ നിന്നുമാണ് ഭക്ഷ്യശൃംഖലയ്ക്ക് ആരംഭം കുറിക്കപ്പെടുന്നത്. ഓരോ ജീവജാലങ്ങളും മറ്റ് ജീവജാലങ്ങളെ പരസ്പരം ആശ്രയിക്കുന്നു അതിനാൽ ജൈവവൈവിധ്യം എന്നത് എല്ലാ ജീവികളെയും ഒരുമിക്കുന്ന ഒന്നാണ്. 1985 ൽ ബ്രിട്ടീഷ് പ്രകൃതി ശാസ്ത്രജ്ഞൻ ശ്രീ.വാൾട്ടർ.ജി .റോസനാണ് ജൈവവൈവിധ്യം കണ്ടുപിടിച്ചത്. ഭക്ഷ്യശൃംഖലയ്ക്ക് വേണ്ടി മാത്രമല്ല പ്രകൃതിയിലെ ജീവജാലങ്ങൾ പരസ്പരം ആശ്രയിക്കുന്നത്. കാർഷികമേഖലയിലും വിളകൾ വളങ്ങളായ പശുവിൻ ചാണകം, മൂത്രം, ആട്ടിൻക്കാട്ടം, കോഴിക്കാഷ്ടം മുതലായവയെ ആശ്രയിക്കുന്നു. ഇവയെല്ലാം പണ്ടുകാലങ്ങളിൽ കർഷകൻ ചെയ്തുവയായിരുന്നു.

ഇവയെ നാം ജൈവവളങ്ങൾ എന്ന് വിളിക്കുന്നു. ഇത് ജൈവം ആയതിനാൽ കർഷകൻ പണ്ടുകാലത്ത് നൽകിയ അവരുടെ ഉത്പന്നങ്ങൾ ഭക്ഷിച്ചാൽ ഒരസുഖവും വരില്ലായിരുന്നു. എന്നാൽ ഇന്നോ? ജൈവവളത്തിനുപകരം രാസവളങ്ങളും മറ്റും ഉപയോഗിക്കുന്നത് കൊണ്ട് വലിയതോതിലുള്ള അസുഖങ്ങൾവരെ ഇന്ന് ലോകം നേരിട്ടുകൊണ്ടിരിക്കുന്നു. അതുപോലെ പണ്ടുകാലത്ത് ഉപയോഗിച്ചിരുന്ന കിടനാശിനി പുകയില കഷായം പോലുള്ളവയായിരുന്നു.അവ തളിച്ചാൽ കീടങ്ങൾ മാത്രമേ നശിക്കുകയുള്ളൂ എന്നാൽ ഇന്ന് കീടനാശിനി നമുക്ക് കടകളിൽ നിന്ന് ലഭ്യമാണ് ഒപ്പം അവ കൃഷിഭവനിൽ നിന്നും ലഭ്യമാണ് . അവ ഉപയോഗിച്ചാൽ കീടം

മാത്രമല്ല അവ ഉപോയോഗിച്ച വിളകൾക്കും അത് ഭക്ഷിക്കുന്ന മർത്യനും നാശമാണ്. പണ്ട് കാലങ്ങളിലെ ആളുകൾക്ക് അസുഖങ്ങൾ കുറവായിരുന്നു കാരണം അവർക്ക് നല്ല ഭക്ഷണവും നല്ല അധ്വാനവും ഉണ്ടായിരുന്നു. ണ്.28 ദിവസം മാത്രം മതി അവയ്ക്ക് .കൈപ്പയും,വെണ്ടയും,പയറും 45 ദിവസത്തിനുള്ളിലും 28 ദിവസത്തിന് ശേഷവുമാണ് വിളവെട്ടുക്കുന്നട്ഏറ്റവും കുറഞ്ഞ ദിവസം കൊണ്ട് വിളവെട്ടുപ്പ് നടത്താവുന്നത് ചീരയാത്.45 ദിവസം കൊണ്ട്കക്കിരി,മത്തൻ,ഇളവൻ എന്നിവ വിളവെട്ടുക്കാം.ഞാർ 28 ദിവസത്തിന്ന് മുൻപ് തന്നെ പറിച്ച നട്ടും.ഞാറിൽ വിവിധ തരം ഇനങ്ങളുണ്ട് അവ 90-ദിവസം 110-എന്നി ദിവസം കൊണ്ടും അതിന് ശേഷവും വിളവെട്ടുക്കാം. ഉമ,ജ്യോതി എന്നി ഇനങ്ങൾ വേഗം തന്നെ വിളവെട്ടുക്കാം .പണ്ടുകാലത്ത് ഉണ്ടായിരുന്ന ഒരു തരം നെല്ലാണ് "കൾച്ചർ നെല്ല്".അവ 90-ദിവസം110-ദിവസം എന്നി കാർഷിക ജൈവവൈവിധ്യവും കാലാവസ്ഥ വ്യതിയാനവും.

കാർഷികമേഖലയുടെ അടിത്തട്ടിൽ ചെന്നാൽ നമുക്ക് ഓരോ വിളകളെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കും. ചില കാർഷിക ഇനങ്ങൾക്ക് പ്രത്യേകതയുണ്ട് അവ ചില മാസങ്ങളിലെ നട്ടാൽ മാത്രമേ അവ നന്നായി വളരുകയും കായ്ക്കുകയുംമുള്ളൂ.കുംഭമാസത്തിൽ ഉരുളക്കിഴങ്, ഇഞ്ചി,മഞ്ഞൾ,മരച്ചീനി എന്നിവ കൃഷി ചെയ്യാം.മരച്ചീനി എന്ന വർഗ്ഗത്തിൽ കണ്ടിക്കിഴങ്,നനക്കിഴങ്,ചെറുകിഴങ് എന്നിവ കൃഷി ചെയ്യാം.ചിങ്ങത്തിൽ കൊയ്യാവുന്നവ,ചിങ്ങത്തിൽ കൊയ്യാവുന്ന നെല്ല്,പച്ചക്കറി.മഴക്കാല പച്ചക്കറിയിലുള്ളവ,കക്കിരി,ഇളവൻ,മത്തൻ,വഴുതിന,കയ്പ്പ, പയർ.

മകരത്തിൽ വിളവെട്ടുക്കാം. പച്ചക്കറികൾ രണ്ടു നേരം നനയ്ക്കണം. ഇഞ്ചി ഒരു കഷ്ണം ഉപയോഗിച്ച് നമുക്ക് 2 കിലോഗ്രാം വരെ

അതിന്റെ വിളവ് ലഭിക്കും. ചില കാർഷിക ഇനങ്ങൾ കാലാവസ്ഥയ്ക്ക് അനുസരിച്ച് മാത്രമേ കൃഷിചെയ്യാൻ സാധിക്കുകയുള്ളു. നിലക്കടല ,ഉള്ളി ,മരച്ചീനി എന്നിവ വേനൽക്കാലത്ത് നല്ലരീതിയിൽ ചൂട് ലഭിക്കുന്ന സ്ഥലത്ത് മാത്രമേ കൃഷിചെയ്യാൻ ആവുകയുള്ളൂ. ഇവയിൽ മരചീനിക്കുള്ള ഒരു പ്രത്യേകതയാണ് ഏത് മാസങ്ങളിലും കാലാവസ്ഥയിലും കൃഷിചെയ്യാമെന്നതാണ് .

കൃഷിയിൽ തന്നെ ഒരുപാട് മാർഗങ്ങൾ ഉണ്ട്. ഇവയിൽ പ്രധാനമായ ഒന്നാണ് ഇടനില കൃഷി. ഇടനിലകൃഷിയിൽ പടർന്നു പന്തലിക്കുന്നവയിൽ ഉൾപെടുത്താൻ സാധിക്കുകയില്ല. ഇവയിൽ പ്രധാനമായും ഉൾപെടുത്താൻ സാധിക്കുന്നത് വാഴ, വഴുതിന,പച്ചമുളക്, മരച്ചീനി, കർമൂസ തുടങ്ങിയവയാണ്. ഇടനിലകൃഷിയിൽ പ്രധാനമായും കൃഷിചെയ്യുന്നത് വാഴയാണ്. അതിന്റെ ഇടയിലാണ് ആദ്യം പറഞ്ഞ വഴുതിന, പച്ചമുളക് തുടങ്ങിയവ കൃഷിചെയ്യുന്നത്. വാഴകൾ തമ്മിലുള്ള അകലങ്ങളിലാണ് ഇടനിലകൃഷി നടത്തുന്നത്. ഇവയെല്ലാം നമുക്ക് കുറച്ച് സ്ഥലങ്ങൾ ഉപയോഗിച്ച് കൃഷിചെയ്യാവുന്നവയാണ്. ഒരുപാട് സ്ഥലങ്ങൾ ഉപയോഗിച്ച് കൃഷിചെയ്യാവുന്ന ഇനങ്ങൾ കുമ്പളം, വെള്ളരി, കക്കിരി, കയ്പ്പ, പയർ,പടവലം, അമര, ചീര തുടങ്ങിയവയാണ്.

ഇവ ഒരുതവണ കൃഷിചെയ്താൽ വീണ്ടും കൃഷിചെയേണ്ടതിന്റെ ആവശ്യം വരും.അതായത് ഒരു തവണ വിളവെടുത്തതിനുശേഷം വീണ്ടും കൃഷിചെയ്യണം, എങ്കിൽ മാത്രമേ പിന്നീട് വിളവെടുക്കാൻ സാധിക്കുകയുള്ളൂ. പ്ലാവ്, മാവ് ,തെങ്ങ്,മുരിങ്ങ ,കർമൂസ ,വഴുതിന തുടങ്ങിയവ ഒരുതവണ കൃഷി ചെയ്താൽ പിന്നീട് അതിനെ കുറിച്ച് ചിന്തിക്കേണ്ടതിന്റെ ആവശ്യകതയില്ല.കാരണം അതിന്റെ വിളവ് കാലാകാലങ്ങളോളം നമ്മുക്ക് ലഭിച്ചു കൊണ്ടിരിക്കും.

കാർഷിക രംഗത്ത് കർഷകർ അനുഭവിക്കുന്ന ഏറ്റവും വലിയൊരു പ്രശ്നമാണ് കാലാവസ്ഥയിലെ മാറ്റങ്ങൾ കൊണ്ട് വിളകൾക്ക് വരുന്ന നാശനഷ്ടം.പെട്ടന്നുണ്ടാകുന്ന പ്രകൃതിശോഭങ്ങൾ അതായത് കാറ്റ്,മഴ,വെള്ളപൊക്കം,ചൂട് മുതലായവ മൂലം കൃഷിയുടെ നാശം അതിവേഗം തന്നെ സംഭവിക്കും പക്ഷെ അതിനെയെല്ലാം തന്നെ തരണം

ചെയ്യാനുള്ള മാർഗ്ഗം ശാസ്ത്രലോകം കണ്ടെത്തിയിരിക്കുന്നു.അവയുടെ ഇംഗ്ലീഷ് നാമം പോളിഹൗസ്സ് ഫാർമിംഗ്,പ്രിസിഷൻ ഫാർമിംഗ്,ഹൈഡ്രോപോണിക്സ്,എയ്റോപോണിക്സ് മുതലായവ. ഹൈഡ്രോപോണിക്സ് എന്ന രീതിയിൽ ചെടികൾ വളരുന്നത് പോഷക ലയണിയിലാണ് എന്നാൽ എയ്റോപോണിക്സ് എന്ന രീതിയിൽ ചെടികളുടെ വേരുകൾ നേരിട്ട് അന്തരീക്ഷത്തിലേക് വളർത്തുകയും പോഷകാലായിനി വേരുകളിലേക്ക് നേരിട്ട് തളിക്കുകയും ചെയ്യുന്നു. അതിനാൽ കാലാവസ്ഥാമാറ്റങ്ങൾ കൊണ്ടുള്ള പ്രശ്നങ്ങൾ ഒരു തരത്തിലും ഇതിന് ബാധകപെടുന്നില്ല. ഏതൊരു പ്രതിസന്ധിയിലും നമുക്ക് ഈ രീതി ഉപയോഗിച്ച് കൃഷിചെയ്യാവുന്നതാണ്. ഈ കൃഷിയിൽ കാലാവസ്ഥാമാറ്റങ്ങൾ ഒരു തരത്തിലും ഇതിലെ കാർഷിക ഇനങ്ങൾക്ക് ഒരുതരത്തിലും ദോഷമായിവരുന്നില്ല.

നമ്മുടെ ഭൂമിയിൽ മനുഷ്യനും,ജന്തുക്കൾക്കും,ചെടികൾക്കും സാധാരണഗതിയിൽ ജീവ്കുമ്പോൾ മണ്ണ് ഒരു പ്രധാന ഘടകമാണ്.കേരളത്തിൽ തന്നെ ഏഴ് തരം മണ്ണുണ്ട് അവയുടെ ഇംഗ്ലീഷ് നാമങ്ങൾ -ഫെർട്ടൈൽ സോയിൽ,ബ്ലാക്ക് സോയിൽ,കോസ്റ്റൽ സോയിൽ,ലാറ്ററൽ സോയിൽ,റെഡ് സോയിൽ,ഫോറെസ്റ് സോയിൽ,അല്ലുവിയൽ സോയിൽ.ഈ മണ്ണുകളില്ലെല്ലാം തന്നെ ഓരോ തരത്തിലുള്ള കാർഷിക ഇനങ്ങൾ ഉല്പാതിപ്പിക്കുവാൻ സാധ്യമാണ്.മണ്ണിന്റെ പ്രാധാന്യം മേൽമണ്ണ് നഷ്ടപ്പെട്ടാൽ അവശേഷിക്കുമെന്നത് ഊഷരഭൂമിയോ പാറനിരപ്പോ ആയിരിക്കും.

മേൽമണ്ണ് പുനഃസൃഷ്ടിക്കപെടാൻ ആയിരക്കണക്കിന് വർഷങ്ങൾ വേണ്ടി വരും. പ്രകൃതിയിൽ ജീവന്റെ നാമ്പുകൾ തുടർന്നും മുളപൊട്ടാൻമേൽമണ്ണ് തന്നെ വേണം. അതിന് സംരക്ഷണം അല്ലാതെ മറ്റൊരു മാർഗവും അവിംശഷിക്കുന്നില്ല. വനനശീകരണം തടയൽ,

വിലാപരിവൃത്തി, മാളച്ചേരുവകളിലെ, തട്ടുകൃഷി, തടയണ നിർമാണം,ജൈവവള പ്രയോഗങ്ങൾ,ശാസ്ത്രീയ ഭൂവിനിയോഗം തുടങ്ങിയ പ്രവത്തനങ്ങളാൽ മണ്ണിനെ നമുക്ക് സംരക്ഷിക്കാം.മണ്ണുണ്ടാകണമെങ്കിൽ കാലാവസ്ഥ, ഭൂപ്രകൃതി, മാത്രശിലാ, സമയം, സസ്യങ്ങളും, ജന്തുക്കളും, ഈ ഘടനകളെല്ലാം തന്നെ ആവശ്യമാണ്.മണ്ണിനെ നിലനിർത്തി ചെടികളെ വെച്ചുപിടിപ്പിച്ച് കാലാവസ്ഥയിലുള്ള മാറ്റങ്ങളെ അതിജീവിക്കാം.

*NIVEDYA*
*VIII-D*

# *തിരിച്ചറിവ്*



സ്കൂളിലെ കലോത്സവ സമയത്ത് യാദർശികമായി പുറത്തു ശബ്ദം കേട്ട് ഓടി എത്തുമ്പോൾ,വാഹനം തട്ടിയതിനെ തുടർന്നുള്ള ബഹളത്തിൽ സുഹൃത്തും സഹപ്രവർത്തകനുമായ ഗിരീഷ് മാഷും കൂടി കിട്ടിയ ടാക്സിയിൽ മെഡിക്കൽ കോളേജിലേക്ക് കുതിക്കുമ്പോൾ കാലിലേക്ക് നോക്കി നിലവിളിക്കുന്ന കുട്ടിയെ സമാധാനിപ്പിച്ച് കൊണ്ടിരുന്നു.ഇടക്ക് വയർ തൊട്ടു നോക്കുന്നതും വേദനിക്കുന്നു എന്ന് പറഞ്ഞതും മനസ്സിൽ എവിടെയോ സൂക്ഷിച്ചു വെച്ചു.യാത്ര തുടരുന്നതിനിടയിൽ വെള്ളം ചോദിച്ചപ്പോൾ കൊടുത്തില്ല.(വയർ വേദന എന്ന് പറഞ്ഞത് ഓർമിച്ചു).ഹോസ്പിറ്റലിൽ ക്യാഷ്യാലിറ്റിയിൽ ഡോക്ടർ പരിശോധിച്ച കാലിൽ പ്ലാസ്റ്ററിടുന്നതുമായ്ബന്ധപ്പെട്ട പ്രവർത്തനം തുടങ്ങുമ്പോൾ ഡോക്ടറോട് വയറി വേദനയുള്ള കാര്യം സൂചിപ്പിച്ചു.അരമണിക്കൂർ കഴിഞ്ഞ ഡോക്ടറുടെ നിർദേശ പ്രകാരം ഒരു പേപ്പറുമായി നേഴ്സ് വന്നു അടിയന്തിര ഓപ്പറേഷൻ വേണ്ടി വരും എന്ന് പറഞ്ഞ സംഭവം എന്റെ സ്കൂൾ ജീവിതത്തിനിടയിൽ മറക്കാനാവാത്ത സംഭവമായിരുന്നു.അപകടം പറ്റിയവർക്കു വെള്ളം കൊടുക്കുന്നത് വളരെ ആലോചിക്കേണ്ടതാണ് എന്ന തിരിച്ചറിവും അതോടൊപ്പം ഒരു സാക്ഷി ഇല്ലാതെ അപകടം പറ്റുന്നവരെ അത്യന്തം ശ്രദ്ധയോടെ കൈകാര്യം ചെയേണ്ടതണെന്നുള്ള തിരിച്ചറിവും.

VALSEN MASTER

# Malala's quotes

@ Lets Remember:
One Book One Pen
One child and One
Teacher Can Change
The World.



@ I don't want to be remember as the girl who as short I want to be remembered as the girl who should up.

@ when the whole world is silent, even one voice become powerful.

@ I speak not for myself but for those without voice...
those who have fought for their rights...their right to live in peace,

THEIR RIGHT TO LIVE IN PEACE, THEIR RIGHT TO BE TREATED WITH DIGNITY, THEIR RIGHT TO EQUALITY OF OPPORTUNITY THEIR RIGHT TO BE EDUCATED.

@ There should be no discrimination against language
people speak, skin colour, our religion

@ It is very important to know who you are. To make
decision to show who you are.

@ The best way to solve problems and to fight against
was is through dialogue.

@ some people only ask others to do something. I believe that why should wait for someone else? Why don't take a step move forward.

# ഒരു കർഷക കുടുംബം

പണ്ട് പണ്ടൊരു നാട്ടിൽ ഒരു പാവപ്പെട്ട കർഷകൻ ജീവിച്ചിരുന്നു.അയാളുടെ പേര് രാമൻകുട്ടി എന്നായിരുന്നു.നാട്ടുകാർക്കെല്ലാവർക്കും അയാളെ വലിയ ഇഷ്ടമാണ്. ആ പാവപ്പെട്ട കർഷകന് സ്വന്തമെന്ന് പറയാൻ രണ്ട് ആൺകുട്ടികൾ മാത്രമാണ്. രണ്ടാമത്തെ മകനെ പ്രസവിച്ചപ്പോളാണ് തന്റെ ഭാര്യ മരിച്ചു പോയത്. അമ്മയില്ലാത്ത മക്കളല്ലെയെന്ന് കരുതി അവർ പറയുന്നതെല്ലാം ചെയ്ത് കൊടുക്കും. കർഷകന് അത്രയ്ക്കും ഇഷ്ടമാണ് തന്റെ മക്കളെ. ഒന്നാമത്തെ മകൻ അച്ഛന്റെ കൂടെ പോയി പാടത്ത് പണിയെടുക്കും. രണ്ടാമത്തവൻ മേലനങ്ങി പണിയെടുക്കാൻ മടിയാണ്. മാത്രമല്ല കർഷകനറിയാതെ അവന് കുറേ കൂട്ടുകാരെ കിട്ടി. കൂട്ടുകാരാണെങ്കിൽ മദ്യപിച്ച് ഷീട്ട്കളിക്കലാണ് പതിവ്. അവരെ നാട്ടുകാരിൽ ചിലർക്കും അറിയാം ഇതിങ്ങനെ വിട്ടാൽ പറ്റില്ല എന്ന് പലരും വിചാരിച്ചു. പക്ഷെ കർഷകനോട് പറയാൻ ആർക്കും മനസ്സ് വന്നില്ല. കാരണം ഇതറിഞ്ഞാൽ കർഷകന് സങ്കടം സഹിക്കാനാവില്ലെന്ന് അവർക്കറിയാം. അതുകൊണ്ടാണ് പറയാത്തത്. കൂട്ടുകാരുടെ കൂടെ കൂടി കർഷകന്റെ മകൻ വഷളായി. കർഷകൻ പാടത്തു പോയി അധ്വാനിച്ച് കൊണ്ടു വന്ന പണമെടുത്ത് അവൻ നാടുവിട്ടു. ഇതറിഞ്ഞ കർഷകൻ പിന്നെ ഒന്നും നോക്കിയില്ല.തന്റെ വീടിന്റെ അടുത്തുള്ള കടലിലേക്ക് മരിക്കാൻ വേണ്ടിയിറങ്ങി.അപ്പോൾ ഒരു വിളി അച്ഛാ.... എന്ന് നോക്കുമ്പോൾ തന്റെ ഒന്നാമത്തെ മകൻ. അവൻ കരഞ്ഞു കൊണ്ടു ചോദിച്ചു അവൻ പോയാലും അച്ഛന്ഞാനില്ലെ...., അങ്ങനെ കാലം കടന്നു പോയി തന്റെ രണ്ടാമത്തെ മകനെപറ്റി കർഷകൻ

ഓർത്തു. അപ്പോൾ കർഷകന് കസേരയിൽ ചാഞ്ഞ് കിടക്കുകയായിരുന്നു. കസേരയിൽ നിന്ന് എഴുന്നേറ്റ് തിരിയുമ്പോൾ ആരോ വിളിച്ചതായി തോന്നി. തിരിഞ്ഞു നോക്കുമ്പോൾ തന്റ രണ്ടാമത്തെ മകൻ. അവൻ ഓടിവന്ന് അച്ഛനെ കെട്ടിപ്പിടിച്ചു. അവന്റെ തെറ്റുകൾ ക്ഷമിച്ച് ഒന്നാമത്തെ മകനും കർഷകനും അവനെ സ്വീകരിച്ചു.അങ്ങനെ അവർ സന്തോഷമായി ജീവിച്ചു.

*NITHYA.K*

*IX -D*

# സൈക്കിൾ

പതിവിന് വിപരീതമായി ആദിൽ അന്ന് നേരത്തെ ഉറക്കമുണർന്നു. തണുപ്പ് വിട്ടുമാറിയിട്ടില്ല. ആദിൽ വളരെ സന്തോഷവാനാണ് കാരണം ഉപ്പ ഇന്നൊരു സൈക്കിൾ വാങ്ങിക്കൊടുക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. രാവിലെതന്നെ അവൻ ഉപ്പയോടത് ബോധിപ്പിച്ചു. ഉപ്പ അത് സമ്മതിച്ചു. അങ്ങനെ അവൻ പ്രഭാതകൃത്യങ്ങൾചെയ്ത്



മദ്റസയിലേക്ക് പുറപ്പെട്ടു.ഉപ്പ ജോലിക്കും. മദ്റസയിൽ നിന്ന് സ്കൂളിലേക്ക് പോയി വൈകുന്നേരം നേരത്തെതന്നെവീട്ടിലെത്തി. ബാഗ് ബെഡ്ഡിലേക്ക് വലിച്ചെറിഞ്ഞ് വിഷമമായി ഇരുന്നു അവൻ ചിന്തിച്ചു ഉപ്പയെന്താ ഇത്രനേരമായിട്ടും
വരാത്തത് ?സധാരണ ഈ സമയത്ത് വരാറുള്ളതാണല്ലോ.കുറച്ചു കഴിഞ്ഞപ്പോൾ ഒരാൾ വീട്ടിലേക്ക് ഓടിക്കിതച്ചു വരുന്നതുകണ്ടു.അയാൾ ആദിലിന്റെ ഉമ്മയെ വിളിച്ച് എന്തോ പറഞ്ഞു.ആ വീട്ടിൽ നിന്ന് കൂട്ടക്കരച്ചിൽ കേട്ടു. ആദിൽ എന്തു ചെയ്യണമെന്നറിയാതെ നിൽക്കുകയാണ്. അപ്പോൾ ആ കൂട്ടത്തിൽ നിന്നും ആരോ പിറു പിറുക്കുന്നതു കേട്ടു.ജോലികയിഞ്ഞ് മോന് സൈക്കിൾ വാങ്ങാൻ റോഡ് മുറിച്ചു കടക്കുകയായിരുന്നു ബാക്കി കേൾക്കാൻ ആദിലിന് ശക്തി ഉണ്ടായിരുന്നില്ല.അവൻ പുറകിലേക്ക് വീണു.

NADA SHAKIRA

# ഓർമ്മതൻ താളിലെ നിധി...

വെറുതെ ഒരു രസത്തിനായി
എൻ ഓർമ്മതൻ പുസ്തകത്താളുകളിൽ
ഞാൻ തിരഞ്ഞു
എവിടെയെങ്കിലും വല്ല രത്നങ്ങളുടെ
കൂമ്പാരമോ നിധിയുടെ ശേഖരമോ
കണ്ടേക്കുമെന്നു ഞാൻ കരുതി
ഒരുപാടൊരുപാട് ഞാൻ തിരഞ്ഞു
പകൽ രാവായതും
രാവ് പകലായതും
ഞാനറിഞ്ഞില്ല
കൊടുങ്കാറ്റിന്റെ വേഗവും
മഴയുടെ ശൗര്യവും
ചൂടിന്റെ തീഷ്ണതയും ഞാനറിഞ്ഞില്ല
ഞാനറിഞ്ഞതൊന്നുമാത്രം
എൻ ഓർമയുടെ താളിൽ
നിന്നെനിക്കു കിട്ടിയ സമ്പത്ത്
എന്റെ പഠനകാലമായിരുന്നു
അവിടെ ഞാൻ കണ്ട രത്നകൂമ്പാരം
എന്റെ അധ്യാപകരായിരുന്നു
അവിടെ ഞാൻ കണ്ട നിധി
എൻ വിദ്യാലയമായിരുന്നു
അതേ... അതായിരുന്നു സത്യം !
അറിവ് ഒരുപാട്പേർക്ക് നൽകി
ഇനിയും ഒരുപാടു പേരെ കാത്തിരിക്കുന്ന

ആ വിദ്യാലയം തന്നെയായിരുന്നു
എൻ ജീവിതത്തിലെ ഏറ്റവും മികച്ച സമ്മാനം
ഏറ്റവും മികച്ച സമ്പത്ത്
എൻ ഓർമയുടെ താളുകളിൽ
മറഞ്ഞുകിടന്ന ആ നിധി ഞാൻ
പൊടി തട്ടിയെടുത്തത്
ഹൃദയത്തിൻതാളിൽ സൂക്ഷിച്ചു
എന്നെന്നും ഓർമിക്കാൻ....

അക്ഷര
$9^{TH}$ $C$

# അഭിമാന പൂർവ്വം

നാടിന്നഭിമാനമായ് നീ...!
കടലോളം കനവിൽ ചേർത്തുവച്ച്
നാടിൻ മുഖഛായ മാറ്റി നീ...!
അക്ഷരപ്പൂ മഴ പെയ്തു തന്നു.
ഭാഷ തൻ പുണ്യം പകർന്നു തന്നു.
കുഞ്ഞു മനസ്സുകൾക്കേറെ തന്നു.

കൗതുകക്കാഴ്ച തൻ നിറവു തന്നു...!
നവ മുകുളങ്ങളായ് വന്ന് പോമെങ്കിലും
ഓർമയിലെന്നുമടിവരയിട്ടിടാൻ
അനുഭവ സാക്ഷ്യങ്ങൾ അനുഭൂതി തന്നെ
സൗഹൃദപ്പെരുമയുണ്ട് നിന്നിൽ...!

ഇനിയൊരു ബാല്യം ദാനമായ് കിട്ടുകിൽ
ഈ വിദ്യാലയം വിട്ട് ഞാനെങ്ങ് പോകാൻ?
അക്ഷര ദിക്ഷക്കായ് കൈക്കുമ്പിൾ നീട്ടി
ഈ തിരു മുറ്റത്ത് വന്ന് നിൽക്കും ഞാൻ...!

ഫാത്തിമ നിദ.എം

9-D

# എന്റെ കോരപ്പുഴ



പുഴയും കടലും ഒന്നിക്കുന്ന
എത്ര മനോഹരമീകാഴ്ച.
അതിനടുതകവരപത്ത തുരുത്തുകളിൽ
പാൽ കുൽ പോലെ കൊക്കുകളും.
സുന്ദരമായ കാറ്റുകളിൽ
തെങ്ങോലകൾ നൃത്തം ചെയ്യുന്നു.
രമ്യതയിലൊഴുകി ഹൃദ്യമായി മാറും
എന്റെ സ്നേഹദീപം....
മലിനമാക്കീടുന്നു നീ പുഴകളെ
എന്തിനീ ക്രൂരത...എന്തിനീ ക്രൂരത...
രമ്യതയിലൊഴുകുമാ...കേരളം ഇന്നിതാ...
മലിന ജലത്തിൽ ആഴ്ന്ന കിടന്നു
അറിയുന്നു ഞാനാ പുഴകളുടെ നൊമ്പരം
മലിനമാക്കിടല്ലെ എന്റെ കോരപ്പുഴയെ....

MUSHRIFA. K
*9-C*

# ഒരു കൊച്ചു ഗ്രാമം...

ഒരിക്കൽ ഒരു കൊച്ചു ഗ്രാമത്തിൽ പാവപ്പെട്ടവരും പണക്കാരും താമസിച്ചിരുന്നു. അവിടുത്തെ ആളുകൾ ആ പണക്കാരന്റെ വീട്ടിൽ ജോലി ചെയ്താണ് ജീവിച്ചിരുന്നത്. ഒരിക്കൽ ഒരു പാവപ്പെട്ടവൻ ജോലി ചെയ്ത് വലിയ പണക്കാരനായി. അപ്പോൾ ആദ്യത്തെ പണക്കാരന് അസൂയ തോന്നി. അങ്ങനെ ഒരു ദിവസം ഈ പണക്കാരന്റെ വീട്ടിൽ കള്ളൻ കയറി കുറെ സ്വർ ണ്ണം എടുത്തു കൊണ്ടു പോയി. അങ്ങനെ ആദ്യത്തെ പണക്കാരന് സന്തോഷമായി. അങ്ങനെ അവർ ജോലി ചെയ്യാൻ വീണ്ടും ആ പണക്കാരന്റെ വീട്ടിൽ ചെന്നു. അവർ ജോലി കൊടുത്തില്ല. അങ്ങനെ അവർ ഭക്ഷണം കഴിക്കാതെ, വെള്ളം കുടിക്കാതെ ദാഹിച്ചു വലഞ്ഞു. അങ്ങനെ ആ പണക്കാരന്റെ കുട്ടിക്ക് അവരോട് സഹതാപം തോന്നി. ആ കുട്ടി അച്ഛനും അമ്മയും കാണാതെ അവർക്ക് ഭക്ഷണം നൽകി. ആ പാവപ്പെട്ട മനുഷ്യർ ദൈവത്തോട് പ്രാർഥിച്ചു. ഈ കുട്ടിക്ക് ചിന്ത നൽകണം എന്ന്. ഇത് ഈ കുട്ടിയുടെ അച്ഛനും അമ്മയും കണ്ടു. അവർ അവനെ ഒരുപാട് തല്ലി. അവൻ അവരോട് പറഞ്ഞു: വിശക്കുന്നവർക്ക് ഭക്ഷണം നൽകിയാൽ ദൈവം നമുക്ക് സന്തോഷം നൽകും. അവർ ആ പാവപ്പെട്ടവനെ വീട്ടിൽ കൊണ്ടു പോയി സന്തോഷത്തോടെ ജീവിച്ചു.

ആയിഷ ഫിദ. പി
9-C

# വീണ്ടും വസന്തം

സ്കൂൾ വിട്ട് വീട്ടിലേക്ക് മടങ്ങുന്നതിനിടെയിൽ കുട്ടികൾ കളിച്ച് തിമിർക്കുന്ന അതിമനോഹരമായ ഒരു പൂന്തോട്ടമുണ്ടായിരുന്നു. ആ പൂന്തോട്ടത്തിന്റെ ഉടമ ഒരു ദുഷ്ടനായ രാക്ഷസനായിരുന്നു. വളരെ കാലമായി സ്ഥലത്തില്ലാതിരുന്ന അയാൾ തിരിച്ചെത്തിയപ്പോൾ കണ്ടത് തന്റെ പൂന്തോട്ടത്തിൽ കളിച്ച് തിമിർക്കുന്ന കുട്ടികളെയാണ് .ദേഷ്യം വന്ന അയാൾ അവരെ പൂന്തോട്ടത്തിൽ നിന്നും പുറത്താക്കി. അങ്ങനെയിരിക്കെ ഒരു ദിവസം ഉറക്കമുണർന്ന രാക്ഷസൻ ഒരു കുരുവിയുടെ അതി മനോഹരമായ പാട്ട് കേട്ട് പുറത്തേക്കിറങ്ങി നോക്കിയപ്പോൾ തോട്ടത്തിന്റെ മതിലിലുണ്ടാക്കിയ വിടവിലൂടെ കുട്ടികൾ അകത്തേക്ക് നുഴഞ്ഞ് കയറുന്ന കാഴ്ചയാണ് അയാൾ കണ്ടത് . മരങ്ങളും ചെടികളുമെല്ലാം പൂവണിയുകയും എങ്ങും കിളികൾ പാറിപ്പറക്കുകയും ചെയ്യുന്നു. പൂന്തോട്ടത്തിലേക്ക് കടന്നു വന്ന രാക്ഷസനെ കണ്ട് കുട്ടികൾ ഭയന്നോടി.കുട്ടികൾ പോയതോടെ പൂന്തോട്ടമാകെ വീണ്ടും മഞ്ഞു നിറഞ്ഞു. രാക്ഷസൻ അവനെയെടുത്ത് ഒരു മരച്ചില്ലയിൽ ഇരുത്തി അതോടെ ആ മരം പൂവണിയുകയും കിളികൾ മരച്ചില്ലയിൽ ഇരുന്ന് പാട്ടു പാടുകയും ചെയ്തു. മതിലിനു വെളിയിൽ ഇതെല്ലാം കണ്ടു നിന്ന കുട്ടികളും ആർപ്പുവിളികളോടെ പൂന്തോട്ടത്തിലേക്കോടിയെത്തി. അതോടെ ആ തോട്ടത്തിൽ വീണ്ടും വസന്തം കടന്നുവന്നു. രാക്ഷസനാകട്ടെ പൂന്തോട്ടത്തിലെ മതിലുകളെ ഇടിച്ച് പൊളിക്കുകയും കുട്ടികളോടൊത്ത് അവിടെ കളിച്ച് തിമിർക്കുകയും ചെയ്തു.

നിരഞ്ജന.വി

# വെളിച്ചത്തെ തേടുന്ന ഒരാൾ...

മാവേലിക്കരയിലെ സുന്ദരമായ ഗ്രാമത്തിലെ ഒരു പാവപ്പെട്ട കർഷകനായിരുന്നു കുമാരേട്ടൻ. സൂര്യനുദിക്കുന്നതിന് മുമ്പ് പാടത്ത് പോയി പണിയെടുത്ത് കിട്ടുന്ന കുറഞ്ഞ വരുമാനത്തോടെയായിരുന്നു അയാളുടെ കുടുംബം കഴിഞ്ഞിരുന്നത്. ഭാര്യയും രണ്ടു മക്കളും അടങ്ങിയ ആ ചെറിയ കുടുംബം ഓരോ ദിവസവും വളരെ പണിപ്പെട്ടാണ് കഴിഞ്ഞ് പോയത് . എങ്കിലും ഉള്ളത് പങ്കിട്ടെടുത്താണെങ്കിലും സന്തോഷവും സമാധാനവും കൊണ്ട് സന്തുഷ്ടമായിരുന്നു ആ കുടുംബം.

രണ്ട് പെൺകുട്ടികളായിരുന്നു അയാൾക്ക്. ഒരാൾ ഏഴിലും മറ്റെയാൾ പത്തിലും. എത്ര കഷ്ടപ്പെട്ടായാലും പെൺമക്കളെ നല്ല നിലയിലെത്തിക്കണം. അതായിരുന്നു അയാളുടെ ആഗ്രഹം. ഒരു ദിവസം മൂത്ത മോൾക്ക് പനി പിടിപെട്ടു. മരുന്ന് വാങ്ങാൻ കാശില്ലാത്തതിനാൽ അയാൾ ഏറെ പരിഭ്രമിച്ചു. വിൽക്കാനും വാങ്ങാനുമായി തന്റെ കയ്യിൽ ഇനി ഒന്നുമില്ല. ആകെപ്പാടെ ആ പാടം മാത്രം . എന്നാലും വേണ്ടില്ല ,മകളുടെ രോഗം മാറാൻ മാറ്റണം. പാടത്ത് താൻ നെയ്തു കൂട്ടിയ നെൽ മണികൾ ചന്തയിൽ കൊണ്ട് വിറ്റ് അയാൾ മകളെ ചികിത്സിച്ചു. പക്ഷേ, ദൈവത്തിന്റെ അദൃശ്യ കൈകൾ അയാളെ കൈ വിട്ടുക്കാണണം. മകളുടെ ചേതനയറ്റ ശരീരം കണ്ട് കരയാനാകാതെ അയാൾ നിലത്തിരുന്നു. മകളെ കുറിച്ചുള്ള ചിന്തകൾ അയാളെ ജീവിതത്തിന്റെ മറ്റൊരു ഭാഗത്തേക്ക് കൂട്ടിക്കൊണ്ടു പോയി. ആകസ്മികമായുണ്ടായ ആ വേർപ്പാട് ആ വാർധക്ക്യ മനസ്സിനെ തളർത്തി. അയാളുടെ ഹൃദയത്തിനേറ്റ മുറിവിൽ നിന്നും അപ്പോൾ രക്തം കിനിയുന്നുണ്ടായിരുന്നു. താൻ കഷ്ടപ്പെട്ട് വളർത്തിയ മകളും അവർക്ക് വേണ്ടി താൻ നട്ട നെൽമണികളും പോയി. ഇനി താൻ ജീവിക്കുന്നതിൽ എന്തർഥമാണുള്ളത് ?

മകളുടെ മരണം വീട്ടിൽ വരുത്തിയ ശൂന്യത പതിയെ ഇല്ലാതാവുകയാണ്. എന്നെങ്കിലും ദൈവം തങ്ങളോട് കരുണ കാണിക്കും എന്ന പ്രത്യാശ മാത്രമാണ് ആ കുടുംബത്തിന്റെ ഉയർത്തെഴുന്നേൽപ്പിനു കാരണം . എങ്കിലും ഇരുട്ടടഞ്ഞ ജീവിതത്തിൽ അവരെവിടെയോ വെളിച്ചത്തെ തിരയുന്നുണ്ടാകാം...

മാളവിക.പി.പി

10-B

# വവ്വാലിന്റെ വിധി

മരത്തിൽ തലകീഴായി തൂങ്ങിക്കിടക്കുന്ന വവ്വാലുകളെ കണ്ടിട്ടില്ലേ? പാവം അതിനെങ്ങനെ ഈ ഗതിവന്നെന്നോ? പണ്ട് പണ്ട് മൃഗങ്ങളും പക്ഷികളും തമ്മിൽ ഒരു ഘോര യുദ്ധം നടന്നു.

പക്ഷികൾ താഴെയിറങ്ങി വന്ന് ആഹാരം നേടാൻപാടില്ല എന്നായിരുന്നു. മൃഗങ്ങളുടെ വാദം മുകളിലുണ്ടാവുന്നതൊന്നും മൃഗങ്ങൾക്ക് നൽ കിയിരുന്നില്ലന്ന് പക്ഷികളും വാദിച്ചു. വാദം കോലാഹലമായി തമ്മിൽ അടിയായി പക്ഷികളും മൃഗങ്ങളും രണ്ടു പേരായി പക്ഷേ വവ്വാൽ മാത്രം രണ്ടു പേരിലും ചേർന്നില്ല. ആര് ജയിക്കും എന്ന് അറിയാൻ വേണ്ടി അവർ കാത്തിരുന്നു. ആദ്യ വിജയം മൃഗങ്ങൾക്കായിരുന്നു. ഉടൻ തന്നെ വവ്വാൽ മൃഗങ്ങളുടെയടുത്തെത്തി മൃഗങ്ങളെ പോലെ പ്രവാസിക്കുമെന്നും തന്റെ മുഖം മൃഗങ്ങളുടെ പോലെയാണെന്ന് പറഞ്ഞു മൃഗങ്ങളുടെ കൂടെ ചേർന്നു വവ്വാൽ തോറ്റ പക്ഷികളെ കളിയാക്കാനും മടിച്ചില്ല. മൃഗങ്ങളും പക്ഷികളും തമ്മിലുള്ള ശത്രുത വളർന്നു. അവർ തമ്മിൽ പിന്നെയും യുദ്ധം നടന്നു. ഇത്തവണ വിജയം പക്ഷികൾക്കായിരുന്നു. വവ്വാൽ വിഷമ സന്ധിയിലായി. തോറ്റവരോടൊപ്പം കൂടുന്നത് നാണക്കേടായത് കൊണ്ട് തന്റെ ചിറകും പറക്കാനുള്ള കഴിവും കാണിച്ചു താനൊരു പക്ഷിയാണെന്നു വാദിച്ചു. പക്ഷെ പക്ഷികൾ വവ്വാലിനെ കൊത്തിയെടുത്ത് കുലദ്രോഹിയെന്ന് വിളിച്ചു, ആക്ഷേപിച്ചു. താഴെ ഇറങ്ങിയാൽ മൃഗങ്ങൾ അവനെ അക്രമിക്കും. അങ്ങനെയാണത്രെ വവ്വാലുകൾ മരത്തിൽ തലക്കീഴായി കിടക്കാൻ തുടങ്ങിയത്.

ആയിഷ ഫിദ.പി

9-C

# രാജകുമാരിയും കള്ളനും

പൂവാലി എന്ന സ്ഥലത്ത് ഒരു രാജാവും രാജാവിന്റെ മകളും ഉണ്ടായിരുന്നു. ഒരു ദിവസം രാജാവ് മകളോട് പറഞ്ഞു. സുന്ദരീ ഞാൻ വേട്ടയ്ക്ക് പോവുകയാണ്. ഒരു രാത്രി കഴിഞ്ഞിട്ടേ ഞാൻ വരുകയുള്ളൂ. നീ ഈ കൊട്ടാരത്തിന്റെ കാര്യം നോക്കണം. അങ്ങനെ പറഞ്ഞ് രാജാവ് വേട്ടയ്ക്ക് പോയി. അന്ന് രാത്രി കൊട്ടാരത്തിലേക്ക് ഒരു കള്ളൻ വരുന്നത് അവൾ സ്വപ്നം കണ്ടു. അവൾക്ക് പേടിയായി. വാതിലുകളും ജനാലകളും അടച്ച് സുന്ദരി ശബ്ദമുണ്ടാക്കാതെ അവളുടെ കിടക്കയിൽ കിടന്നു. കള്ളൻ കൊട്ടാരത്തിലേക്ക് പോകുന്നത് കൊട്ടാരത്തിന്റെ അടുത്തുള്ളവർ കണ്ടു. അവർ കള്ളനെ അന്ന് രാത്രി തന്നെ അടിച്ചോടിച്ചു. പിറ്റേന്ന് രാവിലെ കൊട്ടാരത്തിലേക്ക് രാജാവ് എത്തി. മകൾ വാതിലുകൾ തുറന്നു കൊടുത്തു. രാജാവ് അകത്തേക്ക് കേറിയ ഉടനെ അയൽക്കാർ വന്ന് അന്ന് രാത്രി ഉണ്ടായ സംഭവങ്ങളെല്ലാം പറഞ്ഞു. ആരവിടെ ആ കള്ളനെപിടിച്ചു വരൂ അവൻ എവിടേക്കാണ് പോയത്. ഭടന്മാരിൽ ഒരാൾ പറഞ്ഞു. അതാ ആ കാട്ടിലേക്കാണ് പോയത്. ശരി ഇതാ പ്രഭോ കള്ളൻ. നീ കൊട്ടാരത്തിലേക്ക് വന്നു എന്നു ഞാനറിഞ്ഞു. എന്തിനാണ് നീ ഇവിടേക്ക് വന്നത്. മകളെ കൊണ്ടു പോകാനൊ. ഇത് കേട്ടപ്പോൾ രാജകുമാരി പേടിച്ചു. ആരവിടെ? ഈ കള്ളന്റെ തല വെട്ടൂ..ഭടരിലൊരാൾ അവന്റെ തല വെട്ടി. അപ്പോൾ തന്നെ അവൻ അവിടെ കിടന്നു മരിച്ചു. കാലചക്രത്തിന്റെ കറക്കത്തിനിടയിൽ എവിടെയോ വെച്ച് മറ്റൊരു രാജകുമാരനെ അവൾ കണ്ടുമുട്ടി. അവർ വിവാഹിതരായി. പിന്നെ അവർ രണ്ടു പേരും സുഖമായി ജീവിച്ചു.

ഹയ. ഇ. കെ

9-C

# NCC (NATIONAL CADET CORPS)

*First NCC was introduced in 1948. A N O of our school's NCC is Sajeevan sir. In our school the selection was done by CO Saab[Cornell Jayadeep Sharma]. 30(k) B N NCC (group commander) - Brig A Y RAJAN CO Saab (commander officer) – Cornell Jaideep sharma Ncc was founded in 1948.The national cadet corps is an indian military cadet corps with its headquaters at newdelhi, delhi, India . It is open to school and collage students on voluntary basis NCC is try service organization, comprising the Army, Navy and Air force engaged in grooming the youth to the country into disciplined and patriotic citizens . The Ncc in india is a voluntary organization which recruits cadets from high school, collages and university all over India.The Ncc is the world's largest uniformed youth organization . Its motto is "unity and discipline".*

*The Ncc in India was formed the Ncc act on 1948. it was raised on 15 be traced back to the 'corps' which was created under the indian defence act 1917,with the objective to make up the shortage of the army. In 1920, when the Indian Territorial Act was passed the 'University Corps' was replaced by the university training corps (UTC) . The aim was to raise the status of UTC and make it more attractive to the youth . The UTC officers and cadets dressed like the army. It was a significant step towards Indiansation of armed force . It was rechristened in the form of university officer training corps (UOTC) so the national cadet corps can be*

*considered as a successor of the (UOTC) which was established by the British government in 1942 . During world war II,the (UOTC) never come up to the expectations set by the British . This led to the idea that some better scheme should be formed which could train more young men in a better way even during peace . A committee headed by H N Kunzhru recommended a cadet organization to be established in school's and collages at a national level . The Ncc act was on 15 July 1948 the Ncc came to existence .*



# J.R.C ( JUNIOR RED CROSS )

***The Junior Red Cross Society is the School Children's branch of the Red Cross Organisation. The Red Cross Organisation is a world-wide organization. It is voluntary, non-governmental, non-political, non-sectarian and international in character.***

***Aims:***

*(a) Promotion of health, personal hygiene, school hygiene and community hygiene.*

*ADVERTISEMENTS:*

*(b) Service to others especially in relation to health.*

*(c)Promotion of fellowship among, and friendly helpfulness towards, other young people of all countries.*

***Activities of a Junior Red Cross Society:***

*For the propagation of health rules, a Junior Red Cross Society takes the aid of posters and charts. Health plays are also staged.*

*ADVERTISEMENTS:*

*The members of the Junior Red Cross Society render a very useful assistance to the medical officer at the time of medical inspection of the students. Usually a Junior Red Cross Society x a small dispensary and a library containing books dealing with health them: of health, diseases, their causes and remedies.*

*The students are encouraged to exchange letters photos, seeds, plants and handwork with students other countries in order to promote international friendliness. It also arranges lectures on various diseases. Its members set good examples before others by visiting the sick students of the school. The members of a Junior Red Cross Society render first-aid when students receive minor injuries.*





# SCOUTS AND GUIDES

WE HAVE GUIDES UNIT IN OUR SCHOOL SINCE 2016 JUNE. THERE ARE 22CHILDREN AS MEMBERS.WE PERFORM VARIOUS ACTIVITIES IN OUR SCHOOL REGARDING GARDENING,CLEANING,HELPING THE NEEDY ETC. WE COLLECT SOME MONEY AND BUY THINGS FOR THE PEOPLE WHO IN THE CAMP DURINGTHE FLOOD TIME.ALL THE ACTIVITIES ARE DIVIDE BY THE PATROLS,EACH PATROL HAVE ONE LEADER ALSO. WE DID A CHART MAKING COMPETITION ON LUNAR DAY. WE ORGANISE AN ESSAY COMPETITION ON OZONE DAY.ALL OCCASIONS IN THE SCHOOL WE ASSINGN THE DUTY AS VOLUNTEERS.WE ALSO ATTEND CHEVAYUR LOCLAL  AREA CAMP HELD AT CMM HSS THALAKKULATHUR.ALL GUIDES CLEAR OUR DWITIYASOPAN TEST.





# तं नमाम्यहम

*द्रस्यते अवनितले मया चिरं*
*पत्रपुष्पफलसंर्धकं तरुम् ।*
*आश्रयन्थि जगदमु तरुं सदा*
*शान्तिमन्द्रमुगरं हि शाधिनं ।।*

*पुणयदयकपुराणगीतय:*
*सोपदोशककथासहसरश: ।*
*आलपन्ति सुजना खगा: सदा*
*व्यपयन्ति नवचिन्तनं : मृदा*

*आश्रयन्ति ये तान् तु सर्वदा*
*पालयन्ति ये निर्मलौ: करौ: ।*
*शन्तिदायिनं शान्तिशाखिनं*
**तं नमाम्यहं मोदपुर्वकं ।।**

***SUBHALAKSHMI***
***TEACHER***

# TIME AND TIDE WAIT FOR NONE

*Time is said to be eternal. It is said that it has neither a beginning nor an end. Yet, men are able to measure it as years, months, days, hours, minutes and seconds. They have also given meaning to the words – past, present and future. True, time has a meaning; it moves. What was yesterday is not today. What is today will not be for tomorrow. Time is said to have no holiday, it exists always. Time is a free force. It doesn't wait for anyone. It is said that time and tide waits for none. It comes and goes. The only thing we can do is time management. Time management is the control and focus of person's actions for the purpose of efficiency. Efficiency is the maximum capacity to do some work in a given time. Time is very crucial and important factor in all the aspects as well as stages of life. Student's life is the formative period of one's life. So, it is very important to understand the importance of time management at early stage of life. We can never get back the lost minute. The time flies and never returns. A minute is enough to win a victory. A fraction of second can make a difference of life and death. Every moment brings with it thousands of golden opportunities. Therefore we must not allow such precious time to slip away. Those who do not know the importance of time either waste it or they spend it by doing nothing. There is a proverb which says that 'killing time is not a murder; it is a suicide.' The wise and intelligent make use of it fruitfully. As we go through life, we realize that if there is anything in the world which will never come back, it is time. Once it crosses the threshold of past, it never returns to the present. To utilize the time fruitfully, we must plan. Unplanned living is the road to kill time. Planning and*

*proper implementation of time always brings in success. Secondly, work must never be postponed, tomorrow may never, materialize. We can only be sure of present which is in our hands. Let us learn to use time fruitfully. It is the key of success.*

*-DEVANANDA S.J*
*IX -D*

# قريته

قريته جميلة قريته أشجار كثرته‌ا فيها هواء نقي ا أزهار كثير في قرية وترأ ب طييب كاننا وخلنا الجنة ذهب في قريته سمعنأ شنافشثا دمافير ا مزارعه كثير في ألقريته ونسيم بارد تفع جداول في لا أشجار والاحجأر فيها ومساجد ومدارس وهياكل ا ما أجمل قريته أنا أخب قريته ا

HANNA SIDDIQUE

***IX D-***

# मम सघि

एकदा राधिका नाम अतीव सुन्दरी युवति कओसलया पुरं ग्रामे वसति स्म ।

रकेष इति नामे एकं युवावअ राधिका प्रचते प्रथम दरशने तस्य मितेन वदाति

" सह मम प्रिय सघि "।

प्रतिदिनं तयए पश्यत अनन्तरं रकेष: तस्य विषये वथति। राधिका प्रथयवदथ "अहं एकांकी भवथि किन्तु रकेष: संथोषणे मिन्थेन वदथि सह मम प्रिय सघि ।

कालान्थरे एक दिने एवं अघादं बविष्यति रदिकस्य द्वय नेत्र नष्टयथि। रकेष: तस्य प्रथ्यगत: किन्थु तया मित्रेन वदथि "स: मम प्रिय सघि इथि "।

आमिषा यु पी

# ഉറുദു ഭാരതാംബയുടെ ആത്മാവ്

ഏതൊരു ഭാഷയും ആശയ പ്രകടനത്തിലുള്ള ഒരു ഉപാധിയാണല്ലോ? അതോടൊപ്പം ഭാഷ ഒരു സമൂഹത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പ്രകടനം കൂടി ആയിരിക്കും. ഭാഷ സമൂഹത്തിൽ കാത്തുകയും പൂക്കുകയും ചെയ്യുന്നു . അത്കൊണ്ട് തന്നെ ഭാഷയ്ക്ക് സാംസ്കാരവുമായി അഗാത ബന്ധം ഉണ്ടായിരിക്കും. ഭാഷയും സാഹിത്യവും ഒരു സമൂഹത്തിന്റെ നേർക്കാഴ്ച്ച ആയിരിക്കും.

ഉറുദു ഭാഷയുടെ ജനനം ഭാരതത്തിലാണ്. അത്കൊണ്ട് തന്നെ ഈ ഭാഷ തികച്ചും ഒരു ഭാരതീയ ഭാഷയാണ്. ഉറുദുവിന്റെ സാമൂഹികവും സാംസ്കാരികവും ആയ തായ് വേരുകൾ എവിടെ എന്ന് പരിശോധിക്കുമ്പോൾ മാത്രമേ ഈ ഭാഷയുടെ സാംസ്കാരിക പൈതൃകത്തിന്റെ വ്യക്തമായ ചിത്രം നമുക്ക് ലഭിക്കുകയുള്ളു . ഭാരത സംസ്കാരത്തിന്റെ ഓരോ മറിച്ചിലുകളും ഉറുദു ഭാഷയിലും സാഹിത്യത്തിലും കാണാൻ കഴിയും.ആര്യന്മാരുടെ സംസ്കാരം ജന്മം നൽകിയ സംസ്കൃത ഭാഷയുടെ ഇടർച്ചയാണ് ഉറുദുവിന്റെ ഉത്ഭവം..സംസ്കൃതം പുരാണ ഭാരത ഭാഷയാവുമ്പോൾ 'ഉറുദു ഒരു ആധുനിക ഭാരതീയ ഭാഷയാണ് 'എന്ന വ്യത്യാസം മാത്രം . രണ്ടും ഇന്തോ -ആര്യൻ പരമ്പരയിൽ വരുന്നുവെന്നർത്ഥം. ഉറുദു ഭാഷയിൽ 38 വ്യഞ്ജനവും , 10 സ്വരങ്ങളും ഉൾപ്പെടുന്നു . ഉറുദുവിന്റെ മുഴവൻ സ്വരങ്ങളും സംസ്കൃത ഭാഷയിൽ നിന്ന് വന്നവയാണ്. അറബി-ഫാർസി വ്യഞ്ജനങ്ങൾ വെറും ആറെണ്ണം മാത്രമാണ്.

വൈവിധ്യങ്ങൾ കൊണ്ട് മനോഹരമാണ് ഭാരതം.ഉയർന്നു നിൽക്കുന്ന പർവതങ്ങൾ ,വിശാലമായ സമതലങ്ങൾ , താഴ്വരകൾ, ഇടതൂർന്ന കാടുകൾ, വിശാലമായ മണലാരണ്യങ്ങൾ,പരന്നൊഴുകുന്ന നദികൾ ഇതൊക്കെ ഭൂപ്രകൃ-തിയിലെ വൈവിദ്യങ്ങളെങ്കിൽ – രാജ്യത്തെ ജനങ്ങളിലും സംസ്ക്രതിയിലും സംസാരഭാഷയിലും വൈവിധ്യങ്ങൾ വളരെ പ്രകടമാണ്. ഇവിടെ കറുത്തവനും, വെളുത്തവനും, കുറിയവനും, നീളം കൂടിയവനും ഉണ്ട്. വ്യത്യസ്ഥ

മതവിശ്വാസികളെ പോലെ മതമില്ലാത്തവനും ഈ രാജ്യത്ത് ഏകാന്തരം സഹോദരങ്ങളായി ജീവിക്കുന്നു.

രാജ്യം വളർത്തിയെടുത്ത സംയുക്ത സംസ്കാരത്തോടൊപ്പം ധാരാളം ഭാഷകളും ഇവിടെ ജന്മമെടുത്തു ഇന്ത്യൻ ഭാഷകളിൽ സർവലൗകീകമായ ഭാഷയാണ് ഉറുദു .

ഇന്ത്യൻ ഭരണ രംഗത്തും കച്ചവടം രംഗത്തും വിജയിക്കാൻ ഇന്ത്യൻ ഭാഷയായ ഉറുദു അറിയൽ ആവശ്യമാണ് എന്ന് മനസ്സിലാക്കിയ ബ്രിട്ടീഷുകാർ ഫോർട്ട് വില്ല്യം കോളേജ് എന്ന ഉറുദു മീഡിയം കോളേജ് ഡൽഹിയിൽ സ്ഥാപിച്ചു. ഇന്ത്യാരാജ്യത്തിന്റെ സ്വാതന്ത്ര്യം വാങ്ങി തരുന്നതിൽ പ്രധാന പങ്കുവഹിച്ച ഭാഷയാണ് ഉറുദു .ബ്രിട്ടീഷുകാർക്കെതിരെ ബന്ധിയില്ലാ സമരം നയിച്ച കാലത്തും ഈ ഭാഷ വളരുകയായിരുന്നു . ഭഗത് സിംഗും ,രാം പ്രസാദ് ബിസ്മിലും ആവേശത്തിനിരയായത് ഈ ഭാഷയിലാണ്. ഇൻക്വിലാബ് സിന്ദാബാദ് എന്ന വിപ്ലവ മുദ്രാവാക്യം ലോകത്തിന് സമ്മാനിച്ചത് ഉറുദു ഭാഷയാണ്. എന്റെ നാടിന് സ്വതന്ത്ര്യം തരൂ.......അല്ലെങ്കിൽ എനിക്ക് ആറടിമണ്ണ് തരൂ...എന്ന് ബ്രിട്ടീഷ് ഭരണാതികാരികളോട് ആക്രോശിച്ച മൗലാനാ മുഹമ്മദ് അലിയുടെ ഭാഷ ഉറുദുവായിരുന്നു . അവസാന ആഗ്രഹം ഇന്ത്യൻ മണ്ണിൽ സംസ്കരിക്കപ്പെടണമെന്നാണ് എന്ന് യാചിച്ച മുകൾ ചക്രവർത്തി ബഹദൂർഷാ സഫറിന്റെ ഭാഷ ഉറുദു തന്നെയാണ്. ഇന്ത്യയുടെ ഒന്നാമത്തെ വിദ്യാഭ്യാസമന്ത്രി മൗലാന അബ്ദുൽ കലാം ആസാദ് ഉറുദുവിന് നൽകിയ സംഭാവനയാണ്-സാരെ ജഹാംസെ അഛാ ഹിന്ദുസിതാ ഹമാരാ ....എന്ന ദേശഭക്തി ഗാനവും 'NCC' ഗാനമായ "ഹംസബ് ഭാരതിയർ ഹെ" എന്ന ദേശഭക്തി ഗാനവും ഉറുദു ഭാഷയുടെ സംഭാവനയാണ് . സർ സയ്യിദ് അഹമ്മദ് ഖാൻ ,മൗലാനാ ഹാലി,അല്ലാമ ഇക്ബാൽ മുതലായ സ്വാതന്ത്ര്യ സമര സേനാനികളെ സൃഷ്ടിച്ചത് ഉറുദു ഭാഷയാണ്.

ഇതൊരു പ്രത്യേക വിഭാഗത്തിന്റെ ഭാഷയല്ല. പേർഷ്യൻ ലിപി സ്വീകരിച്ചതിനാൽ ഉറുദുവിനെ ചിലർ മുസ്ലീം ഭാഷയായി തെറ്റിദ്ധരിക്കുന്നു. യഥാർത്ഥത്തിൽ ഈ ഭാരത പുത്രിക്ക് ഏതെങ്കിലും ജാതിയോടൊ മതത്തോടൊ ചേർത്ത് പറയത്തക്ക ബന്ധമൊന്നുമില്ല. ഇന്ത്യയിൽ മതേതര മൂല്യം വലർത്തുന്നതിലും രാജ്യത്തെ ജനങ്ങളെ ദേശത്തോട് കൂറുള്ളവരാക്കി മാറ്റുന്നതിനും ഏകോപിപ്പിക്കുന്നതിലും ഉറുദു സാഹിത്യക്കാരന്മാരും കവികളും വഹിച്ച പങ്ക് നിസ്തുലമാണ്. ഭാഷയുടെ ആദ്യകാലം പരിശോദിച്ചാൽ ഹിന്ദു, മുസ്ലീം മൈത്രയുടെ സന്തതിയാണ് ഉറുദുവെന്ന് കണ്ടെത്താൻ കഴിയും.

പ്രേം ചന്ദ്, പണ്ഡിറ്റ് നാരായൺ, ഫിറാഖ്, കിഷൻ ചന്ദ്, സുദർഷൻ ഫാഹർ, അമീർ ചന്ദ് ബഹർ, ഭഗ്വാൻദാസ്, സേഹൻ റാഹി, ഇന്തിര മോഹൻ കൈഫ് ദീപക്, ആശാ പ്രഭാത്, ഇന്തർ ഷബ്ലം, കാമിനി ദേവി പ്രതാപ് സിംഗ്ബാഗൽ, വിജയ് അരുൺ ഇശ്വർ ദത്ത രാജേന്ദ്രൻ നാഥ്, താലൂക്ക് രാജ് പ്രസാദ്, ഓം പ്രഭാകർ മുതലായ എണ്ണിയാലൊടുങ്ങാത്ത ഉറുദു സാഹിത്യകാരന്മാർ അമുസ്ലിങ്ങളാണ് എന്നതു ഒരു യാഥാർത്ഥ്യമാണ്. മഹാത്മാ ഗാന്ധിയും അതുപോലെ നെഹ്റു കുടുംബവും തൂലിക ചലിപ്പിച്ച ഭാഷ ഉറുദുവാണെന്ന് മനസ്സിലാക്കാം.

നമുക്ക് ചുറ്റും സംസാരിക്കപ്പെടുന്ന മറ്റു ഭാഷകളുമായ താരതമ്യം ചെയ്യുമ്പോൾ ഉറുദു ഭാഷ ഏറ്റവും ലളിതമാണെന്ന് നമുക്ക് കാണാം. ഈ പ്രത്യേകതയാവാം ദിനം തോറും ഉറുദു ഭാഷയുടെ വളർച്ചക്കും കാരണം. യുനസ്കോയുടെ കണക്കനുസരിച്ച് ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന മൂന്നാമത്തെ ഭാഷയാണ് ഉറുദു. പത്ര പവർത്തനം , പരിഭാഷ, വിനോദ സഞ്ചാരം, സംഗീതം , യുനാനി വൈദ്യം ഫിലിം ഇൻഡസ്ട്രി , കര നാവിക- വ്യോമ സേനാമേഘല എന്നിവയിൽ ധാരാളം തൊഴിൽ സാധ്യതകളും ഉറുദു പഠനത്തിന്റെ ആകർഷണീയത കൂട്ടുന്നു. ഉറുദു ഗസലുകൾ ലോകത്തിന്റെ ഹരമായി മാറിയ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഭാഷയോട് പുലബന്ധം പുലർത്താത്തവർ പോലും ഗസലുകളോടും ഹിന്ദിസിനിമാഗാനങ്ങളെന്ന ഗണത്തിൽ പെടുത്തി ഉറുദു കവിമാരുടെയും

സാഹിത്യകാരന്മാരുടെയും വരികളും ആവേഷത്തോടെ നെഞ്ചിലേറ്റി ആസ്വദിക്കുന്നു.

ഇന്ത്യയിൽ ഭൂരിപക്ഷം ആളുകൾ ഉറുദു സംസാരിക്കുന്നു. ചിലയാളുകൾ ഇതിനെ ഹിന്ദി എന്നോ , ഹിന്ദുസ്ഥാനി എന്നോ പറഞ്ഞാലും ഭാഷയിലോ ശൈലിയിലോ പറയത്തക്ക അന്തരമില്ല. ജമ്മുകാശ്മീർ സംസ്ഥാന-ത്തിന്റെ ഔദ്യോഗിക ഭാഷയാണ് ഉറുദു , തെലുങ്കാന, ഉത്തർ പ്രദേശ്, ബീഹാർ, ജാർഗണ്ഡ്, വെസ്റ്റ്ബംഗാൾ, ഡൽഹി എന്നീ സംസ്ഥാനങ്ങളുടെ രണ്ടാം ഔദ്യോഗിക ഭാഷയാണ് ഉറുദു. കേരളം ഉറുദു ഭാഷയ്ക്ക് പറയത്തക്ക സ്വാധീനമില്ലാത്ത സംസ്ഥാനമായിരുന്നു. എന്നാൽ ബംഗാൾ, ബീഹാർ, ഉത്തർ പ്രദേശ്, ആസാം, ഗുജറാത്ത് തുടങ്ങിയവ സംസ്ഥാനങ്ങളിലെ ആളുകൾ തൊഴിൽ തേടി കേരളത്തിലെത്താൻ തുടങ്ങിയതോടെ തൊഴിലാളികൾക്കും, തൊഴിലുടമക്കും ആശയ വിനിമയത്തിന് ഉറുദു ഭാഷ നിമിത്തമായി. സംസ്ഥാനത്തെ നിർമ്മാണ മേഘല മുഴുവനായും ഹോട്ടലുകൾ മുതൽ ബാർബർ ഷോപ്പുകൾ വരെയും ഇന്ന് ഉറുദുക്കാരുടെ ആതിപത്യമാണ്.

ആഗോള തലത്തിൽ ഉറുദു ഭാഷ വളരെ പുരോഗതി പ്രാപിച്ച് കൊണ്ടിരിക്കുന്നു. 1805 ൽ തന്നെ ബ്രിട്ടനിലെ ഹർട്ട് ഫോർഡ് ക്ലാസിൽ ഉറുദു പാഠശാലകൾ ആരംഭിച്ചു. ഇന്ന് ലോക പ്രശസ്ത യൂണിവേഴ്സിറ്റികളായ കാംബ്രിഡ്ജ് ഓക്സ്ഫോർഡ് എഡിൽബറോ യൂണിവേസിറ്റികളിൽ ഉറുദു പഠനത്തിനും ഗവേഷണത്തിനും പ്രത്യേകം സൗകര്യങ്ങളുണ്ട്. അമേരിക്കൻ സ്കൂളുകളിലും ഉറുദു പഠന സൗകര്യങ്ങളുണ്ട്. സംസാര ഭാഷയിൽ അമേരിക്കയിൽ ഉറുദുവിന് 12-ാം സ്ഥാനമുണ്ട്. ന്യൂയോർക്ക് സിറ്റിയിൽ മാത്രം മുപ്പതോളം ഉറുദു സംഘടനകൾ പ്രവത്തിക്കുന്നുവെന്നതും ഇതിനോട് ചേർത്ത് വായിക്കാം.

കാനഡയിലും ഉറുദു പുരോഗതിയുടെ പാതയിലാണ്.

ടൊറാഡോ മാൻടിയാൻ ,വേനിക്ക് ,കോവർ,അട്ടാ മുതലായ നഗരങ്ങളിൽ ധാരാളം പേർ ഉറുദു സംസാരിക്കുന്നു.

1982 ഉറുദു സൊസൈറ്റി ഓഫ് കറഡെ സംഘടിപ്പിച്ച ഇന്റർനാഷണൽ ഉറുദു കോൺഫറൻസ് വളരെ ശ്രദ്ധ ആകർഷിച്ചിരുന്നു. ബോളീവുഡ് ,ഹോളീവുഡ് സിനിമ ആസ്ഥാനമായി മൗറിഷ്യസിൽ 1954 മുതൽ ഉറുദു ഭാഷ പഠന സൗകര്യമുണ്ട്.

ലോകത്തിന്റെ ഏറ്റവും വലിയ രാജ്യങ്ങളിലൊന്നായ ചൈനയിൽ ഉറുദുവിന് അടിത്തറ പാകിയതിൽ ഇന്ത്യക്ക് വലിയ പങ്കുണ്ട്. പീക്കിംഗ് യൂണിവേഴ്സിറ്റി ഉറുദു അദ്ധ്യാപകൻ അലി ഇമാം ,പ്രധാനമന്ത്രിയായിരുന്ന പോയൻ ലിയുമായ നടത്തിയ ഉറുദു അഭിമുഖം സൈബർലോകത്ത് ശ്രദ്ധപിടിച്ച് പറ്റിയ കാര്യമായിരുന്നു. പീക്കിംഗിൽ മാത്രം 78 വിദ്യാലയങ്ങളിൽ ഉറുദു പഠന സൗകര്യമുണ്ട്. സർവകലാശാല തലത്തിൽ 45-ൽ അധികം സ്ഥാപനങ്ങളിൽ ഉറുദു പഠനസൗകര്യമുണ്ട്. 865 മിഡിൽ സ്കൂളുകളിൽ ശാസ്ത്ര വിഷയങ്ങൾക്കൊപ്പം ഉറദു ഭാഷയും പഠിപ്പിക്കുന്നു. . മിസ്റ്റർ ചവായി ചൈനയിലെ അറിയപ്പെടുന്ന ഉറുദു കവിയാണ്.

ജപ്പാനിലെ റേഡിയോ ജപ്പാൻ, അഫ്ഗാനിസ്ഥാനിലെ റേഡിയോ കാബൂൾ, റഷ്യയിലെ റേഡിയോ മോസ്കോ, ഉസ്ബക്കിസ്ഥാനിലെ റേഡിയോ താഷ്കെന്റ്, ഓസ്ട്രിയയിലെ റേഡിയോ ഡിസ്നി, ഫിലിപ്പൈനിയിലെ റേഡിയോ ഫിലിപൈൻ, നോർവയിലെ റേഡിയോ നോർവെ, ഡൻമാർക്കിലെ റേഡിയോ ഡൻമാർക്കിലെ റേഡിയോ ഡൻമാർക്ക്, ദക്ഷിണാഫ്രിക്കയിലെ ഡർബർ റേഡിയോ എന്നിവയിലെല്ലാം ഉറുദു പ്രോഗ്രാമുകൾ നടന്ന് വരുന്നു.

ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക,നേപ്പാൾ എന്നിവിടങ്ങളിൽ നിരവധി ടിവി ചാനലുകളും ഉറുദു പരിപാടികൾക്ക് മുഖ്യ പ്രാധാന്യം കൊടുക്കുന്നു.

ഇന്ത്യൻ മണ്ണിൽ ജനിച്ച് ഇന്ത്യയുടെ സംസ്കാരത്തെ നെഞ്ചിലേറ്റി,

*ഇന്ത്യയിലെ സാധാരണക്കാരന്റെ ഹൃദയ ഭാഷയായി വളർന്ന ഉറുദു ഭാഷ ഇന്ത്യൻ സാഹിത്യക്കാരൻമാർക്കും സാഹിത്യത്തിനും പുതിയ ദിശാബോധം നൽകുന്നതിൽ മുഖ്യ കാർമികത്വം വഹിച്ചു. മതേതര കാഴ്ചപ്പാടും ഭാഷാ മാധുര്യവും ഈ ഭാഷക്ക് പുരോഗതിയുടെ ആക്കം വർധിപ്പിച്ചു. സൗന്ദര്യത്തിന്റെ മാരിവിൽ തീർക്കുന്ന ഗസലുകളും വിപ്ലവാവീരത്തിന്റെ രണഭേരി മുഴക്കുന്ന കവിതകളും ചൂഷികരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും വീരഗാദകളടങ്ങിയ കഥങ്ങളും നോവലുകളും*

സമ്പന്നമായ

**ഉറുദു - ഇന്ത്യൻ സാഹിത്യത്തിന് സംസ്കാരത്തിനും മുതൽക്കൂട്ടാണ്.**

*MUSTHAFA*
*URDU MASTER*

# പുഴ എന്നോട് പറഞ്ഞത്

പുഴയേ ജീവാംശമേ......
പുഴയെ ജീവാംശമേ ......
കരയുന്ന നാളിൽ പുൽകുന്നവീണയായ്
എന്നെ നീ സ്വാന്തനിപ്പിചില്ലേ...
എരിയുന്ന വെയിലിന്റെ കനലിൽ നീ
എന്നിൽ ദാഹജലം തന്നു തഴുകിയില്ലേ
താരങ്ങൾ മിന്നുന്ന നിശദമാം രാത്രിയിൽ
എന്നിൽ ആത്മവിശ്വാസം നീ പകർന്നു
എന്നുമീലോകത്ത് എന്നെപ്പോലുള്ള അനാ-
ഥർക്ക് സാന്ത്വനം നീ മാത്രമാണ്
പുഴയേ ജീവാംശമേ.....
പുഴയെ ജീവംശമേ ......
നിന്നെ നശിപ്പിച്ച മാനവരെയെല്ലാം
താങ്ങായി ദാഹമകറ്റി നീ.....
നിന്നെ ഉണക്കുന്ന എല്ലാവരിലും
നീ എത്രമേൽ സ്നേഹം ചൊരിയുന്നു
കരളിൽ പകയുമായ് കനലിന്റെ തീ ജ്വലമായെത്തുന്നു
ഞാൻ നിന്നോട് ചോദിക്കുകയാണ്
പുഴയെ...
എന്തിനു മലിനമാക്കും മനുഷ്യരെ
താങ്ങായി നിലനിൽക്കുന്നെ?
ഞാനാണ് നിങ്ങളുടെ സർവ്വവും
ഞാനാണ് മാതാവും
മാനവർ ചെയ്യുന്ന തെറ്റുകൾ പലതും ഞാൻ
പൊറുക്കുകയാണ് മകനെ....
എന്നാൽ സഹനത്തിനെതിരു

കടക്കുമ്പോൾ ഞാൻ തന്നെയെല്ലാം ഭസ്മമാക്കും

*THEJA LAKSHMI*
*VIII-D*

# ज़िन्दगी

*चिंता  न करो यही हे ज़िन्दगी*
*आज दुःख हे  तो कल सूख*
*आज सूख हे तो कल दुःख ।*
*बदलते रहते हे यहाँ सब*
*इस तन्हाई में तसल्ली  देने केलिए*
*सिर्फ तुम मेरे सामने हो*
*मौत यही हे सच ज़रूर यही हे सच*
*जानता हे तुमको यह*
*फिर भी मानने को तैयार नहीं तुम*
*यही हे सच  ।*

- के. पि. बिन्दु

# TURN TO ALLAH




When you have terrible day
you just want to scream,
just turn to Allah

When you're feeling so down,
that you have lost all hope,
just turn to Allah

When you're feeling betrayed
you just want to curse,
just turn to Allah

When you can't see a way out
of a terrible situation,
just turn to Allah

When you're feeling like
you don't have self esteem,
just turn to Allah

When you're feeling all OK and
the world is at your feet
just remember not to forget Allah,
you can't been certain
he will remember you!

HIBA MINHA

IX-D

# सूर्योदयं

*कल _कल शब्दे विहरति खग:*
*सुन्दर प्रभातस्य आस्म्बन।*
*दीपस्थंबे विभातादिपं स्फुरन्थि*
*प्रभातः सुरियस्य किरणेन ।।*

*चक्रवलस्य प्रकाशं दर्शय*
*पुलकित: प्रकाशेन भूमिधेवि ।*
*जीवजालस्य नृथI येन स्फुरन्थि।*
*कनकारुणा सुरिया सारथि ।।*

*मनोहर विभथपुष्पं दृश्यं*
*मम मनसा: नित्यं नन्धयेथि*
*मित्रस्य आगमने मम मन:*
*सन्थोषेण पुष्पाणि वर्षैति ।।*

*उधयथि सूर्य उतिष्ट बालक :*
*सूर्य नमस्कारं कुरुवन्थि ।*
*चन्द्र जचथि आयेति सूर्य*
*रजनी गत्वा असंभति विभातं*

*पत्मप्रिया टी एम*
*10-c*

# मूर्ख : शशक :

*कश्मिश्चितः आर्जयो त्रीणि शशक : वसति स्म । एक शशक : बुधिमानाह त्रेयो शशकः ओलसः च आसित बुधिमानाः शशकः के के अवलंबविष्यति चेत बुधिः उपयुचय स्वयं धैर्यशाली शशकः धैर्न्नि निर्भलेन निष्तान्ति । रक्षति अलस शशकः सर्व सन्दरभे अल्सेन निष्टर्न्ते । एकदा वने एकः व्याधः अजचन्ति । तत् अवगतं बुदिमानः शशकः व्यदस्यवर्थ श्रुथ्वतः शशकः तत् स्थालतः गछति । किन्तु अल्सातयेन केनापि न करतात व्यदस्य पुरतः एक थिष्तान्ति । वयदः अलसः शशकं भक्षयति । तत् कारनात आलमकं आलस्य उपेक्षेत । ।*

***अक्षरा , 9-C***

# കാട്ടുതീ

അതി സുന്ദരമായ കാട്....മഴക്ക് മഴ ,കാറ്റിന് കാറ്റ്,കുളിരിന് കുളിര്....ഒത്തൊരുമ ഉള്ള കാട്. മൃഗങ്ങൾ ആ കാടിനേയും ആശ്രയിച്ചുള്ള ഭക്ഷണവും കഴിച്ചു ജീവിക്കുന്നു.എല്ലാം കൊണ്ടും തികച്ചും സന്തോഷത്തോടുകൂടിയുള്ള കാട്. അങ്ങനെയിരികെ കാടിൽ ഒരു പറ്റം മനുഷ്യർ കയറികൂടി .ആദ്യം അവർ പ്രകൃതിയുമായി ഇണങ്ങിയായിരുന്നു ജിവിച്ചത്.പക്ഷേ പതിയെ പതിയെ അവരുടെ സ്വഭാവം മാറി വന്നു.അവർ കാടിനെ നശിപ്പിച്ചു തുടങ്ങി. അവർ കാടിലെ സ്രോതസുകൾ നശിപ്പിച്ച് തുടങ്ങി. പാറ പൊട്ടിച്ച് സ്വർണ്ണ കട്ടികൾ എടുത്തു.ഇത് കാടിനും അവിടുത്തെ മൃഗങ്ങൾക്കും വല്ലാതെ ദോഷം ചെയ്തു.പതിയെ കാട് മോശമായ അവസ്ഥയില്ലേക്ക് എത്തി. കാലാവസ്ഥ മാറി തുടങ്ങി,മൃഗങ്ങൾ ചത്തു പോന്നു. ഈ ക്രൂരത അധികം വൈകാതെ കാട് വരണ്ട ഭൂമിയായി മാറി.അങ്ങനെയിരിക്കെ ഒരുനാൾ ഒരു ഭയങ്കരമായ തീ കാടിനെ നശിപ്പിച്ചു. അവിടെയുള്ള മൃഗങ്ങളേയും, മനുഷ്യരേയും ഒന്നാകെ ചുട്ടുപൊള്ളിച്ചു. ഈ കൊടും ക്രൂരത മറ്റു മനുഷ്യരെ ഒരു വലിയ പാഠം പഠിപ്പിച്ചു .

ARCHANA.K

**9th D**

# സന്ധ്യ

വെയിൽ ചായുന്ന ,സന്ധ്യ വരുന്ന
പുലരി യാത്രയായി .....
വാനിലെ കുങ്കുമ പൊട്ടു മാഞ്ഞു
വാനം കൺമഷി വരഞ്ഞു തുടങ്ങി....

വാനം മെല്ലെ ചായുന്ന
പൂക്കളെലാം വാടുന്നു....
പക്ഷികളെ നീ പോകുന്നു
ചെടികളെ നീ മയങ്ങുന്നു....

സന്ധ്യ തൻ ദീപങ്ങൾ തെളിയുന്ന
കാർമുകിൽ മേഘം തെളിയുന്ന....
സന്ധ്യ തൻ വരവറിയുന്ന
ഹാ... സന്ധ്യയെ നീ... ഒരു മനോഹരി....

ANANYA MANOJ
*9th-D*

# നിഴൽ.....



പിന്നാമ്പുറങ്ങളിൽപ്പമ്മിയിരിക്കാതെ,
പിൻവിളിനാടയിൽക്കാലുടക്കീടാതെ,
പിഞ്ഞാണക്കിണ്ണത്തിലൊറ്റക്കുണങ്ങുന്ന
പട്ടിണിവറ്റാൽ പശിയകറ്റീടാതെ ,
പാത്രക്കലമ്പലിൽ,പ്പാട്ടുമറക്കാതെ ,
പാച്ചിലിനിടയിലും പിച്ചയെടുക്കാതെ ,
പിച്ചനടന്നിട്ടും പിഞ്ചോമനക്കുമേൽ -
'പ്പണ്ടി'ൻ- കിനാച്ചുമടേറ്റി മടങ്ങാതെ
പിന്നെയും പാതകൾ താണ്ടിക്കുതിക്കുന്ന
പെണ്ണിനെക്കണ്ടുപകച്ചൊരാൾ ചൊല്ലുന്നു ;
"പേടിക്കണം , പേടിയില്ലാത്തൊരുത്തിക്കു-
പിന്നിലുണ്ടാമൊരു 'വില്ലന'ത്രേ !"

- ഐന ബ്രിൻഡ
ബൈജു

# <u>സ്കൂൾ പ്രവർത്തനങ്ങൾ</u>



*SCHOOL SMART CLASS ROOM*



*SCHOOL RE-OPENING*



# HIGH-TEC CLASS ROOM

# SCIENCE LAB






# GIRLS FRIENDLY TOILET



AUDITORIUM MODIFICATION




STUDY CAMP



# *ACADEMIC MASTER PLAN*





# *ANNUAL SPORTS MEET*



പ്രതിഭയോടൊപ്പം



*OPPANA TEAM*


കലോത്സവം
• ഓട്ടൻതുള്ളൽ -സംസ്ഥാനതലം -ഒന്നാം
സ്ഥാനം -3വർഷം തുടർച്ചയായി
വിഷ്ണുപ്രിയ

# MATHS QUIZ QUESTIONS









# BRAIN TEASER

$$x^2 + \frac{b}{a}x + \left(\frac{b}{2a}\right)^2 = -\frac{c}{a} + \left(\frac{b}{2a}\right)^2$$

$$\left(x + \frac{b}{2a}\right)^2 = -\frac{c}{a} + \frac{b^2}{4a^2}$$

$$\left(x + \frac{b}{2a}\right)^2 = \frac{b^2 - 4ac}{4a^2} .$$

$$\left(x = \frac{-b \pm \sqrt{(b^2 - 4ac)}}{2a}\right)$$

$$y = x^2$$

$$y = 2x^2 + 3x + 1$$

$$y = 4x^2 + 4$$

$$y - 3x^2 = x - 6$$


TEACHERS ROOM

# നന്ദി

***‘CREATIVE SPARK’*** എന്ന ഈ മാഗസിൻ ഞങ്ങളുടെ സ്കൂളിൽ തന്നെ ഒരു നൂതന ആശയമാണ് . ഇത് തയാറാക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുകയും ഊർജം പകരുകയും ചെയ്ത ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സമാരായ സ്മിത ടീച്ചർക്കും ഷേർലി ടീച്ചർക്കും സ്കൂൾ ഐ.ടി കോർഡിനേറ്റർ വിഭൂതി മാസ്റ്റർക്കും ഞങ്ങൾ ആദ്യമേ നന്ദി പറയുന്നു .

ഒഴിവ് ദിനങ്ങളിലും സ്കൂൾ ഇടവേളകളിൽ പോലും മാഗസിനു വേണ്ടി പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മറ്റ് വിദ്യാർത്ഥികൾക്കും നന്ദി പറയുന്നു .

ഈ മാഗസിന് വേണ്ട സഹായങ്ങൾ ചെയ്തു തന്ന ഞങ്ങളുടെ ഹെഡ് മിസ് ട്രസ്സിനും മാഗസിനിലേക്ക് രചനകൾ സംഭാവന ചെയ്ത എല്ലാ അധ്യാപകർക്കും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മറ്റെല്ലാവർക്കും ലിറ്റിൽ കൈറ്റ്സിന്റെ പേരിലും സ്കൂളിന്റെ പേരിലും ഞങ്ങൾ നന്ദി രേഖപെടുത്തുന്നു .....